KILA
004199

ജനകീയാസൂത്രണ പ്രസ്ഥാനം

ഗ്രാമപഞ്ചായത്ത്
വികസന രേഖകൾ


വാല്യം 10

ബ്ലോക്ക് : കിളിമാനൂർ

ജില്ല : തിരുവനന്തപുരം

ഒൻപതാംപദ്ധതി ജനകീയപദ്ധതി
പുളിമാത്ത് ഗ്രാമപഞ്ചായത്ത്


വികസനരേഖ




1996 ഡിസംബർ 16ന് ചേർന്ന പുളിമാത്ത് ഗ്രാമപഞ്ചായത്ത്
കമ്മിറ്റി വായിച്ചംഗീകരിച്ച സമഗ്ര വികസനരേഖ




ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്



മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. ശങ്കരനാരായണൻ പോറ്റി



ശ്രീ. എൻ. രവീന്ദ്രൻ നായർ



വി.ഭാനുമതി



ശ്രീ. ബി. പി. മുരളി

പുളിമാത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



എ. സരോജിനി അമ്മ
പ്രസിഡന്റ്



എസ്. ശ്രീന



കെ. ശിവപ്രസാദ്
വൈസ് പ്രസിഡൻറ്



ഡി. സത്യൻ



ആർ. അനിൽകുമാർ



എസ്. പ്രീത



വി. വിജയകുമാർ



എൻ. അപ്പുക്കുട്ടൻ നായർ



പി. സുബൈദ



എസ്. സത്യശീലൻ



വി. പ്രസന്നകുമാരി

ഉള്ളടക്കം

1. ആമുഖം
2. ചരിത്രപശ്ചാത്തലം
3. ഭൂപ്രകൃതി
4. ഇന്നലെയുടെ നേട്ടങ്ങളും ഇന്നിന്റെ വെല്ലുവിളികളും
5. വികസനമേഖലകൾ
5.1. കൃഷിയും ജലസേചനവും
5.2. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം
5.3. വിദ്യാഭ്യാസം
5.4 സംസ്ക്കാരം, കായികരംഗം
5.5. വ്യവസായം
5.6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5.7. പൊതുജനാരോഗ്യവും കുടിവെള്ളവും
5.8. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം, പൊതുവിതരണം
5.9. വനിതാക്ഷേമം
5.10. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
5.11. വനം, വിനോദസഞ്ചാരം
5.12. സഹകരണമേഖല
5.13. വിഭവസമാഹരണം
6. ഉപസംഹാരം

ആമുഖം

ഇന്ത്യാ രാജ്യത്തിന്റെ, പ്രത്യേകിച്ചും കേരള സംസ്ഥാനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ഒരു വിസ്ഫോടനം സൃഷ്ടിച്ചുകൊണ്ടുള്ള ഒരു പുതിയ സംരഭത്തിന് നമ്മുടെ സംസ്ഥാനം തുടക്കം കുറിച്ചിരിയ്ക്കുകയാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം രാജ്യത്ത് ആസൂത്രിതമായ സാമ്പത്തിക മുന്നേറ്റം കൈവരിയ്ക്കുക എന്നുള്ള ലക്ഷ്യം കൈവരിയ്ക്കുന്നതിനായി എട്ടു പഞ്ചവത്സര പദ്ധതികൾ നമ്മുടെ രാജ്യത്ത് നടപ്പാക്കിയെങ്കിലും, വികസന പരിപാടികളുടെ വിവിധ ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടാനോ പദ്ധതികളുടെ കാര്യക്ഷമമായ നേട്ടം അർഹിയ്ക്കുന്നതരത്തിൽ അനുഭവിയ്ക്കാനോ നാളിതുവരെയും നമ്മുടെ പ്രദേശങ്ങളിലെ ജനസാമാന്യത്തിന് സാധിച്ചിട്ടില്ല. എന്നാൽ ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ഉദ്ദേശ അടങ്കലിന്റെ 35-40% തുകയ്ക്കു വരുന്ന വികസനപരിപാടികൾ. അർഹിയ്ക്കുന്ന ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുക എന്നതാണ് ജനകീയ ആസൂത്രണപ്രക്രിയയുടെ പരമമായ ലക്ഷ്യം. ഒരുപിടി ഉന്നത ഉദ്യോഗസ്ഥന്മാരും, കുറച്ച് ജനപ്രതിനിധികളും കൂടി സംസ്ഥാനത്തിന് മുഴുവൻ ബാധകമാകത്തക്കവണ്ണം നാളിതുവരെ പദ്ധതികൾ നടപ്പിലാക്കിയിരുന്ന, പരമ്പരാഗത സംവിധാനം അവസാനിയ്ക്കാൻ പോകുന്നു എന്നുള്ളത് വികസനകാര്യങ്ങളെ ഉറ്റുനോക്കുന്നവർക്ക് ആവേശം പകരുന്നു. ഇപ്രകാരം ഗ്രാമവിഷയങ്ങൾ നേരിട്ട് അറിയാവുന്ന തദ്ദേശവാസികൾക്ക് പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കാനും ഇടപെടാനും അവസരം ഉണ്ടാകുമ്പോൾ ജനപങ്കാളിത്തം വർദ്ധിയ്ക്കുകയും, വികസന പ്രവർത്തനങ്ങളോട് സാധാരണക്കാർക്ക് വ്യാപകമായി നിലനിൽക്കുന്ന സംശയങ്ങൾ മാറിക്കിട്ടുകയും, ഒരു സുതാര്യമായ വികസന സംസ്കാരം രൂപ്പെടുകയും ചെയ്യും എന്നതിൽ തർക്കമില്ല. ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതി പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി വർദ്ധിച്ച തോതിലുള്ള അധികാരങ്ങൾക്കൂടി ലഭിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ, പുതിയ ജനകീയ പദ്ധതിയ്ക്ക് പ്രതിസന്ധികളെ അതിജീവിച്ച് ഉയർന്നു മുന്നേറാൻ കഴിയും.

ഇതിന്റെ ഭാഗമായി പൂളിമാത്ത് ഗ്രാമപഞ്ചായത്തിലെ പരിപാടികളുടെ തുടക്കം വളരെ ആവേശത്തോടെയായിരുന്നു. കിളിമാനൂരിൽ വച്ച് നടന്ന, ഒന്നാംഘട്ട ജില്ലാപരിശീലന കളരിയിൽ പഞ്ചായത്തിൽനിന്നു 12 പേർ പങ്കെടുത്തു. അതിനുശേഷം പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിൽ നടന്ന പ്രാദേശിക പരിശീലനത്തിൽ 90 പേർ വിവിധവാർഡുകളെ പ്രതിനിധീകരിച്ച് പങ്കെടുക്കുയുണ്ടായി. അതിനുശേഷം പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. വിവിധഗ്രാമസഭകളിലായി മൂവായിരത്തിലധികം ആളുകൾ പങ്കെടുക്കുകയുണ്ടായി. സ്ത്രീകളുടെയും, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും സജീവമായ പങ്കാളിത്തം ഗ്രാമസഭകളിൽ വളരെ ശ്രദ്ധേയമായിരുന്നു. മുൻകാലഗ്രാമസഭകളിൽ നിന്നും വ്യത്യസ്തമായി ഓരോരുത്തരുടെയും വ്യക്തിപരമായ ആവശ്യങ്ങൾ മാറ്റിനിർത്തി, പുതിയപദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി, വിവിധ വികസനതുറകളെപ്പറ്റി പ്രത്യേകിച്ചും കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, കുടിവെള്ളം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, സാമൂഹികക്ഷേമം, വനിതസഹകരണസംഘം, പട്ടികജാതി-പട്ടികവർഗ്ഗം തുടങ്ങിയവയെപ്പറ്റി ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ നടത്തുകയും, ഈ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് വിഭവസമാഹരണം എങ്ങിനെ കണ്ടെത്താം എന്നതിനെപ്പറ്റി വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. അതിനുശേഷം രണ്ടാംഘട്ടജില്ലാ പരിശീലനവും പ്രാദേശിക പരിശീലനവും നടക്കുകയുണ്ടായി. പിന്നീടുള്ള ദിവസങ്ങളിൽ പഞ്ചായത്ത് ആസൂത്രണസമിതിയുടെ വിദഗ്ധ സംഘം ഇടയ്ക്കിടെ സമ്മേളിയ്ക്കുകയും, വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രാഥമിക സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചതിലുപരി പഞ്ചായത്ത് പരിധിയിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെയും, ബന്ധപ്പെട്ടവരെയും വിളിച്ച് വരുത്തി ആവശ്യമായ വിവരങ്ങൾ ശേഖരിയ്ക്കുകയുമുണ്ടായി. തുടർന്ന് പഞ്ചായത്തിലെ സ്ഥല വിഭവങ്ങളെപ്പറ്റി നേരിട്ട് മനസ്സിലാക്കാൻ ഒരു വികസന പഠനയാത്ര സംഘടിപ്പിയ്ക്കുകയുമുണ്ടായി. പഠനപര്യടനം ഒരു വൻവിജയമായിരുന്നു. ഇപ്രകാരം നടത്തപ്പെട്ട സംഘടിതപ്രവർത്തനം ഒരു സമഗ്രമായ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായകമായി. ഈ റിപ്പോർട്ടിന്റെ പൂർത്തികരണത്തിനായി നിരന്തരമായി രാപ്പകൽ പ്രവർത്തിച്ച വിദഗ്ദ്ധരും പ്രവർത്തകരുമുണ്ട്. ഇപ്രകാരം വിദഗ്ദ്ധ സമിതി രൂപം കൊടുത്ത ഒരു പഞ്ചായത്ത് വികസന റിപ്പോർട്ടാണ് ചുവടെ ചേർക്കുന്നത്. ചരി

ത്ര യാഥാർത്ഥ്യങ്ങളുടെ സമഗ്രമായ ഈ വികസന രേഖ വരും കാലങ്ങളിലെ വെല്ലുവിളികളെ അതിജീവിയ്ക്കാനും, മാറ്റത്തിന്റെ പുത്തൻ വികസന സംസ്കാരം ശക്തിപ്പെടാനും അതുവഴി ജനമനസ്സുകളുടെ അംഗീകാരം നേടിയെടുക്കാനും ഉപരിക്കുമെന്നതിൽ തർക്കമില്ല.

പഞ്ചായത്ത് - പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	പുളിമാത്ത്
വാർഡുകളുടെ എണ്ണം	-	11
പഞ്ചായത്തിലെ പ്രധാന വില്ലേജുകൾ	-	1) പുളിമാത്ത് 2) കൊടുവഴന്നൂർ
ബ്ലോക്ക് ഡിവിഷൻ	-	1) പുളിമാത്ത് 2) പൊരുന്തമൺ
താലൂക്ക് - ചിറയിൻകീഴ്		
അസംബ്ലി മണ്ഡലം	-	കിളിമാനൂർ
വിസ്തീർണ്ണം	-	26.93 Sq. K.
ജനസംഖ്യ	-	27,733 (പുരു 13195, സ്ത്രീ 14538)
ജനസാന്ദ്രത	-	1029.82
പ്രസിഡന്റിന്റെപേര്	-	A. സരോജിനിയമ്മ
വൈസ്പ്രസിഡന്റിന്റെ പേര്	-	കെ. ശിവപ്രസാദ്
സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	-	സുബൈദ. പി

അതിരുകൾ

വടക്ക്	-	കിളിമാനൂർ, പഴയകുന്നുമ്മൽ കടക്കൽ ഗ്രാമപഞ്ചായത്തുകൾ
കിഴക്ക്	-	കല്ലറ, വാമനപുരം ഗ്രാമപഞ്ചായത്തുകൾ
തെക്ക്	-	വാമനാപുരം നദി
പടിഞ്ഞാറ്	-	നഗരൂർ പഞ്ചായത്ത്
സാക്ഷരതാ നിലവാരം	-	നൂറ് ശതമാനം

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്ഥാപനങ്ങൾ

1) ഗ്രാമപഞ്ചായത്ത് ഓഫീസ്
2) വില്ലേജ് ഓഫീസുകൾ - 1) പുളിമാത്ത് 2) കൊടുവഴന്നൂർ
3) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് - 1. പുളിമാത്ത് 2) കൊടുവഴന്നൂർ
4) മാതൃശിശുസംരക്ഷണ ഉപകേന്ദ്രങ്ങൾ (പുളിമാത്ത്, കൊടുവഴന്നൂർ, മഞ്ഞപ്പാറ, അരിവാമിക്കുഴി)
5) മൃഗാശുപത്രി - കൊടുവഴന്നൂർ
സബ്സെന്ററുകൾ - പൊരുന്തമൺ, നെല്ലിടപ്പാറ
6) പോസ്റ്റാഫീസുകൾ - പുളിമാത്ത്, കൊടുവഴന്നൂർ, പുല്ലയിൽ, കാട്ടുംപുറം.
7) കൃഷിഭവൻ - കാരേറ്റ്
8) അസി: കൃഷി ഡയറക്ടർ ഓഫീസ് - കാരേറ്റ്
9) ആയുർവേദ ആശുപത്രി - കാരേറ്റ്
10) ഹോമിയോ ആശുപത്രി - പൊരുന്തമൺ
11) പ്രൈമറി ഹെൽത്ത് സെന്റർ - കാട്ടുംപുറം
12) ഗോ സംവർദ്ധന ഉപകേന്ദ്രം - നെല്ലിടപ്പാറ
13) ഇലക്ട്രിക്കൽ സബ് എൻജിനീയർ ഓഫീസ് - കാരേറ്റ്
14) സോയിൽ കൺസർവേഷൻ ഓഫീസ് - പൊരുന്തമൺ
15) ഗവ: H.S. കൊടുവഴന്നൂർ
16) ഗവ: L.P.S. പുല്ലയിൽ
17) ഗവ: LPS പേടികുളം
18) ഗവ: LPS കുറ്റിമൂട്
19) ഗവ: LPS പുളിമാത്ത്
20) മഞ്ഞപ്പാറ പഞ്ചായത്ത് UPS

പഞ്ചായത്തിന്റെ മുൻ ഭരണസാരഥികൾ

ആദ്യത്തെ സമിതി
പ്രസിഡന്റ് - 1953-ൽ നിലവിൽവന്നു.
പ്രസിഡന്റ് - ശ്രീ. ശങ്കരനാരായണൻ പോറ്റി കെ.
രണ്ടാം ഭരണ സമിതി
പ്രസിഡന്റ് - ശ്രീ. എൻ. രവീന്ദ്രൻനായർ
മൂന്നാം ഭരണസമിതി
പ്രസിഡന്റ് - ശ്രീമതി വി. ഭാനുമതി
നാലാം ഭരണസമിതി
പ്രസിഡന്റ് - ശ്രീ. ബി. പി. മുരളി

പുളിമാത്ത് പഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതി

പ്രസിഡന്റ്	-	ശ്രീമതി എ. സരോജിനിയമ്മ (അരിവാമിക്കുഴി വാർഡ് XI)
വൈസ് പ്രസിഡന്റ്	-	ശ്രീ. കെ. ശിവപ്രസാദ് (പുല്ലയിൽ വാർഡ് III)
സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	-	ശ്രീമതി സുബൈദ പി (മഞ്ഞപ്പാറ വാർഡ് VIII)
മെമ്പർമാർ	-	ശ്രീന. എസ്. (എരുത്തിനാട് വാർഡ് I)
		ശ്രീ. അനിൽകുമാർ ആർ. (കൊടുവഴന്നൂർ വാർഡ് II)
		പ്രീത എസ് (പൊരുന്തമൺ വാർഡ് IV)
		ശ്രീ. വിജയകുമാർ വി (പുളിമാത്ത് വാർഡ് V)
		ശ്രീ. സത്യൻ ഡി (പ്ലാവോട് വാർഡ് VI)
		ശ്രീ. അപ്പുകുട്ടൻ നായർ എൻ (കാരേറ്റ് വാർഡ് VII)
		ശ്രീ. സത്യശീലൻ എസ് (താളിക്കുഴി വാർഡ് IX)
		ശ്രീമതി (പ്രസന്നകുമാരി (കൊല്ലുവിളവാർഡ് X)
പഞ്ചായത്ത് സെക്രട്ടറി	-	എസ്. ലളിതകുമാരി

പുളിമാത്ത് പഞ്ചായത്ത് ഉൾപ്പെട്ട ജനപ്രതിനിധികൾ

എം. പി.	-	ചിറയിൻകീഴ് - ശ്രീ എ സമ്പത്ത്
എം.എൽ.എ കിളിമാനൂർ	-	ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ
ജില്ലാപഞ്ചായത്ത് മെമ്പർ	-	ശ്രീമതി സുമംഗല
ബ്ലോക്പഞ്ചായത്ത് പ്രസിഡന്റ്	-	ശ്രീമതി അനിതകുമാരി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	-	ശ്രീമതി ശാന്തകുമാരി

ചരിത്രപശ്ചാത്തലം

കേരളത്തിന്റെ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തുനിന്നും ഏകദേശം 34 കിലോമീറ്റർ വടക്ക്മാറി സ്ഥിതിചെയ്യുന്ന പുളിമാത്ത് ഗ്രാമപഞ്ചായത്തിന് അതിപുരാതനമായ ഒരു ചരിത്രപശ്ചാത്തലമുണ്ട്. ജില്ലയിലെ പ്രസിദ്ധമായ വാമനപുരം നദിയുടെയും കിളിമാനൂർ ചിറ്റാർനദിയുടെയും വിശാലമായ സമതലങ്ങളിൽ രൂപംകൊണ്ട് കാലഘട്ടങ്ങളിലൂടെ വികസിച്ച് വളർന്ന പുളിമാത്ത് പഞ്ചായത്തിന്, നൂറ്റാണ്ടുകളുടെ അവിസ്മരണീയമായ ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടുണ്ട്. പിറന്നുവീണ നാടിന്റെ മോചനത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളുടെ കർമ്മപഥങ്ങളിലേക്ക് വളരെക്കൂടുതൽ ദേശസ്നേഹികളെ സംഭാവന ചെയ്ത പ്രദേശമാണ് പുളിമാത്ത്.

അതുപോലെ, ശ്രീനാരായണഗുരുദേവന്റെയു, ചട്ടമ്പിസ്വാമികളുടെയും, അബ്ദുൾഖാദർ മൗലവിയുടെയും സ്വാധീനത്താൽ സാമൂഹ്യപുരോഗതിക്ക് തടസ്സമായി സമൂഹത്തിൽ നിലനിന്നിരുന്ന ജാതി–മതചിന്തകൾക്കും മറ്റ് അനാചാരങ്ങൾക്കുമെതിരെ പോരാടുന്നതിനും ഒട്ടനവധിപേരെ സംഭാവന ചെയ്തിട്ടുണ്ട്.

ഇപ്രകാരം ദേശീയപ്രസ്ഥാനത്തിന്റെ ആവേശത്താൽ നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും സ്വേച്ഛാധിപത്യ ദിവാൻ വാഴ്ചക്കുമെതിരായും പോരാടിയ ദേശസ്നേഹികളും അവരുടെ ത്രസിപ്പിക്കുന്ന മാതൃകകളും ഇന്നും ജനമനസുകൾക്ക് ആവേശം നൽകുന്നു.

ഇതൊക്കെ യാണെങ്കിലും കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിലനിന്നിരുന്ന സാമൂഹ്യപശ്ചാത്തലം തന്നെയായിരുന്നു പുളിമാത്തിന്റേയും. നാടുവാഴി–ഭൂപ്രഭുക്കന്മാരുടെ നിയന്ത്രണവും, ജാതിമതചിന്തകളെ അധികരിച്ചുള്ള ഭരണനിയന്ത്രണവാഴ്ചയും ഇവിടെ നിലനിന്നിരുന്നു. ഭൂമിയുടെ ബഹുഭൂരിപക്ഷവും സവർണ്ണഹിന്ദുക്കളുടെ കൈവശമായിരുന്നു. എന്നാൽ പിൽക്കാലത്തുണ്ടായ പുതിയ നിയമങ്ങളും, വ്യവസ്ഥിതിയിലുണ്ടായ അടിസ്ഥാനമാറ്റങ്ങളുമെല്ലാം, ഭൂ–ഉടമാബന്ധങ്ങളിലും, കൈവശരീതിയിലും മാറ്റങ്ങൾ വരുത്തിത്തീർത്തു.

രാജവാഴ്ചയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു, വാമനപുരം, കിളിമാനൂർ ദേശങ്ങളുടെ സമീപത്തായി നിലകൊണ്ടിരുന്ന, ഇന്നത്തെ പുളിമാത്ത് പഞ്ചായത്തിന്, അതിന്റെ പേര് എങ്ങനെ കിട്ടി എന്നതിനെപ്പറ്റി പഴമക്കാരുടെയിടയിലും ഒരു തർക്കവിഷയമാണ്. ഇതിൽ ഏറ്റവും പ്രധാനമായ വാദഗതി കൊടുംവനപ്രദേശങ്ങളായിരുന്ന പുളിമാത്ത് പഞ്ചായത്ത്, വന്യജീവികളുടെ പ്രത്യേകിച്ചും, കാട്ടുപുലികളുടെ നിരന്തരമായ ശല്യം ഉണ്ടായിരുന്നു എന്നും, ഇവയുടെ ശല്യം സഹിക്കവയ്യാതായപ്പോൾ കരക്കാർ, ദേവീപൂജകൾ നടത്തുകയും, അതിനെത്തുടർന്ന് ദിവ്യശക്തിയുള്ള തേജസ്വിയായ ഒരു സ്ത്രീരൂപം പുലിപ്പുറത്തു പ്രത്യക്ഷപ്പെട്ടു എന്നും, അപ്പോൾ കരക്കാർ പ്രസ്തുത സ്ത്രീസങ്കല്പത്തെ ഇഷ്ട ആരാധനാമൂർത്തിയായി സങ്കല്പിച്ച് ഇന്നു ക്ഷേത്രം ഇരിക്കുന്ന സ്ഥലത്ത് പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മക്കായിട്ട് പുലിയുടെ പുറത്തുകയറി വന്ന് തങ്ങളെ രക്ഷിച്ച മാതാവ് എന്ന അർത്ഥത്തിൽ പുലിമാതാവ് പുളിമാത്ത് ആയി രൂപം കൊണ്ടതായി കണക്കാക്കപ്പെടുന്നു. പുലിമാതാവ്, ഇംഗ്ലീഷുകാർ പുളിമാത്ത് എന്ന് വിളിക്കുകയും ചെയ്തതായും പറയപ്പെടുന്നു.

മറ്റൊരു പ്രബലമായ വാദഗതിയും പുളിമാത്തിന്റെ സ്ഥലനാമത്തെപ്പറ്റി ഉണ്ട്. കൊടുംകാട് നിലനിന്നിരുന്ന കാലംതൊട്ടേ വളരെക്കൂടുതൽ പുളിമരങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉണ്ടായിരുന്നു എന്നും അതിന്റെ അടിസ്ഥാനത്തിൽ പുളിമാത്ത് എന്ന സ്ഥലനാമം ശക്തിപ്പെട്ടതായും പറയുന്നുണ്ട്.

പുളിമാത്ത് – കൊടുവഴന്നൂർ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന പഞ്ചായത്തിന് 26,93 sq. km. ഭൂവിസ്തൃതിയുണ്ട്. പുളിമാത്ത് പഞ്ചായത്ത് രൂപം കൊണ്ടതിനുശേഷം ഭരണപരമായ അതിരുകളിൽ കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. 1991 സെൻസസ് റിപ്പോർട്ട് അനുസരിച്ച് ആകെ ജനസംഖ്യ 27733 ആണ്. വടക്ക് കിളിമാനൂർ, പഴയകുന്നുമ്മേൽ, കടയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും, കിഴക്ക് കല്ലറ, വാമനപുരം ഗ്രാമപഞ്ചായത്തുകളും, തെക്ക് – വാമനപുരംനദിയും പടിഞ്ഞാറ് നഗരൂർ ഗ്രാമപഞ്ചായത്തും പ്രധാന അതിരുകൾ ആണ്.

തിരുവിതാംകൂർ പ്രദേശത്ത് ജനാതിപത്യരീതിയിൽ ആദ്യമായി പഞ്ചായത്തു തെരഞ്ഞെടുപ്പ്

നടന്നത് 1953-ൽ ആണ്. ശ്രീമാൻ കെ. ശങ്കരനാരായണൻപോറ്റിയുടെ നേതൃത്വത്തിലുള്ള ആദ്യ കമ്മ്യൂണിസ്റ്റ് ഭരണസമിതിയാണ് പഞ്ചായത്തിന്റെ ആദ്യത്തെ ജനകീയസമിതി. ആദ്യപഞ്ചായത്ത് ഭരണസമിതി രൂപംകൊണ്ട സമയത്ത് ഏഴ് വാർഡുകളും പിന്നീട് പത്തു വാർഡുകളും ഇപ്പോൾ പതിനൊന്ന് വാർഡുകളുമായി നിലനിൽക്കുന്നു.

രണ്ടാം ഭരണസമിതി നിലവിൽവന്നപ്പോൾ ശ്രീ. എൻ. രവീന്ദ്രൻനായർ, പ്രസിഡന്റായി. അതിനുശേഷം പ്രസിഡന്റായ ശ്രീമതി വി. ഭാനുമതി പഞ്ചായത്തിലെ ആദ്യവനിതാപ്രസിഡന്റ് ആയിരുന്നു. അഞ്ചുവർഷം ഭരണകാലാവധി പൂർത്തീകരിച്ച ഈ പഞ്ചായത്ത് സമിതിക്കുശേഷം ഉദ്യോഗസ്ഥഭരണം നിലവിൽവന്നു. തുടർന്നുനടന്ന തെരഞ്ഞെടുപ്പിൽ പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽ വരികയും ശ്രീ. ബി. പി. മുരളീധരൻനായർ, പ്രസിഡന്റായി സ്ഥാനമേൽക്കുകയും ചെയ്തു. ഈ ഭരണസമിതി കാലാവധി പൂർത്തീകരിച്ച സമയത്താണ് പുതിയ പഞ്ചായത്തീരാജ് സംവിധാനമനുസരിച്ച് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും തിരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ശ്രീമതി. എ. സരോജിനിയമ്മ പ്രസിഡന്റായുള്ള പഞ്ചായത്ത് സമിതി നിലവിൽ വരികയും ഈ സമിതി പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരികയും ചെയ്യുന്നു.

തുടർന്ന് കൂടുതൽ ജനാധിപത്യ അടിത്തറ ശക്തിപ്പെടുകയും രാഷ്ട്രീയ അടിത്തറ പഞ്ചായത്തിൽ വികസിക്കുകയും ചെയ്തു. ആദ്യ ജനകീയഭരണസമിതിക്കുശേഷം പഞ്ചായത്ത് ഭരണം ഇതുവരെ തുടർച്ചയായി കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലായിരുന്നു.

ആദ്യജനകീയ ഭരണസമിതി 1953-ൽ നിലവിൽവരുന്ന സമയത്ത് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം ഇല്ലായിരുന്നു. അന്ന് പുളിമാത്ത് ജംഗ്ഷനിൽ ഒരു വാടകകെട്ടിടത്തിലാണ് പഞ്ചായത്ത് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ കാരേറ്റ് ഗവ. ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ് പിന്നീട് പഞ്ചായത്ത് പ്രവർത്തിച്ചത്. 1981-ൽ പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ച് കാരേറ്റ് കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചുതുടങ്ങി.

ആദ്യപഞ്ചായത്ത് സമിതി നിലവിൽവന്നതിനുശേഷം ഇങ്ങോട്ടുള്ള ചരിത്രം പരിശോധിച്ചാൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സമൂലമായ പുരോഗതി കൈവരികാനായിട്ടുണ്ട്. പ്രത്യേകിച്ചും കാർഷികവ്യവസായമേഖലകളിൽ സമൂലപുരോഗതി കൈവരിച്ചതുപോലെ പുതിയ ഒട്ടനവധി സ്ഥാപനങ്ങളുടെ രൂപീകരണത്തിനും സഹായകമായി.

നമ്മുടെ പഞ്ചായത്തിന്റെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ചരിത്രപശ്ചാത്തലം ലഘുവായി പ്രതിപാദിക്കുന്ന ഈ വേളയിൽ നമ്മുടെ പഞ്ചായത്തിലെ മഹദ്‌വ്യക്തികൾ, രാഷ്ട്രീയ സാമൂഹ്യമേഖലകളിൽ പ്രവർത്തിക്കുന്നവർ, വിവിധ മേഖലകളിലെ പ്രതിഭകൾ, എന്നിവരുടെ പ്രവർത്തനമേഖലകളുമെല്ലാം വിനയത്തോടെ സ്മരിക്കുന്നു.

ഭൂപ്രകൃതി

ആവലംബം

വിഭവഭൂപടം, റവന്യൂരേഖകൾ, കൃഷി ഭവൻ രേഖകൾ, പഠനപര്യടനം

ഭൂപ്രകൃതി അനുസരിച്ച് പുളിമാത്ത് ഗ്രാമപഞ്ചായത്തിനെ മുഖ്യമായി അഞ്ച് മേഖലകളായി തിരിക്കാം.

1) കുന്നുകളും മലകളും
2) ചരുവ് പ്രദേശം
3) താഴ്വര
4) സമതലം
5) ചതുപ്പുനിലം

ഇവയിൽ ഓരോന്നിന്റെയും വിസ്തൃതി ചുവടെ ചേർക്കുന്നു.

ഇനം		വിസ്തീർണ്ണം (ഹെക്ടർ)	%
1	കുന്നുകളും മലകളും	219.40	8.21
2	ചരിവ് പ്രദേശം	601.03	22.5
3	താഴ്വര	400.00	14.98
4	സമതലം	1225.84	45.89
5	ചതുപ്പ്	5.45	0.21

1. കുന്നുകളും മലകളും

മൊത്തം ഭൂവിസ്തൃതിയിൽ 219.48 hectre (8.21%) നാലാം വാർഡിലെ കടവറകുന്ന്, പാലകുന്ന്. മേൽ പൊരുന്തമൺകുന്ന് ഇവ 28.65 hectre ഭൂവിസ്തൃതി ഉണ്ട്. 5-ാം വാർഡിലെ പാറമുകൾ കുന്ന് ഏകദേശം 6.55 ഹെക്ടർ ഭൂവിസ്തൃതിയും 6-ാം വാർഡിലെ ഭൂതത്താൻ കുന്ന് 0.55 ഹെക്ടറും 7-ാം വാർഡിലെ ഒഴുകുപാറ, തെങ്ങിൻ കോണം, മഹാദേവ കുന്നുകൾ 34.65 ഹെക്ടറും 8-ാം വാർഡിലെ വാലുപച്ച, വേടർകുന്ന്, കലദിപ്പച്ച, മലച്ചിറ, കരിയാകുഴി ആയിരവില്ലികുന്ന്, ആശാരിക്കവലക്കുന്ന് എന്നിവയിലായി 88.32 ഹെക്ടറും 9-ാം വാർഡിലെ കടലുകാണികുന്ന് 11.55 ഹെക്ടറും 10-ാം വാർഡിലെ വാവുപ്പാറ, പുത്തൻകട, നെടുമ്പാറകുന്നുകൾ ഉൾപ്പെട്ട 30.65 ഹെക്ടറും 11-ാം വാർഡിലെ കല്ലിടുക്ക് പ്ലാങ്കീഴ് ഇവ ഉൾപ്പെട്ട 8.54 ഹെക്ടറും ഉൾപ്പെടുന്നു.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കടലുകാണി എന്ന സ്ഥലമാണ് ഏറ്റവും ഉയർന്ന പ്രദേശം. ഏകദേശം 2500 ഓളം അടി സമുദ്രനിരപ്പിൽ നിന്നും ഉയർന്ന പ്രദേശമാണ്. കടലുകാണി, ഒഴുകുപാറ പാറമുകളിൽകുന്ന് ഉൾപ്പെടെ മിക്ക കുന്നുകളിലും നല്ല തോതിൽ ഗ്രാനൈറ്റ് കാണപ്പെടുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ പാറകോറികൾ നടത്താനും ഗ്രാനൈറ്റ് ചിപ്സ് നിർമ്മാണത്തിനുള്ള സാധ്യതകളുണ്ട്.

കടലുകാണി പ്രദേശത്തുനിന്നാൽ കടലുകാണാം. ഈ പ്രദേശത്തുനിന്നാൽ നാലുപാടുമുള്ള പ്രകൃതി രമണീയത ആവോളം ആസ്വദിക്കാൻ കഴിയും. ദീർഘ വീക്ഷണത്തോടെ പദ്ധതി തയ്യാറാക്കിയാൽ ആകർഷകമായ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാം. ഒഴുകുപാറയിൽ ഗ്രാനൈറ്റ് ഖനനം വ്യാവസായിക അടിസ്ഥാനത്തിൽ നടത്തിയിരുന്നു. പരിസ്ഥിതി പ്രശ്നം മൂലം ഇത് സ്റ്റേ ചെയ്തിരിക്കുകയാണ്.

കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണിത്. പാറക്കെട്ടുകളും പാറതരിശുകളും ഒഴികെയുള്ള ഭാഗങ്ങളിൽ നേരിയ തോതിൽ നാണ്യവിളയായ റബ്ബറും തെങ്ങ്, കവുങ്ങ്, മാവ്, കശുമാവ് മുതലായ ഫലവൃക്ഷങ്ങളും വനവൃക്ഷങ്ങളും കാണപ്പെടുന്നു.

മണ്ണ് ധാരാളമുള്ള ഈ പ്രദേശങ്ങളിൽ ജലം ഊർന്നിറങ്ങി താഴ്വരയിലെ തോടുകളിൽ വർഷത്തിൽ എല്ലായ്പ്പോഴും വെള്ളം കിട്ടുന്നുണ്ട്.

(ii) ചരിവുപ്രദേശം

മൊത്തം ഭൂവിസ്തൃതിയിൽ 22.5% താഴ്വരയുമായി ബന്ധിപ്പിക്കുന്ന ചരിവുപ്രദേശങ്ങളാണ്. കുത്തനെയുള്ള ചരിവുകളും ചരിവുകുറഞ്ഞ പ്രദേശങ്ങളും കടലുകാണി ഒഴുകുപാറ, കടമ്പറകുന്ന് കലദിപ്പച്ച, പാലകുന്ന്, മേൽ പൊരുന്തമൺകുന്ന്, വേടരുകുന്ന്, വാവുപ്പാറ, നെടുമ്പാറ, പുത്തൻകട, അരിവാരിക്കുഴിക്കുന്ന്, മലച്ചിറ എന്നിവിടങ്ങളിൽ ചരിവുകൂടുതലും മറ്റുപ്രദേശങ്ങൾ താരതമ്യേന ചരിവു കുറവുമാണ്. ഈ പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ്, കശുമാവ്, കുരുമുളക് എന്നീ തോട്ടവിളകളും ഫലവൃക്ഷങ്ങളും കൃഷി ചെയ്തുവരുന്നു.

(iii) താഴ്വര

ഭൂപ്രകൃതിയുടെ 14.95% ഈ വിഭാഗത്തിൽപെടുന്നു. ചെരിവുഭൂമിയേയും കുന്നിൻ പ്രദേശങ്ങളെയും വേർതിരിക്കുന്ന താഴ്വരയിൽ ഫലഭൂയിഷ്ടമായ മണ്ണാണുള്ളത്. മലച്ചിറ, മേൽപൊരു

ന്തമൺ, തുറിത്യമൺ, മാവുനിൽക്കുംപച്ച, കുടിയേല, കൊഴുർക്കോണം, അലയക്കോണം, നെടുമൺകോണം, തെങ്ങിൻകോണം, നെല്ലിടപ്പാറ, പേരാപ്പിൽ, കൊല്ലുവിള, വട്ടക്കൈത എന്നീ ഏലകൾ ഈ പ്രദേശത്ത് വരുന്നു. ഇവ മുഴുവൻ ചെറുതോടുകളും താരതമ്യേന വലിയ തോടുകളും നീർത്തടപ്രദേശങ്ങളും ഉൾക്കൊള്ളുന്നതാണ്. ഇതിൽ പേരാപ്പ് ഏലാ തൊട്ടടുത്ത കടയ്ക്കൽ പഞ്ചായത്ത് പ്രദേശത്തുകൂടി വ്യാപിച്ചുകിടക്കുന്നു.

മഴവെള്ളം ഊർന്നിറങ്ങി ജലാംശംകൂടുതലുള്ള ഈ പ്രദേശത്തെ മണ്ണ് ഫലഭൂയിഷ്ടമാണ്. മണ്ണാലിപ്പുമൂലവും മണ്ണിടിച്ചിൽ മൂലവും താഴ്വരയിൽ ഫലഭൂയിഷ്ഠമായ മണ്ണാണുള്ളത്. നെൽകൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായ മണ്ണാണിത്. ജലലഭ്യത കൂടുതൽ ഉള്ളതിനാൽ ഇരിപ്പു നിലങ്ങളാണ് ഇവിടെയുള്ളത്. അപൂർവ്വം ചിലയിടങ്ങളിൽ പുഞ്ചകൃഷിയും നടക്കുന്നുണ്ട്. ഇടവിളയായി പയറ്, പച്ചക്കറി, മധുരക്കിഴങ്ങ്, നിലക്കടല എന്നിവയും കൃഷിചെയ്യുന്നുണ്ട്.

സമതലങ്ങൾ

ഭൂവിസ്തൃതിയുടെ 45.89% സമതലപ്രദേശത്തിൽ ഉൾപ്പെടുന്നു. കൊടുവഴന്നൂർ വില്ലേജ് പൂർണ്ണമായും പുളിമാത്ത് വില്ലേജിലെ പുളിമാത്ത് പേടികുളം പൊരുന്തമൺ പ്രദേശങ്ങൾ പൊതുവെയും പുളിമാത്ത് വില്ലേജിലെ ശേഷിച്ച ഭാഗങ്ങൾ അങ്ങിങ്ങായും സമതലങ്ങൾ കാണപ്പെടുന്നു. സമുദ്രനിരപ്പിൽനിന്ന് ഏകദേശം 500 അടി ഉയരത്തിൽ കാണുന്ന ഈ ഭാഗം രൂപപ്പെട്ടത് വിവിധഘട്ടങ്ങളിലായാണ് എന്ന് കണക്കാക്കപ്പെടുന്നു. മൺതിട്ടകളും ഇടയ്ക്കിടയ്ക്ക് സമതലങ്ങളും പാടശേഖരങ്ങളും തെങ്ങിൻതോപ്പുകളും നദീതടങ്ങളും ഉള്ള ഈ പ്രദേശത്തെ മണ്ണ് ചെങ്കൽ മണ്ണും എക്കൽ മണ്ണുമാണുള്ളത്. കിഴക്കു പടിഞ്ഞാറായി ഒഴുകുന്ന വാമനപുരം നദി ഈ ഗ്രാമപഞ്ചായത്തിന്റെ പ്രകൃതിദത്തമായ തെക്കേ അതിരാണ്. സമീപ പഞ്ചായത്തിലെ പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഒഴുകി പുളിമാത്ത് ഗ്രാമപഞ്ചായത്തിൽകൂടി ഒഴുകി വാമനാപുരം നദിയിൽ ചേരുന്ന ചിറ്റാറും ഇതിന്റെ സവിശേഷതയാണ്. നദീതടങ്ങൾ പൊതുവെ കേരകൃഷി അഭിവൃദ്ധിപ്പെട്ടിട്ടുള്ള പ്രദേശങ്ങളാണ്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ഏലാ ആയ കൊടുവഴന്നൂർ ഏലായിൽ മണൽ കൂടുതൽ ഉള്ള കളിമണ്ണാണ് കാണപ്പെടുന്നത്. മഴയെ ആശ്രയിച്ച് കൃഷിചെയ്യുന്ന ഈ പ്രദേശത്തെ ഏലാകൾ ഇരിപ്പൂവിളകളാണ് കൃഷി ചെയ്യപ്പെടുന്നത്. തലക്കുളങ്ങളും തോടുകളും കൈത്തോടുകളും വർഷത്തിൽ എട്ടുമാസത്തോളം ജലം പ്രധാനം ചെയ്യുന്നതിനാൽ ഇരിപ്പുകൃഷിക്ക് ബുദ്ധിമുട്ട് ഉണ്ടാകാറില്ല. കൊടുവഴന്നൂർ ഏലാതോട് ഒരു നല്ല ജല സ്രോതസ്സാണ്.

നാളികേരം, കവുങ്ങ്, വാഴ, വെറ്റില, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരിച്ചീനി, റബ്ബർ, കുരുമുളക്, ചേന, ചേമ്പ് ഉൾപ്പെടെയുള്ള സമ്മിശ്രകൃഷി സമ്പ്രദായമാണ് ഇവിടെ പൊതുവെ കാണപ്പെടുന്നത്. താരതമ്യേന ലാഭകരമായ റബ്ബർകൃഷി അതിവേഗത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നു. വയൽ നികത്തി നാണ്യവിളകൾ കൃഷിചെയ്യുന്നതും വീടു വയ്ക്കുന്ന പ്രവണതയും കണ്ടുവരുന്നു.

ചതുപ്പുനിലം

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ കൊല്ലുവിള, വാവുപ്പാറ പ്രദേശങ്ങളിലാണ് ചതുപ്പുനിലം കാണപ്പെടുന്നത്. മൊത്തം ഭൂവിസ്തൃതിയുടെ 0.21% മുള്ള ഈ പ്രദേശത്ത് വികസന സാദ്ധ്യതകൾ ഏറെ ഉണ്ട്. മത്സ്യകൃഷിക്കും ജലസേചനത്തിനും ആശ്രയിക്കാവുന്ന ഈ പ്രദേശം ചുറ്റുവട്ടത്തുള്ള കാർഷികജലക്ഷാമത്തിന് പരിഹാരം കാണാൻ അനുയോജ്യമാണ്. ഏറ്റവും വലിയ തോടായ കൊല്ലുവിളതോട് ഈ പ്രദേശത്തുകൂടി കടന്നു വരുന്നതിനാൽ ജലസേചനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

ജനപ്രകൃതി:-

ആധാരം: 1991-ലെ കാനേഷുമാരി കണക്ക് പ്രകാരം പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 27,733 ആണ്. ഇതിൽ 13195 പുരുഷന്മാരും, 14538 സ്ത്രീകളുമാണ്. ജനസാന്ദ്രത 1030 ചതു:കിലോ മീറ്റർ ആണ്. മൊത്തം 6129 വീടുകളാണുള്ളത്. അതായത് ശരാശരി വീട് ഒന്നിന് 4.52 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്.

പുളിമാത്ത് പഞ്ചായത്ത് ഇന്നലെയുടെ നേട്ടങ്ങളും ഇന്നിന്റെ വെല്ലുവിളികളും

അരനൂറ്റാണ്ടിന് മുമ്പുള്ള പുളിമാത്ത് പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ വിവിധ മേഖലകളിൽ കാര്യമായ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, കാർഷികഘടനയിലും, ഭൂ-ഉടമാ ബന്ധങ്ങളിലും സാമൂഹ്യസാംസ്കാരികമേഖലകളിലും മെച്ചപ്പെട്ട മാറ്റങ്ങൾ ഉണ്ടായി. പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ ബഹുഭൂരിപക്ഷവും കാടും, തരിശുമായിരുന്നത് പിന്നീട് കൃഷിഭൂമിയും മറ്റ് ഉപയോഗപ്രദമായ മേഖലകളുമായി മാറി. പരമ്പരാഗത സാമൂഹ്യഘടനയും, സവർണ്ണജന്മി നാടുവാഴി മേധാവിത്വത്തിലും കാര്യമായ മാറ്റങ്ങൾ വന്നു. പരമ്പരാഗത സംവിധാനങ്ങളിലൂടെ തുടങ്ങി, കാലഘട്ടങ്ങളിലൂടെ കടന്ന് വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളും ശക്തിപ്പെട്ടു. ഇപ്രകാരം ശക്തിപ്പെട്ട ഉണർവ്, നാടിന്റെ മോചനത്തിന് വേണ്ടിയും, ചൂഷണത്തിനും അസമത്വത്തിനും സ്വേച്ഛാധിപത്യത്തിനുമെതിരായ പോരാട്ടങ്ങളിൽ പങ്കെടുത്ത് ചരിത്രപരമായ കടമകൾ നിർവഹിക്കാൻ നമ്മുടെ ജനങ്ങൾക്ക് ആവേശം നൽകി. ഈ പ്രവർത്തനങ്ങളിൽ നിന്ന് ആവേശമുൾക്കൊണ്ട് ശക്തമായ രാഷ്ട്രീയ അടിത്തറ നമ്മുടെ പഞ്ചായത്തു മേഖലയിൽ വളർത്തിയെടുക്കാൻ ജനങ്ങളെ പ്രാപ്തരാക്കി.

1953-ൽ ആദ്യപഞ്ചായത്തു സമിതി നിലവിൽവന്നതിന് ശേഷം വിവിധ മേഖലകളിൽ ഒട്ടനവധി പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനായി നടപ്പാക്കിയെങ്കിലും ഇന്ന് ഒട്ടനവധി പരിമിതികളും വെല്ലുവിളികളും നമ്മുടെ വികസനപുരോഗതിക്ക് തടസ്സം നിൽക്കുന്നു. പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനമായ കാരേറ്റ് സ്റ്റേറ്റ് ഹൈവേയിൽ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ കാരേറ്റ് കേന്ദ്രീകരിച്ച് ഒരു ടാക്സി – ബസ്റ്റാന്റ് നിർമ്മിക്കേണ്ടതാണ്.

അതുപോലെ സ്റ്റേറ്റ് ഹൈവേയിൽ വാമനപുരം നദിയുടെ കുറുകെയുള്ള പാലം അപകടഭീഷണിയെ നേരിടുകയാണ്. ഇതിന്റെ സംരക്ഷണം ഏറ്റവും അനിവാര്യമാണ്. ആരോഗ്യമേഖലയിൽ പ്രത്യേകിച്ചും ചിറയിൻകീഴ് താലൂക്കിൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന കാരേറ്റുള്ള ഏക സർക്കാർ ആശുപത്രിക്ക് നിലവിലുള്ള കെട്ടിട സംവിധാനം വിപുലീകരിക്കുകയും മുഴുവൻ സമയത്തേക്കും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതുമാണ്. ഉന്നതവിദ്യാഭ്യാസമേഖലയും, സാങ്കേതിക വിദ്യാഭ്യാസമേഖലയും സൗകര്യങ്ങളില്ലാതെ വീർപ്പുമുട്ടുന്നതിനാൽ പഞ്ചായത്തിൽ നിലവിലുള്ള റവന്യൂ സ്ഥലങ്ങളിൽ ഒരു കോളേജും, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനവും ആരംഭിക്കേണ്ടതാണ്. അതുപോലെ മഞ്ഞപ്പാറ, UPS നെ ഹൈസ്കൂളായി ഉയർത്തുകയും വേണം. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഹൈസ്കൂളുകളായ കൊടുവഴന്നൂർ ഗവ: ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സും, വാമനപുരം ഡി. ബി .എച്ച്. എസിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും ആരംഭിക്കേണ്ടതാണ്. കൂടാതെ സമീപവിദ്യാലയങ്ങളിൽ എത്തിച്ചേരാൻ ദൂരകൂടുതൽ ഉള്ളതുകൊണ്ട് പ്രൈമറി വിദ്യാഭ്യാസത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കമുകിൻകുഴിയിൽ ഒരു LPS ആരംഭിക്കേണ്ടതാണ്. കാർഷികമേഖലയിൽ ജലലഭ്യതയിലുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ വാമനാപുരം, ചിറ്റാർ നദികളിൽ തടയണകൾ നിർമ്മിക്കേണ്ടതാണ്. മാത്രവുമല്ല ഈ നദികളുമായി ബന്ധപ്പെടുത്തി അയിലംകടവ്, പുല്ലയിൽ – കൊട്ടീപ്പാലം എന്നിവിടങ്ങളിൽ പാലം നിർമ്മിക്കുകയും വേണം. കൂടാതെ പുളിമാത്ത് പുളിമാത്ത് ക്ഷേത്രം – കടമുക്ക് – കിളിമാനൂർ റോഡ്, പൊരുന്തമൺ – പയറ്റിണ്ടാക്കുഴി – മീൻമൂട്ടി കുറ്റിമൂട് റോഡ്, കാട്ടുംപുറം – ഇൗട്ടിമൂട് റോഡ്, മുണ്ടോണിക്കര റോഡ് എന്നിവ പുനർനിർമ്മാണ പ്രവർത്തനം നടത്തേണ്ടതുമാണ്. അതുപോലെ മുഴുവൻ ഭവനരഹിതർക്കും സ്വന്തമായി ഭവനം, വൈദ്യുതി കണക്ഷൻ സംവിധാനം ഇവ ഉണ്ടാകണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഉറപ്പാക്കണം. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയേണ്ടതുണ്ട്. വിവാഹംപോലുള്ള കാര്യങ്ങൾക്ക് പഞ്ചായത്ത് പരിധിയിൽ ഒരു പൊതുഹാൾ ഇല്ലാത്തത് പലപ്പോഴും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മേഖലകളിൽ സവിശേഷമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വികസന രേഖകൾ










കൃഷിയും ജലസേചനവും



ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തിക അഭിവൃത്തിയെ സ്വാധീനിക്കുന്നതിൽ കാർഷിക മേഖലക്ക് ഒരു ഗണനീയ സ്ഥാനം ഉണ്ട്. തുണ്ട് ഭൂമികളുടെ നാടായ കേരളം കൃഷിഭൂമിയുടെ ഉടമസ്ഥാവകാശത്തിനായി നടത്തപ്പെട്ട സംഘടിതവും അല്ലാത്തതുമായ ജനകീയപോരാട്ടങ്ങൾക്ക് പല ഘട്ടങ്ങളിലായി സാക്ഷ്യം വഹിക്കുകയുണ്ടായി. ഇപ്രകാരം നടന്ന പോരാട്ടങ്ങൾക്ക് നമ്മുടെ പ്രദേശങ്ങളും നേരിട്ട് പങ്കാളിയായിട്ടുണ്ട്. അതിനെത്തുടർന്ന് ഭൂവുടമാബന്ധങ്ങളിലും കൈവശരീതിയിലും സമൂലമാറ്റങ്ങൾ ദൃശ്യമായി.

ഈ നൂറ്റാണ്ടിന്റെ ആദ്യകാല ഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിന്റെ നല്ലൊരു ഭാഗം വനപ്രദേശമായിരുന്നു. വന്യമൃഗങ്ങളും പക്ഷികളും ഔഷധസസ്യങ്ങളും കൊണ്ട് സംപുഷ്ടമായിരുന്നു. പ്രകൃതിയുടെ സംതുലിതാവസ്ഥയെ നിയന്ത്രിക്കാൻ പര്യാപ്തമായിരുന്നു. ഈ ഘടനക്ക് ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ വിപണനവും വനനശീകരണ പ്രവർത്തനങ്ങളും കൂടിയേറ്റ പ്രവണതകളും കാര്യമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. പക്ഷേ കാലം കഴിഞ്ഞതോടെ പഞ്ചായത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷി ആരംഭിക്കുകയും, കാലഘട്ടങ്ങളിലൂടെ വികസിക്കുകയും ചെയ്തു. വൻഭൂവടമകളായിരുന്ന കൃഷിഭൂമികളിൽ നല്ലൊരു ഭാഗത്തിന്റെയും ഉടമസ്ഥാവകാശവും, നിയന്ത്രണവും നടത്തിയിരുന്നുത്. എന്നാൽ 1957-ലെ ജനകീയ സർക്കാരിന്റെ 'കുടിയൊഴിപ്പിക്കൽ നിരോധന ഓർഡിനൻസ്', 'കുടികിടപ്പവകാശ സംരക്ഷണനിയമം' തുടങ്ങിയവമൂലം ഒട്ടനവധി കുടികിടപ്പുകാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമായി. കൂടാതെ 1968-ലെ സമഗ്ര ഭൂപരിഷ്കരണ നിയമപ്രകാരം കൊടുവഴന്നൂർ വില്ലേജിൽ കുറിയേടത്ത് മഠം വകഭൂമി, പുളിമാത്ത് വില്ലേജിൽ തെങ്ങും കോണം മഠംവക ഭൂഗമിയും കൈവശകൃഷിക്കാർക്ക് കിട്ടുവാനിടയായി. ഇപ്രകാരം ഭൂവടമാബന്ധങ്ങളിൽ നമ്മുടെ പഞ്ചായത്ത് മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി.

ചിറയിൻകീഴ് താലൂക്കിൽ, കൊടുവഴന്നൂർ പുളിമാത്ത് വില്ലേജുകൾ ചേർന്നതാണ് പുളിമാത്ത് ഗ്രാമപഞ്ചായത്ത്. കാർഷിക മേഖലയായ പുളിമാത്ത് പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെതന്നെ ഒട്ടുമിക്ക പ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരുന്നു. പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതി 2671.27 ഹെക്ടർ ആണ്. ഇതിൽ 3809 ഹെക്ടർ പ്രദേശം കൃഷിക്ക് ഉപയോഗപ്പെടുത്തിവരുന്നു. (വിസ്തൃതി നിശ്ചയിച്ചിരിക്കുന്നത് സമ്മിശ്രകൃഷി സമ്പ്രദായമനുസരിച്ചാണ്. ആയതിനാലാണ് മൊത്തം വിസ്തൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലായി തോന്നുന്നത്.)

കാർഷികരംഗം പരിശോധിക്കുമ്പോൾ കൃഷിയുടെ വ്യാപനം സവിശേഷമായ പ്രാധാന്യം അർഹിക്കുന്നു. പഞ്ചായത്ത് രൂപം കൊണ്ടതിനുശേഷം ഭൂടവമാ ബന്ധങ്ങളിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്. എങ്കിലും പരമ്പരാഗതകൃഷി സമ്പ്രദായങ്ങളിൽനിന്നും വ്യത്യസ്തമായി പഞ്ചായത്തിൽ കാര്യക്ഷമമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭൂവുടമാബന്ധം താഴെ പട്ടികയിൽപ്പെടുത്തിയിരുക്കുന്നു.

1	നാമമാത്രകർഷകർ (11/2 ഹെക്ടർവരെ)	5723
2	ചെറുകിട കർഷകർ (11/2 ഹെക്ടർമുതൽ 2 ഹെക്ടർവരെ)	555
3	വൻകിട കർഷകർ (2 ഹെക്ടർ മുതൽ)	80

പഞ്ചായത്ത് അതിർത്തിയിൽ പ്രധാനമായും കൃഷിചെയ്തുവരുന്ന കൃഷിവിളകൾ, നെല്ല്, തെങ്ങ്, റബ്ബർ, കശുമാവ്, മരിച്ചീനി, വാഴ, കുരുമുളക്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യജ്ഞനങ്ങൾ, ചെറുകൃഷി മുതലായവയാണ്.

അവയുടെ പട്ടിക താഴെ ചേർക്കുന്നു.

ഓരോ കൃഷിവിളകളുടെയും വ്യാപ്തിയെ സംബന്ധിച്ച്

1	നെല്ല്	190 ഹെക്ടർ
2	തെങ്ങ്	1488 „
3	റബ്ബർ	920 „
4	കശുമാവ്	116 „
5	മരിച്ചീനി	600 „
6	വാഴ	180 „
7	കുരുമുളക്	64 „
8	പച്ചക്കറി	10 „
9	സുഗന്ധവ്യജ്ഞനം	14 „
10	പയറുവർഗ്ഗം	31 „
11	ചെറുകൃഷി	120 „
12	വെറ്റില	25 „
13	മറ്റുള്ളവ	76 „

കൃഷിവിളകളുടെ ഉത്പാദനക്ഷമത

പഞ്ചായത്തിലെ മുഖ്യകാർഷികവിള തെങ്ങാണ്. 1488 ഹെക്ടർ പ്രദേശത്ത് കൃഷിചെയ്യുന്ന തെങ്ങിന്റെ ഉത്പാദനക്ഷമത 6825 ആണ്. (39x175 – ഒരു തെങ്ങിന് 39 തെങ്ങ്) പഞ്ചായത്തിന്റെ ഏകദേശം എല്ലാ വാർഡുകളിലും തെങ്ങുകൃഷി വ്യാപിച്ചിട്ടുണ്ട്.

തെങ്ങ് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് റബ്ബറാണ്. ഹെക്ടറിന് പ്രതിവർഷം 2550 Kg ഉത്പാദിപ്പിക്കുന്നുണ്ട്. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും റബ്ബർ കൃഷി ചെയ്യുന്നുണ്ട്.

മരച്ചീനികൃഷി 600 ഹെക്ടർ സ്ഥലത്തു വ്യാപിച്ചിട്ടുണ്ട്. ഹെക്ടറിന് പ്രതിവർഷം 20 ടൺ എന്ന തോതിൽ ഉത്പാദിപ്പിക്കുന്നുണ്ട്.

മുൻപ് വളരെകൂടുതൽ പ്രദേശത്ത് കൃഷ്ചെയ്തിരുന്ന നെൽകൃഷി ഇപ്പോൾ 190 ഹെക്ടർ സ്ഥലത്തു മാത്രമാണ് ഉള്ളത്. ഹെക്ടറിന് പ്രതിവർഷം 2900 Kg ഉത്പാദിപ്പിക്കുന്നുണ്ട്.

വാഴകൃഷി 180 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചിട്ടുണ്ട്. പ്രതിവർഷം 12 ടൺ ഉത്പാദിപ്പിക്കുന്നുണ്ട്.

കശുമാവ് കൃഷി 116 ഹെക്ടർ സ്ഥലത്തുണ്ട്. പ്രതിവർഷം ഹെക്ടർ ഒന്നിന് 2250 Kg ഉത്പാദിപ്പിക്കുന്നുണ്ട്.

കുരുമുളക് കൃഷി 64 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചിട്ടുണ്ട്. ഹെക്ടറിന് 2 ടൺ (Dry weight) പ്രതിവർഷം ഉത്പാദിപ്പിക്കുന്നുണ്ട്.

ഏകദേശം 120 ഹെക്ടർ സ്ഥലത്ത് ചെറുകൃഷികൾ നടത്തുന്നുണ്ട്. ഹെക്ടർ ഒന്നിന് പ്രതിവർഷം 20 ടൺ ഉത്പാദനക്ഷമത ഉണ്ട്. പയറുവർഗ്ഗങ്ങൾ 31 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. പ്രതിവർഷം 175 Kg ഹെക്ടർ ഒന്നിന് ലഭ്യമാകുന്നുണ്ട്. പച്ചക്കറികൃഷി 10 ഹെക്ടറോളം സ്ഥലത്ത് വ്യാപിച്ചിട്ടുണ്ട്. ഹെക്ടർ ഒന്നിന് പ്രതിവർഷം 10 ടൺ പച്ചക്കറി ഉത്പാദിപ്പിക്കുന്നുണ്ട്. 14 ഹെക്ടർ സ്ഥലത്ത് സുഗന്ധവ്യജ്ഞനകൃഷി വ്യാപിച്ചിട്ടുണ്ട്. മറ്റുള്ള കൃഷിവിളകൾ 76 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ കാർഷിക വിളകൾ 75 ശതമാനവും മഴയെ ആശ്രയിച്ച് വളരുന്നു. ഇടവപ്പാതി (ജൂൺ, ജൂലൈ), തുലാവർഷം (ഒക്ടോബർ, നവംബർ) എന്നീ സീസണുകളിലാണ് മഴ കൂടുതലായി ലഭിക്കുന്നത്. ശേഷിക്കുന്ന 25 ശതമാനം കാർഷികവിളകൾ ചെറുകിട ജലസേചന പദ്ധതികളെ ആശ്രയിച്ചുള്ളതാണ്.

കൃഷിരീതി പരമ്പരാഗതമാണെങ്കിലും ശാസ്ത്രീയമായ കൃഷിരീതികൾ ഇപ്പോൾ അവലംബിച്ചുവരുന്നുണ്ട്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനായി ജൈവവള പ്രയോഗരീതികളും രാസവളപ്രയോഗരീതികളും, ബഹുഭൂരിപക്ഷം കർഷകരും ഉപയോഗിച്ചുവരുന്നു. ഇങ്ങനെയാണെങ്കിലും 40 ശതമാനത്തോളം വരുന്ന കർഷകർക്കുമാത്രമേ കാർഷിക രോഗപ്രതിരോധ സംവിധാങ്ങളെപ്പറ്റി അവബോധമുള്ളൂ. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തു പ്രദേശത്ത് നടക്കുന്നുണ്ട്. കൃഷിഭവന്റെ ആസ്ഥാനം കാരേറ്റാണ്. കർഷകരിൽ 60 ശതമാനം പേരും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ചുവരുന്നു. കാർഷികരംഗത്ത് ഉപയോഗിച്ചുവരുന്ന ഉപകരണങ്ങളിൽ പരമ്പാരഗത സംവിധാനങ്ങളും യന്ത്രവൽകൃത സംവിധാനങ്ങളും ഉപയോഗപ്പെടുത്തിവരുന്നു. കാർഷികവിപണനശേഷി സാർവത്രികമായി പുരോഗമിച്ചിട്ടില്ലെങ്കിലും സമീപത്ത് ലഭ്യമായിട്ടുള്ള പ്രാദേശിക വിപണനകേന്ദ്രങ്ങൾ കർഷകർ ഉപയോഗപ്പെടുത്തിവരുന്നു.

കാർഷിക വിളകൾ കൂടുതൽ വ്യാപിച്ചതോടെ വിളകൾക്കുള്ള രോഗങ്ങളും കൂടുതലായി. പ്രധാനവിളയായ തെങ്ങിനെ ബാധിച്ചിരിക്കുന്ന പ്രധാന രോഗം മണ്ടയടപ്പും വേരുചീയലുമാണ്. പഞ്ചായത്തിലെ 25000 തെങ്ങുകൾക്ക് ഈ രോഗം ബാധിച്ചിരക്കുന്നതായിട്ടാണ് പ്രാഥമികകണക്കുകൾ. കുരുമുളകിനെ ബാധിച്ചിരിക്കുന്ന പ്രധാനരോഗം തണ്ട്വാട്ടരോഗമാണ്. ഇത് ഉത്പാദനക്ഷമതയെ ബാധിച്ചിട്ടുണ്ട്. റബ്ബർകൃഷി പഞ്ചായത്ത് പ്രദേശത്ത് സജീവമായി വ്യാപിച്ചിട്ടുണ്ടെങ്കിലും പട്ടമരിപ്പ്, ചീക്ക് പിങ്ക്രോഗം ഇവ റബ്ബർകൃഷിയെ ബാധിച്ചുകൊണ്ടിരിക്കുന്നു. വാഴകൃഷിയെ ബാധിച്ചിരിക്കുന്നത് കുറുനാമ്പ് രോഗമാണ്. നെൽകൃഷി പൊതുവെ കുറഞ്ഞു വരികയാണ്. പോളചീയയും ഇലപ്പുള്ളി രോഗവും കൂടാതെ ചാഴി, തണ്ടുതുരപ്പൻ ശല്യം തുടങ്ങിയവയെല്ലാം നെല്ല് കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. വെറ്റിലകൃഷിയെ ബാധിക്കുന്ന ഒരു രോഗമാണ് ഇലപ്പുള്ളിരോഗം.

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിലായി പാടശേഖരകമ്മിറ്റികൾ ഉണ്ട്. ചുവടെയുള്ള പാട്ടികയിൽ വിശദാംശങ്ങൾ ചേർക്കുന്നു.

ഇപ്രകാരം പാടശേഖരസമിതികൾ നിലവിലുണ്ടെങ്കിലും പുല്ലയിൽ പാടശേഖരസമിതി ഒഴികെ മറ്റു സമിതികളൊന്നും സം

ക്രമ നമ്പർ	പാടശേഖര സമിതിയുടെ പേര്	വിസ്തീർണ്ണം (ഹെക്ടറിൽ)	നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ
1	എരുത്തിനാട്	17	സ്പ്രേയറുകൾ
2	പുളിമാത്ത്	40	സ്പ്രേയറുകൾ
3	കൊടുവഴന്നൂർ	54	ഒരുപവർട്രില്ലർ – 1 ട്രാക്ടർ – 1 കൊയ്ത് മെതിയന്ത്രം – 1
4	പുല്ലയിൽ	43	3 പവർട്രില്ലർ
5	പൊരുന്തമൺ	26	സ്പ്രയറുകൾ
6	പ്ലാവോട്	5	സ്പ്രേയറുകൾ
7	തെങ്ങുംകോണം	7	പവർട്രില്ലർ
8	പേടികുളം	9	സ്പ്രേയറുകൾ

ളടിതമായ രീതിയിൽ യഥാസമയം കർഷകരെ വിളിച്ചു കൂട്ടുന്നതിനോ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലോ കാര്യമായി ശ്രദ്ധിക്കുന്നില്ല.

നിലവിലുള്ള കാർഷിക പദ്ധതികൾ

പഞ്ചായത്തിലെ കാർഷിക സംവിധനം മെച്ചപ്പെടുത്തുന്നതിനായി ഇതിനകം ഗവൺമെന്റും, കൃഷിവകുപ്പും സംയുക്തമായി കൃഷിഭവൻ മുഖേന ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒന്നാണ് വാട്ടർഷെഡ് പദ്ധതി. 1992-ൽ തുടങ്ങിയ ഈ പദ്ധതി പഞ്ചായത്തിലെ 8-ാം വാർഡ് പൂർണ്ണമായും 4,7,9,10 വാർഡുകളിൽ ഭാഗികമായും നടന്നുവരുന്നു. ഈ പദ്ധതിവഴി മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ കർഷകരുടെ കാർഷിക രംഗത്തുള്ള അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്നതിനും, അതുവഴി ഈ പ്രദേശങ്ങളിൽ കാര്യമായ പുരോഗതിയും ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ നെൽകൃഷിക്കാരെ സഹായിക്കുന്നതിനായും, പ്രോത്സാഹിപ്പിക്കുന്നതിനായും ഈ പ്രദേശങ്ങളിലെ കർഷകർക്ക് ഉത്പാദനബോണസ് ഹെക്ടർ ഒന്നിന് 350 രൂപ വീതം കൊടുത്തുവരുന്നു. അതുപോലെ തെങ്ങ്കൃഷി കർഷകർക്ക് പമ്പുസെറ്റ് സ്ഥാപിക്കാനും വളം വാങ്ങുന്നതിനും സബ്സിഡി അനുവദിച്ചുവരുന്നു. പച്ചക്കറികൃഷി പരിപോഷിപ്പിക്കുന്നതിനായി വിത്ത്, വളം ഇവ സൗജന്യമായി വിതരം ചെയ്തുവരുന്നു. അതുപോലെ സുഗന്ധവ്യജ്ഞനകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കളും, വിത്തും, വളവും, സൗജന്യമായി കൃഷിഭവൻവഴി നൽകിവരുന്നു. റബ്ബർ കൃഷിക്കാർക്ക് റബ്ബർബോർഡിന്റെ മേഖലാ ഓഫീസ് വിദഗ്ധമായ മേൽനോട്ടവും ഉപദേശവും, ഉപാധികൾക്ക് വിധേയമായി സാമ്പത്തികസഹായവും സബ്സിഡിയും അനുവദിച്ചുവരുന്നു.

ഇവകൂടാതെ, വിവിധ ബാങ്കുകളും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കൊടുവഴന്നൂർ സർവ്വീസ് സഹകരണസംഘവും കർഷകർക്ക് വായ്പകൊടുക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. അതുപോൽ പന്തുവിളയിൽ ഒരു അഗ്രോ സർവീസ് സെന്ററിന് കെട്ടിടം നിർമ്മിച്ചുവെങ്കിലും ഇതുവരെയും പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ സ്ഥാപനം ഉടനടി തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്.

ജലസമ്പത്തിന്റെ അനുഗൃഹീതമായ പ്രദേശമാണ് പുളിമാത്ത് പഞ്ചായത്ത് മേഖല. ഇന്ന് കാർഷികരംഗത്ത് വിപ്ലവകരമായ മുന്നേറ്റത്തിന് പഞ്ചായത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് രണ്ട് പ്രധാന നദികളായ വാമനാപുരം നദി, ചിറ്റാർ ഇവ ഒഴുകുന്നുണ്ട്. ഇവ കൂടാതെ ഒട്ടനവധി കുളങ്ങൾ, തോടുകൾ നീരമുറവകൾ എന്നിവയുണ്ട്. പ്രധാന കുളങ്ങളുടെയും തോടുകളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

കുളങ്ങൾ

അലയക്കോണം
അരിനല്ലൂർ
മുതുവള്ളിക്കോണം
കൃഷ്ണൻകോവിൽ
പയ്യംപള്ളി
പാലാംകോണം
മഞ്ഞപ്പുഴക്കോണം
താഴപ്പള്ളി
പൂവത്തൂർ
കണ്ണമത്ത് രണ്ട് കുളം
മുരുങ്ങാട്ടുകോണം
ചെമ്പ്രാംകാട്
മങ്ങാട്ടുചിറ
കോട്ടച്ചിറ
ശീമവിളച്ചിറ
ചിറ്റിലക്കോണം
വെണ്മാനം
തെങ്ങുംകോണം
പുളിമാത്ത് മേലേക്കുളം
കാവടിച്ചിറ
വാഴ്വേലിച്ചിറ
പൂവക്കാട് ചിറ
കോണത്ത് ചിറ
ചീനിക്കട്ടയ്കാൽ ചിറ
മണ്ണാർകോണം ചിറ
മങ്ങാട്ടുചിറ
അയിരൂർചിറ
മണ്ണാണത്ത് ചിറ
പുളിമാത്ത് ചിറ
കീട്ടഴികത്ത് ചിറ
ശിവൻകോവിൽ ചിറ
കാരേറ്റ് ചിറ
മഹാദേവരുചച്ചചിറ
നെല്ലിടപ്പാറചിറ
അരിവാരിക്കുഴി ചിറ (2)

തോടുകൾ

കൊടുവഴന്നൂർ ഏലാതോട്
പുല്ലയിൽ ഏലാതോട്
എരത്തിനാട് ഏലാതോട്
പുളിമാത്ത് ഏലാതോട്
കാരേറ്റ് ഏലാതോട്
പേടികുളം ഏലാതോട്
അലയക്കോണം ഏലാതോട്
വെണ്മാനം – തെങ്ങുംകോണം ഏലാതോട്
പൊരുന്തമൺ ഏലാതോട്
വട്ടക്കൈ പയറ്റിങ്ങാക്കുഴി ഏലാതോട്
മീൻമൂട്ടിതോട്
കൊല്ലുവിളതോട്
കല്ലുവാഴക്കുഴി ഏലാതോട്
നെല്ലിടപ്പാറ ഏലാതോട്
പേരാപ്പ് ഏലാതോട്
അരിവാരിക്കുഴി ഏലാതോട്
പ്ലാവോട് ഏലാതോട്

തെക്കു പടിഞ്ഞാറൻ മൺസൂൺ, വടക്കുകിഴക്കൻ മൺസൂൺ, ഇവമൂലം പ്രതിവർഷം 3000 മില്ലിമീറ്റർ മഴയാണ് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ലഭി

ക്കുന്നത്. ഈ ജലസമ്പത്ത് കുറഞ്ഞ സമയം കൊണ്ടുതന്നെ ഒഴുകി സമുദ്രത്തിൽ വിലയം പ്രാപിക്കുകയാണ് ചെയ്യുന്നത്.

ഇങ്ങനെ ഒഴുകി നഷ്ടപ്പെടുന്ന ജലം തടഞ്ഞുനിർത്തി, കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ, കാർഷികമേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്താൻ സാധിക്കും. മണ്ണൊലിപ്പ് കാർഷികമേഖലയെ ബാധിക്കുന്ന ഒരു രൂക്ഷമായ പ്രശ്നമാണ്. മണ്ണൊലിപ്പു തടയലും, ജലസംരക്ഷണവും കൂടാതെ കാർഷികവികസനം വിലയിരുത്തുന്നത് അർത്ഥ പൂർണ്ണമാവില്ല.

നിലവിലുള്ള പ്രശ്നങ്ങൾ

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളും, കൃഷിരീതികളും പ്രചരിച്ചിട്ടുണ്ടെങ്കിലും ഉത്പാദനക്ഷമത കാര്യമായി വർദ്ധിച്ചിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നില്ല. അഭ്യസ്തവിദ്യരുടെ ഇടയിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുവാനും, കൃഷിമേഖലയിലുള്ള വിമുഖത അകറ്റുവാനും, അവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

മണ്ണിന്റെ ഫലഭൂയിഷ്ടതക്കുറവ്, മണ്ണൊലിപ്പ്, രോഗാണുബാധ, വരൾച്ച, ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത, ഉല്പാദനച്ചെലവിലുണ്ടായ വർദ്ധന, വിപണന സൗകര്യങ്ങളുടെ അപര്യാപ്തത, ഉല്പന്നങ്ങളുടെ വിലക്കുറവ്, തുടങ്ങിയ അടിസ്ഥന പ്രശ്നങ്ങൾ കൂടാതെ ചില പ്രാദേശികപ്രശ്നങ്ങളും കാർഷികമേഖലയെ ദോഷകരമായി ബാധിക്കുന്നു.

പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമായത് കൃഷിഭൂമികൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതു കൊണ്ടുള്ളതാണ്. പ്രത്യേകിച്ചും നെൽപ്പാടങ്ങൾ നികത്തുകയും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ ഫലഭൂയിഷ്ഠിയുള്ള കൃഷിയിടങ്ങളിലെ മണ്ണ് ഇഷ്ടിക നിർമ്മാണത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. അതുപോലെ തുടർച്ചയായ രാസവളപ്രയോഗം കൊണ്ടും രാസകീടനാശിനികളുടെ ഉപയോഗം കൊണ്ടും ഭൂമിയുടെ രാസഘടനക്ക് മാറ്റം വരുകയും അത് ഉത്പാദനക്ഷമതയെ മുരടിപ്പിക്കുകയും ചെയ്തു. കൂടാതെ പഞ്ചായത്തിൽക്കൂടി ഒഴുകുന്ന വാമനപുരം നദി, ചിറ്റാർ ഇവയിലെ ജലം ഫലപ്രദമായി തടഞ്ഞുനിർത്താനോ കൃഷിക്ക് ഉപയോഗപ്പെടുത്താനോ കഴിയുന്നില്ല. മറ്റൊരു പ്രധാനപ്രശ്നം തൊഴിലാളികളുടെ അഭാവമാണ്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് നെൽകൃഷിയെയാണ്. കാർഷികമേഖലയെ അപേക്ഷിച്ച് മറ്റു മേഖലകളിൽ ഉണ്ടായ കൂലിവർദ്ധനയാണ് കർഷകത്തൊഴിലാളികളെ ഈ മേഖലയിൽ നിന്നും പിന്തിരിപ്പിക്കുന്നത്. ഹ്രസ്വകാല ഭക്ഷ്യവിളകളിൽ നിന്നും, ദീർഘകാല നാണ്യവിളകളിലേക്ക് ഉള്ള കർഷകരുടെ വ്യതിയാനം ഭക്ഷ്യോൽപ്പാദനമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കാരേറ്റ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു കൃഷിഭവൻ ഉണ്ടെങ്കിലും മുഴുവൻ കർഷകർക്കും അതിന്റെ യഥാർത്ഥ പ്രയോജനം ലഭ്യമല്ല. ഉദ്യോഗസ്ഥന്മാരുടെ ആത്മാർത്ഥതക്കുറവും കാർഷിക ആനുകൂല്യങ്ങളുടെ അവസരോചിതമല്ലാത്ത വിതരണവും, കൃഷിഭവന്റെ പ്രവർത്തനങ്ങളിലെ സുതാര്യത ഇല്ലായ്മയും, കാർഷിക കാര്യങ്ങളിലെ ജനങ്ങളുടെ അവബോധക്കുറവും പ്രധാനപ്രശ്നമായി നിലനില്ക്കുന്നു. സമ്മിശ്രകൃഷിരീതിയെക്കുറിച്ചുള്ള അവബോധക്കുറവും പ്രാദേശിക ഉത്പന്നങ്ങളുടെ സംസ്കരണ വിപണന സാധ്യതകൾ ചൂഷണം ചെയ്യാനുള്ള വിജ്ഞാനക്കുറവും നിലനില്ക്കുന്ന പ്രശ്നങ്ങളിൽ പ്രധാനമാണ്.

പരിഹാരനിർദ്ദേശങ്ങൾ

1. കൃഷിഭവന്റെ പ്രവർത്തനം സുതാര്യമാക്കുകയും കർഷകരെ അതിനെക്കുറിച്ചുള്ള അവബോധമുള്ളവരാക്കാൻ ബോധനപരിപാടികൾ ആവിഷ്ക്കരിക്കുക.

2. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആയ, തട്ടുതിരിക്കൽ, ബണ്ടുനിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക.

3. ജലവിതാനം ഉയർത്തുന്നതിനും, ജലസേചനം വർദ്ധിപ്പിക്കാനുമായി വാമനപുരം നദിയിലും ചിറ്റാറിലും ആവശ്യമായ സ്ഥലങ്ങളിൽ തടയണ (ചെക്ക് ഡാം) നിർമ്മിക്കുക.

4. കുളങ്ങൾ സംരക്ഷിക്കുകയും, നിർച്ചാലുകളിൽ (തോടുകൾ) പ്രകൃതിദത്ത വസ്തുക്കൾ ക്കൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ ഉണ്ടാക്കുകയും ചെയ്യുക.

5. നെൽപ്പാടങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും നാണ്യവിളകൾ കൃഷിചെയ്യുന്നതും, ബോധവൽക്കരണ പരിപാടികളിലൂടെയും, നിയമം മൂലവും തടയാനുള്ള പരിപാടികൾ ആരംഭിക്കുക.

6. പൊതു ഉടമസ്ഥതയിൽ കാർഷികനഴ്സറികൾ, ആഗ്രോ ക്ലിനിക്കുകൾ എന്നിവ സ്ഥാപിക്കുക.

7. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പർച്ചേസിംഗ് സെന്ററുകളും വിപണന കേന്ദ്രങ്ങളും തുടങ്ങുക.

8. കാർഷികമേഖലയുടെ അത്താണിയാകത്തക്ക വിധത്തിൽ

കൊടുവഴന്നൂർ സഹകരണ കാർഷിക ബാങ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക.

9. കാർഷിക വായ്പകൾ ഉദാരമാക്കുക.

10. ഹ്രസ്വകാലമധ്യകാല വായ്പകളോടൊപ്പം ദീർഘകാല വായ്പകളും കുറഞ്ഞപലിശക്ക് വിതരണം ചെയ്യാനും വായ്പാഗഡുക്കൾ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചടക്കാനും ഉള്ള സംവിധാനം ഉറപ്പാക്കുക.

11. പാടശേഖരക്കമ്മിറ്റികൾ വിളിച്ചുകൂട്ടുകയും കൂട്ടുകൃഷി സമ്പ്രദായത്തിന്റെ മേന്മയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക.

12. ശാസ്ത്രീയകൃഷിരീതികളെയും പ്രയോഗങ്ങളെയും പറ്റി കർഷകർക്ക് പരിശീലനം നല്കുകയും, ജൈവവളപ്രയോഗത്തെക്കുറിച്ചും കീടനാശിനികളെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്ന പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

13. ഈ പഞ്ചായത്തിലെ മുഴുവൻ തെങ്ങുകളെയും ഉപയോഗിച്ച് ശാസ്ത്രീയമായ കൂരുമുളക് കൃഷി വ്യാപിപ്പിക്കുക.

14. ഫലവർഗ്ഗച്ചെടികളുടെ കൃഷി പ്രോത്സാഹിപ്പിക്കണം.

15. പുഷ്പകൃഷിവികസനത്തിന് സമഗ്രപരിപാടികൾ ആവിഷ്ക്കരിക്കുക.

16. കിഴങ്ങുവർഗ്ഗകൃഷികൾ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ലാകേരമായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികൾ ആവിഷ്ക്കരിക്കുക.

17. പച്ചക്കറികൃഷിയിൽ സ്വയംപര്യാപ്തത നേടത്തക്കവിധം അടുക്കളത്തോട്ടങ്ങൾക്കും, സ്കൂൾ കൃഷിത്തോട്ടങ്ങൾക്കും വിത്ത്, വളം, കീടനാശിനികൾ എന്നിവ സൗജന്യമായി നല്കുക.

18. ഗ്രൂപ്പ് ഫാമിംഗിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഒരു അഗ്രിക്കൾച്ചറൽ ഡമോൺസ്ട്രേറ്ററുടെ കീഴിൽ കാർഷിക പരിചരണം ഉറപ്പുവരുത്തുകയും ചെയ്യുക.

19. നിലവിലുള്ള കുളങ്ങൾ, വേനൽക്കാലങ്ങളിൽ ജലസേചനങ്ങൾ പ്രദാനം ചെയ്യാൻ അപര്യാപ്തമാകയാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി വ്യാപകമാക്കുക.

20. തെങ്ങ്കൃഷിയുടെ വികസനത്തിനായി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി വ്യാപകമാക്കുക.

21. ജലശ്രോതസ്സുകൊണ്ട് സംപുഷ്ടമായ പുളിമാത്ത് പഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനത്തിന് പൊരുന്തമൺ മൈക്രോ വാട്ടർഷെഡ് സ്കീമിന്റെ തുടർച്ചയായി മുഴുവൻ പഞ്ചായത്തു പ്രദേശത്തും വാട്ടർഷെഡ് പ്രോഗ്രാം ആവിഷ്ക്കരിക്കുക.

22. പ്രാദേശിക കാർഷിക ഉത്പന്നങ്ങൾ ആയ തേങ്ങ, കൊക്കോ എന്നിവ ഉപയോഗിച്ച് കോക്കനട്ട് ക്രീം, കൊക്കോക്രീം എന്നിവ ഉണ്ടാക്കാനുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

23. കാർഷികോല്പന്നങ്ങൾ സംഭരണകേന്ദ്രം പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുക.

മേജർ ഇറിഗേഷൻ പദ്ധതിപ്രദേശം

പുളിമാത്ത് പഞ്ചായത്തിന്റെ 66.41 ശതമാനം കാർഷികഭൂവിനിയോകത്തിനായി ഉപയോഗിക്കുന്നു. കൃഷിയും അനുബന്ധതൊഴിലുമാണ് ജനങ്ങളുടെ പ്രധാന വരുമാനമാർഗം. കാർഷികമേഖലയുടെ സമഗ്രവികസനം പഞ്ചായത്തിലെ ജലശ്രോതസുമായി ദൃഢമായി ബന്ധപ്പെട്ടു കിടക്കുന്നു. കിണറുകളും കുളങ്ങളും തോടുകളും നദികളും പ്രധാന ജലശ്രോതസുകളാണ്.

വാമനപുരംനദിയും, ചിറ്റാറുമാണ് പഞ്ചായത്തിലെ മേജർ ഇറിഗേഷൻ പ്രോജക്ട് പ്രദേശം.

വാമനപുരംനദി

തിരുവനന്തപുരം ജില്ലയിലെ പ്രധാന നദികളിൽ ഒന്നായ വാമനപുരംനദി പുളിമാത്ത് പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി കടന്നുപോകുന്നു. വാമനപുരംപാലം മുതൽ അയിലം കടവുവരെ ഏകദേശം 8 കിലോമീറ്റർ പച്ചായത്തു പ്രദേശത്തുകൂടി ഈ നദി കടന്നുപോകുന്നു.

ചിറ്റാർ

കൊടുവഴനൂർ വില്ലേജിലെ കാഞ്ഞിരത്തുപറമ്പ് ഭാഗം മുതൽ മൂന്നാറ്റുമുക്കുവരെയുള്ള 8 കിലോമീറ്റർ പഞ്ചായത്തു പ്രദേശത്തുകൂടി ചിറ്റാർ കടന്നുപോകുന്നു. ചിറ്റാർ മൂന്നാറ്റുമുക്കിൽ വാമനപുരം നദിയുമായി ചേരുന്നു.

ഇരുനദികളിലുമായി 45 കടവുകളും 30 കുളിട്ടികടവുകളുമുണ്ട്. ചിറ്റാർനദിക്ക് 10 മുതൽ 15 മീറ്റർവരെ വീതിയും, വാമനപുരം നദിക്ക് 20മുതൽ 30 മീറ്റർ വരെ വീതിയും ഉണ്ട്. വാമനപുരം നദിയിൽ കിഴക്കേയറ്റമായ വാമനാപുരത്ത് ഒരു പാലവും, ചിറ്റാറിൽ റോഡുകടവുപാലവും മാത്രമാണുള്ളത്. നദിയും നദിയോരപ്രദേശങ്ങളും 106.81 ഏക്കറിൽ വ്യാപിച്ചുകിടക്കുന്നു.

പ്രശ്നങ്ങൾ

കാലവർഷകെടുതികൾ ഈ നദികളുടെ ഇരുകരകളേയും പൂർണ്ണമായും ബാതിക്കാറുണ്ട്. അനധികൃത മണലൂറ്റും നദീതടവൃക്ഷ

ങ്ങളുടെ നനീകരണവും ഇരുകരകളേയും നാശോന്മുഖമാക്കിയിരിക്കുകയാണ്.

നദികളുടെ ആഴം കൂടുകയും തദ്വാര ജലനിരപ്പു താഴുകയും ചെയ്യുന്നതിന്റെ ഫലമായി ഈ പദ്ധതിപ്രദേശത്തെ ഭൂഗർഭജലനിരപ്പ് ക്രമാതീതമായി താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇതുകാരണം ഈ പ്രദേശത്ത് കുടിവെള്ളക്ഷാമവും, ജലസേചനത്തിനുള്ള ജലമില്ലായ്മയും, വരൾച്ചയും, കൃഷിനാശവും സംഭവിക്കുന്നു.

അനധികൃതവും, ക്രമാതീതവുമായ മണലൂറ്റ് കാരണം നദിയുടെ ആഴം വർദ്ധിക്കുകയും, ഇരുകരകളും ഇടിയുകയും ചെയ്യുന്നുണ്ട്. ഇത്ഫലഭൂയിഷ്ഠമായ മണ്ണിന്റെ നഷ്ടത്തിനും, ഫലവൃക്ഷത്തിന്റെ വൻതോതിലുള്ള നാശത്തിനും കാരണമാകുന്നു.

നദീതീരങ്ങളിലെ വ്യാപകമായ ചുടുകട്ടനിർമ്മാണ പ്രവർത്തനങ്ങൾ നദീതീരങ്ങളെ നാശോന്മുഖമാക്കുന്നു.

പരിഹാരമാർഗ്ഗങ്ങൾ

സർവേറിക്കാർഡിൻപ്രകാരം നദീതടപ്രദേശം അളന്നു തിട്ടപ്പെടുത്തുകയും പുറമ്പോക്കുഭൂമി വീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. ഇത്തരം ഭൂമികളിൽ സാമൂഹ്യവനവൽക്കരണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, നദീതടപ്രദേശങ്ങളിലെ സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരികയും നടപ്പിലാക്കുകയും ചെയ്യുക.

അനധികൃതമണലൂറ്റ് നിയമം മൂലവും ബോധവൽക്കരണത്തിലൂടെയും പൂർണ്ണമായും നിർത്തലാക്കുക.

നദികളിലെ ചെറുതോടുകളുടെ സംഗമസ്ഥാനങ്ങൾ കരിങ്കൽ കെട്ടി സംരക്ഷിക്കുക

മണ്ണൊലിപ്പു നിവാരണപദ്ധതികൾ ആവിഷ്കരിക്കുക

നദികളുടെ ആഴം കുറക്കാനും ജലവിതാനം ഉയർത്താനുമായി ആവശ്യമുള്ള ഭാഗങ്ങളിൽ ചെക്ക്ഡാം നിർമ്മിക്കുക.

നദികളുടെ ഇരുകരകളേയും സംരക്ഷിക്കാൻ വേണ്ട കല്ലടുക്ക്

ചെറുകിട ജലസേചനവകുപ്പ് പഞ്ചായത്തിൽ ശുപാർശ ചെയ്ത് പദ്ധതികൾ

	പദ്ധതി	അടങ്കൽതുക	പ്രയോജനം ലഭിക്കുന്നഏക്കറിയ
1	കൊടുവഴന്നൂർ ഏലാ തോടിന്റെ പുനരുദ്ധാരണപണികൾ	15,00,000	65
2	പുല്ലയിൽ ആൽത്തറ ഏലാതോട് ,,	2 ലക്ഷം	16
3	നെല്ലിടപാറ ഏലാതോട്	4 ലക്ഷം	18
4	പുളിമാത്ത് ഏലാതോട് ,,	4 ലക്ഷം	18
5	ശീമവിള കുളത്തിന്റെ പുനഃരുദ്ധാരണം, ക്രോസ്ബാർനിർമ്മാണം	4 ലക്ഷം	18
6	കണ്ണമത്ത് ഏലാതോട് ക്രോസ്ബാർ നിർമ്മാണം	4 ലക്ഷം	18
7	കാരേറ്റ് ഏലാതോട് ,,	4 ലക്ഷം	18
8	പേരാപ്പ് ഏലാതോട് പുനഃരുദ്ധം	4 ലക്ഷം	18
9	കൊൽലൂവിള ഏലാതോട് ,,	4 ലക്ഷം	18
10	മേച്ചിറ ഏലാതോട്	4 ലക്ഷം	18
11	കുടിയേല ഏലാതോട് ,,	3 ലക്ഷം	16
12	പ്ലാവോട് ഏലാതോട്	2 ലക്ഷം	15
13	ചെറുവാളി ഏലാതോട്	4 ലക്ഷം	18
14	എരുത്തിനാട് ഏലാതോട് ,,	4 ലക്ഷം	18
15	പേടികുളം ടാങ്ക് പുനരുദ്ധാരണം	2 ലക്ഷം	15
16	അരിവാരിക്കുഴി ഏലാതോട്	4 ലക്ഷം	18
17	മഹാദേവരുപച്ചകുളം ,,	4 ലക്ഷം	18
18	നെല്ലിട പാറകുളം ,,	4 ലക്ഷം	18
19	കോണത്ത്കുളം പുനഃരുദ്ധാരണം	4 ലക്ഷം	18
20	അരിനല്ലൂർ ഏലാതോട് ,,	4 ലക്ഷം	18
	EEC യുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ		
	ചേർന്നമംഗലം ലിഫ്റ്റ് ഇറിഗേഷൻ		
	കാവടിചിറ		
	ചമ്പ്രാംകാട്ചിറ		
	ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ		
	യൂറോപ്യൻ സാമ്പത്തികസമൂഹത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന		
	മുരിങ്ങാട്ടുകോണം ടാങ്കിന്റെ പുനഃരുദ്ധാരണം	6,10,000	50

തുടങ്ങിയ സംരക്ഷണപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

കിളിമാനൂർ ചിറ്റാറ്റിലെ മരവെട്ടിക്കടവിലും വാമനപുരം നദിയിലെ കാവസ്ഥലത്തും, ഉപരിതലഗതാഗതത്തിന് സൗകര്യമാകത്തക്ക വിധത്തിൽ ചെക്ക് ഡാം നിർമ്മിക്കുക.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

I കൃഷി

വാർഡ് 1

1. വാമനപുരം നദിയിൽ കാവുസ്ഥലത്തിനും, അയിലം കടവിനും ഇടയിൽ ചെക്കുഡാം നിർമ്മിച്ച് ഹൈ ഹോഴ്സ് പവർ പമ്പ് സെറ്റ് ഉപയോഗിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

2. എരുത്തിനാട് മുരിങ്ങാട്ടുകോണം കാവുസ്ഥലം എന്നിവിടങ്ങളിലെ ഏലാതോട് കൃഷിക്കനുയോജ്യമാംവിധം വൃത്തിയാക്കി സംരക്ഷിക്കുക.

3. മുതുവള്ളിക്കോണം, ഉഭയകുന്നും കരുമാൺ തണ്ണിക്കോണം, ശീമവിള, ചിറ്റിലിക്കോണം, മങ്ങാട്, പെരിങ്ങാട്ടുകോണം എന്നീ കുളങ്ങൾ കൃഷി ആവശ്യത്തിനായി വൃത്തിയാക്കി സുക്ഷിക്കുക.

വാർഡ് II

1. കൊടുവഴനൂർ തോട്ടിൽ ക്രോസ്ബാറുകൾ സ്ഥാപിക്കുക

2. വാമനപുരം ആറ്റിലും രണ്ടാംവാർഡിൽ ചിറ്റാറിൻപുല്ലയിൽ ആൽത്തറമൂട് ഭാഗത്തും ചെക്ക്ഡാമുകൾ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി നിലവിലുള്ള ഏലാകളിലും കുളങ്ങളിലും ജലം എത്തിക്കുക.

3. ഊരൂർകോണം, അരിനല്ലൂർ, കൊടുവഴനൂർ എന്നീ പാടങ്ങളിൽ കൂടുതൽ കൃഷി നടത്താനുള്ള നടപടികൾസ്വീകരിക്കുക

വാർഡ് III

1. വാഴപ്പള്ളിചിറയിൽ നിന്നും നടുത്തോട്ടിലേക്ക് ഒരു കണക്ഷൻ തോട് ഉണ്ടാക്കുക

2. ചിറ്റാറിൽ കറ്റ്വീട് എന്ന സ്ഥലത്ത് ചെക്ക് ഡാം കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക

3. ചിറ്റാറിന്റെ കരഭാഗങ്ങൾ കല്ലുകെട്ടി കര സംരക്ഷിച്ച് മണ്ണാലിപ്പു തടയുക.

4. തരിശായി കിടക്കുന്ന പുല്ലയിൽ ഏലായിലെ ഊരൂർകോണം, മഞ്ഞപ്പുഴകോണം, മണ്ണാർകോണം, മുലയിൽകോണം, പാലാംകോണം എന്നീ സ്ഥലങ്ങളിൽ നെൽകൃഷി നടപ്പാക്കാനാവശ്യമായ നടപടികൾ എടുക്കുക.

വാർഡ് IV

1. ചെറിയൻഞ്ചോട്, അലയക്കോണം. ഇരട്ടച്ചിറ എന്നീ കുളങ്ങൾ വൃത്തിയാക്കുക.

2. മേക്കോട്ടറ ഏലായിൽ ജലസേചനത്തിനു വേണ്ടി പുതിയൊരു കുളം നിർമ്മിക്കണം.

3. പൊരുന്തമൺതോട്, നെടുമൺകോണം ഏലാതോട് അലയക്കോണം വള്ളംവെട്ടിക്കോണം എന്നീ ഏലാത്തോടുകൾ കെട്ടി സംരക്ഷിക്കുക.

4. ചിറ്റാറിൽ നാലാംവാർഡ് പ്രദേശത്ത് ആനുയോജ്യമായ സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുക

വാർഡ് V

1. പുളിമാത്ത് –ക്ഷേത്രക്കുളം, ആലയക്കോണംകുളം, കോണത്തുകുളം, മണ്ണൂർകോണംകുളം, കീട്ടഴികത്ത്ചിറ, അയിരൂർചിറ എന്നിവകൃഷിക്കനുയോജ്യമായ വിധത്തിൽ വൃത്തിയാക്കുക

2. ചിറ്റാറിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക

3. പുളിമാത്ത് ഏലാംതോട് സൈഡ്വാൾ കെട്ടുക

4. പേടികുളം ഏലാതോടിന്റെ സൈഡ്വാൾ കെട്ടുക

വാർഡ് VI

1. വാഴ്വേലിചിറ, പൂവകാട്ട്ചിറ എന്നിവ കൃഷിക്ക് അനുയോജ്യമായ രീതിയിൽ വൃത്തിയാക്കി സുക്ഷിക്കുക

2. പ്ലാവോട് ഏലാതോട്, കാരേറ്റ് ഏലാത്തോട് എന്നിവ സൈഡ്വാൾ കെട്ടി കൃഷിക്ക് അനുയോജ്യമാക്കുക.

വാർഡ് VII

1. തെങ്ങുംകോണം, കുടിയേല തോട്ടിൽ ക്രോസ് ബാറുകൾ നിർമ്മിക്കുക

2. ഒഴുകുപാറ, ഇറത്യമൺ എന്നിവിടങ്ങളിൽ മണ്ണാലിപ്പ് തടയുക

3. പുളിക്കയ്യോണത്തു നിന്നും വാമനപുരം നദിയിലേക്കുള്ള തോട് പുനരുദ്ധരിച്ച് ക്രോസ്ബാറുകൾ സ്ഥാപിക്കുക.

4. പയറ്റിങ്ങാക്കുഴി, ഇറത്യമൺ, പൊരുന്തമൺ തോടുകൾ വൃത്തിയാക്കുക.

വാർഡ് VIII

1. മലച്ചിറഭാഗത്ത് തോടിനോട് ചേർന്ന് ഒരു കുളം നിർമ്മിച്ച് കരിയാകുഴികുന്നിൽ റിസർവ്വേയർ സ്ഥാപിച്ചും വേടർകുന്നിൽ ഒരു റിസർവ്വേയർ സ്ഥാപിച്ചും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

2. പള്ളിമുക്ക് കേന്ദ്രമാക്കി ഒരു പഴം പച്ചക്കറി സംസ്കരണയൂണിറ്റ് സ്ഥാപിക്കുക.

3. പൊരുന്തമൺ മലച്ചിറ തോട് വള്ളംവെട്ടിക്കോണം തോട് മാവ്നില്ക്കും മുഴിപച്ചതോട് എന്നിവ വൃത്തിയായി സുക്ഷിക്കുക.

വാർഡ് IX

1. വെണ്മാനം – കുടിയേല ഏലാതോട് വട്ടക്കൈത ഏലാതോട് എന്നിവ സൈഡ്വാൾ കെട്ടി ഇടയിൽ ചെക്ക് ഡാം കെട്ടി കൃഷി അഭിവൃദ്ധിപ്പെടുത്തുക

2. വെണ്മാനം, തെങ്ങുംകോണം എന്നീ കുളങ്ങൾ വൃത്തിയാക്കുക

3. പച്ചക്കറികൃഷി വ്യാപിപ്പിക്കുക

4. പുഷ്പകൃഷി വ്യാപിപ്പിക്കുക

5. തെങ്ങംകോണം ഗ്രൂപ്പ് ഫാമിംഗ് പാടശേഖരം പ്രവർത്തനക്ഷമമാക്കുക.

വാർഡ് X

1. വാവുപ്പാറയിൽ സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തി വച്ചിരിക്കുന്ന 40 സെന്റ് വിസ്തീർണ്ണമുള്ള കുളം വൃത്തിയാക്കി ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഉണ്ടാക്കുക.

2. വാർഡ് പ്രദേശത്ത് സോയിൽ കൺസർവേഷൻ സ്കീം ആരംഭിക്കുക.

3. കൊല്ലുവിള, മീൻമുട്ടിതോട്ടിൽ സൈഡ്വാൾ കെട്ടി തടയണകൾ കെട്ടി കൃഷിസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. പച്ചക്കറികൃഷി സഹകരണസംഘം സ്ഥാപിക്കുക.

5. കൃഷിഭവന്റെ സഹായത്തോടെ വെറ്റിലകൃഷി സ്ഥാപിക്കുക.

6. വാർഡ് പ്രദേശങ്ങളിലെ വാട്ടർഷെഡ് നടപ്പിലാക്കുക.

വാർഡ് XI

1. ടാപ്പിംഗ് രണ്ടുദിവസത്തിലൊരിക്കൽ ആക്കിയും, വളം ഉപയോഗിക്കുമ്പോൾ നിയന്ത്രണം പാലിച്ചും റബ്ബർകൃഷിയെ സംരക്ഷിക്കുക


2. 30 സെന്റിനു താഴെ ഭൂമിയുള്ളവർക്ക് കിണർകുഴിക്കുന്നതിനും, പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും സബ്സിഡി അനുവദിച്ച് പറമ്പ് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക

3. നെല്ലിടപ്പാറ ഏലാതോട് ആരിവാരിക്കുഴി ഏലാത്തോട് പേരാപ്പ് ഏലാത്തോട് എന്നിവിടങ്ങളിൽ സൈഡുവാൾ കെട്ടി തടയണകൾ നിർമ്മിച്ചും ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. മഹാദേവരുപച്ചകുളം, നെല്ലിടപ്പാറ കോണത്ത്കുളം, നെല്ലിടപ്പാറകുളം എന്നിവ സൈഡുവാൾ കെട്ടി വൃത്തിയാക്കി കൃഷിക്കനുയോജ്യമാക്കുക.

5. രണ്ടു മലഞ്ചെരിവുകൾക്കിടയിലൂടെ ഒഴുകുന്ന പേരാപ്പ് ഏലാത്തോട്, ആരിവാരിക്കുഴി ഏലാത്തോട്, നെല്ലിടപ്പാറ ഏലാത്തോട് മറ്റ് ചെറുതോടുകൾ എന്നിവ ഇ വാർഡിൽ കൂടെ കടന്നു പോകുന്നു. അതിനാൽ ഇ മേഖലയെ ഒരു വാട്ടർഷെഡ് ഏരിയായി പ്രഖ്യാപിക്കണം.

മൃഗസംരക്ഷണം ക്ഷീരവികസനം മത്സ്യബന്ധനം



ഒന്നാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനു വേണ്ടിയുള്ള ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടമായ വികസനസെമിനാറിൽ മൃഗസംരക്ഷണമേഖലയെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഒരു പുനർവിചിന്തനം ആവശ്യമായി വരുന്നു. ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ മേഖലയിൽ ആവശ്യം വേണ്ട അടിസ്ഥാനഘടകങ്ങൾ കേരളത്തിൽ കുറവാണ്. കേരളത്തിലെ കുടുംബങ്ങൾക്കുത്ത് ശരാശരി 13 സെന്റ് മാത്രമാണ്. കാലിവളർത്തലിനും കോഴിവളർത്തലിനും വേണ്ട തീറ്റ നമ്മുടെ കാർഷികമേഖലയിൽ നിന്നു വരേണ്ട ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും റബ്ബർ പോലുള്ള നാണ്യവിളകളുടെ കൃഷി വർദ്ധിച്ചതോടുകൂടി കൃഷിഭൂമിയുടെ ലഭ്യത കുറയുകയും വൈയ്ക്കോലും കാലിത്തീറ്റയും അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങേണ്ട സ്ഥിതി ഉണ്ടാകുകയും ചെയ്തു. കാലിത്തീറ്റ വിപണി കുത്തകകൾ കൈവശപ്പെടുത്തി വച്ചിരിക്കുന്നു. ഇതൊക്കെ കൂടിയാണെങ്കിലും കേരളത്തിലെ പാലുല്പാദനം 1965-ൽ രണ്ടുലക്ഷം ടൺ ആയിരുന്നത് 1981-ൽ 9 ലക്ഷം ടൺ ആയും 1996-ൽ 22.46 ലക്ഷം ടൺ ആയും വർദ്ധിച്ചു. 2000-ാംമാണ്ടോടുകൂടി കേരളത്തിലെ പാലുല്പാദനം 30 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് പദ്ധതികൾ നടപ്പാക്കി വരുന്നു.

ക്ഷീരോല്പാദന മേഖലയിലുണ്ടായ ഈ കുതിച്ചുചാട്ടത്തിന് പ്രധാന കാരണങ്ങൾ 1950 കാലഘട്ടം മുതൽ കേരളത്തിലാരംഭിച്ച കൃത്രിമബീജസങ്കലനപ്രക്രിയയും പാലിന്റെ സംഭരണത്തിലും വിതരണത്തിലും സഹകരണമേഖലയുടെ കടന്നുവരവുമാണ്. രണ്ടായിരത്തോളം കേന്ദ്രങ്ങൾവഴി നടപ്പാക്കിവരുന്ന കൃത്രിമ ബീജസങ്കലനപ്രക്രിയവഴി കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവയ്ക്കുവേണ്ട ശാസ്ത്രീയമായ പരിപാലനത്തിന്റെയും പോഷകസമൃദ്ധമായ തീറ്റയുടേയും അപര്യാപ്തതമൂലം ഈ ഉല്പാദനക്ഷമത നമുക്ക് പൂർണ്ണമായി ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അസംഘടിതരായ സാധാരണ കൃഷിക്കാർ ഈ മേഖല ഉപേക്ഷിക്കാൻ നിർബന്ധിതരാക്കുന്നു. നെൽകൃഷിയുടെ അതേ അവസ്ഥയിലായിരിക്കുന്നു കന്നുകാലിവളർത്തലും. ശാസ്ത്രീയമായ പരിപാലനവും ശരിയായ തീറ്റയും നൽകുകയാണെങ്കിൽ ഇന്നുള്ള പശുക്കളുടെതന്നെ പാലുല്പാദനം 40% ത്തോളം വർദ്ധിപ്പിക്കുവാൻ കഴിയും.

പാലുല്പാദനത്തിൽ നാം കൈവരിച്ച പുരോഗതി മുട്ടയുടെയും മാംസത്തിന്റെയും മേഖലയിൽ നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുരണ്ടും അടിയന്തിരമായി ശ്രദ്ധ പതിക്കേണ്ട മേഖലകളാണ്.

മൃഗസംരക്ഷണമേഖല വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത

(1) മനുഷ്യന് പ്രകൃതി നൽകിയിരിക്കുന്നതിൽ ഏറ്റവും നല്ല പോഷകാഹാരം ജന്തുജന്യമായ പാൽ, മാംസം, മുട്ട തുടങ്ങിയ ഉല്പന്നങ്ങളാണ്. സാധാരണക്കാരുടേയും ദരിദ്രരുടേയും ഇടയ്ക്ക് ഇവയുടെ ലഭ്യത ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു.

(2) തൊഴിൽ രംഗത്തുള്ള സാധ്യതകൾ- ഉപജീവനമാർഗ്ഗമായോ, ഉപതൊഴിലായോ, മുഖ്യതൊഴിലായോ, ഹോബിയായോ ഈ മേഖലയിലെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തണം. ഈ മേഖലയ്ക്ക് മറ്റു രംഗങ്ങളെ അപേക്ഷിച്ച് മുടക്കുമുതലും കുറവാണ്. ഈ മേഖലയിലെ 60% അദ്ധ്വാനവും സ്ത്രീകളാണ് നിർവ്വഹിക്കുന്നത്. തുച്ഛവരുമാനമുള്ള കുടുംബങ്ങളിലെ വീട്ടമ്മമാർക്ക് ഈ മേഖലയിൽ താല്പര്യമുണ്ടാക്കിയെടുത്താൽ കുടുംബത്തിന്റെ വരുമാനത്തിലും പോഷകാഹാര ലഭ്യതയിലും വർദ്ധനവുണ്ടാക്കാൻ കഴിയും.

(3) ഔഷധനിർമ്മാണമുൾപ്പെടെയുള്ള വ്യവസായങ്ങൾക്കാവശ്യമായ തുകൽ, എല്ല്, ജലാറ്റിൻ, കൊഴുപ്പ്, ഹോർമോൺ വാക്സിൻ തുടങ്ങിയ വസ്തുക്കൾ വളർത്തുമൃഗങ്ങളിൽ നിന്ന് ലഭിക്കുന്നവയാണ്.

(4) കാർഷികമേഖലയ്ക്കാവശ്യമായ ജൈവവളവും, അദ്ധ്വാനശക്തിയും വീട്ടാവശ്യത്തിനുള്ള ഇന്ധനവും (Biogas) വലിയ ഒരളവുവരെ ഈ മേഖലയിൽനിന്നു ലഭിക്കുന്നു. കാർഷികമേഖലയും മൃഗസംരക്ഷണമേഖലയും പരസ്പരം അനുപൂരകങ്ങളാണ്.

(5) പേവിഷബാധാനിയന്ത്രണവും മാംസപരിശോധനയിലൂടെയുള്ള ശുദ്ധമായ മാംസോല്പാദനവും ഈ മേഖലയിലെ ശരിയായ ആസൂത്രണത്തിലൂടെ നേടിയെടുക്കാവുന്നതാണ്.

പുളിമാത്ത് പഞ്ചായത്തിലെ മൃഗസംരക്ഷണമേഖല

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടെയും നിത്യവൃത്തി കഴിഞ്ഞുവരുന്നത് കാർഷികമേഖലയിൽനിന്നും മൃഗസംരക്ഷണമേഖലയിൽ നിന്നുമുള്ള വരുമാനം കൊണ്ടാണ്. മുമ്പ് കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലിവളർത്തൽ. പാലിന്റെ ആവശ്യത്തിനും ഉഴവുമാടുകൾ എന്ന നിലയിലും വണ്ടി വലിക്കുന്നതി

നും ജൈവവളത്തിന്റെ സ്രോതസ്സുകൾ എന്ന നിലയിലും മിക്കവാറും എല്ലാ കർഷകരുടേയും വീട്ടിൽ കന്നുകാലികളെ വളർത്തിയിരുന്നു.

റബ്ബർകൃഷി വ്യാപകമായതും, ഗൾഫ്പണത്തിന്റെ വരവും ജനങ്ങൾക്ക് കൃഷിപ്പണികളിലുണ്ടായിരുന്ന താല്പര്യം കുറച്ചതോടൊപ്പം കന്നുകാലിവളർത്തലിനെയും അതു ബാധിച്ചു. ഒന്നോ രണ്ടോ പശുക്കളിൽനിന്നുള്ള വരുമാനം മാത്രം ആശ്രയിച്ച് നിത്യവൃത്തി കഴിക്കുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പശു, എരുമ, ആട്, കോഴി, താറാവ് എന്നീ മൃഗങ്ങളേയും പക്ഷികളേയുമാണ് ഈ പഞ്ചായത്തിൽ സാധാരണയായി വളർത്തി വരുന്നത്. ഇറച്ചിക്കോഴി വളർത്തലും മുയൽ വളർത്തലും പ്രചാരമാർജ്ജിച്ചു വരുന്നു. ചുരുക്കം കർഷകരുടെ വീടുകളിൽ നിലമുഴുന്നതിനുവേണ്ടി കാളകളേയും പോത്തുകളേയും വളർത്തുന്നു. കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയിലുണ്ടായ പ്രധാന വ്യത്യാസം നാടൻ പശുക്കൾ എണ്ണത്തിൽ വളരെ കുറഞ്ഞു എന്നുള്ളതാണ്. 1987-ൽ നിന്ന് 1996 ലേക്കു വരുമ്പോൾ വളർത്തുമൃഗങ്ങളുടെ സംഖ്യയിലും കുറവുണ്ടായതായി കാണാം.

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പിനു കീഴിൽ കൊടുവഴന്നൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയും പൊരുന്നമണും നെല്ലിടപ്പാറയിലും പ്രവർത്തിക്കുന്ന രണ്ട് സബ്സെന്ററുകളുമാണുള്ളത്. പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഈ സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ല. മൃഗാശുപത്രിക്ക് അസൗകര്യങ്ങളുടേയും അപര്യാപ്തകളുടേയും കഥകൾ മാത്രമേ പറയാനുള്ളൂ. കെട്ടിടം ചോർന്നൊലിക്കുന്നു. ഫർണിച്ചർ ഇല്ല. കാലപ്പഴക്കംചെന്ന വയറിംഗ് മൂലം വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. പഞ്ചായത്തിലെ എല്ലാ ആളുകൾക്കും എത്തിച്ചേരാൻ പറ്റാത്ത സ്ഥലം വാക്സിനുകളും മരുന്നുകളും സൂക്ഷിക്കുന്നതിൽ റെഫ്രിജറേറ്ററിന്റെ അഭാവം സാധാരണ ക്ലിനിക്കൽ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ലാബുപകരണങ്ങളുടെ അപര്യാപ്തത മുതലായവ ആശുപത്രിയുടെ നല്ല രീതിയിലു

1987 -ലെ കന്നുകാലിസെൻസസ് ചുരുക്കം

	ആകെ	പ്രത്യുല്പാദനത്തിന് ഉപയോഗിക്കുന്നവ	കാളകൾ കുട്ടികൾ ഉൾപ്പെടെ
(1) പശുക്കൾ നാടൻ	863	490	150
(2) പശുക്കൾ സങ്കരവർഗ്ഗം	2768	1492	378
(3) എരുമകൾ	33	18	37
(4) ആടുകൾ, കോഴികൾ	3380		
(5) നാടൻ	10401		
(6) മേൽത്തരം	4748		

1996	കറവയില്ലാത്തവ	കറവയുള്ളവ	മറ്റുള്ളവ	കാളകൾ, കുട്ടികൾ ഉൾപ്പെടെ
1. പശുക്കൾ				
(1) സങ്കരവർഗ്ഗം	800	220	950	325
(2) നാടൻ	100	30	70	125
2. എരുമകൾ	12	6	7	30
3. ആടുകൾ	3500			
4. പട്ടികൾ	1950			
5. കോഴികൾ				
(1)നാടൻ	6500			
(2) മേൽത്തരം	7800			
6. താറാവ്	125			

ള്ള പ്രവർത്തനത്തിന് തടസ്സമായി നിലക്കുന്നു. ഇപ്പോൾ യോഗ്യത ഇല്ലാത്തവർ ചികിത്സ നടത്തുന്നതുമൂലം മനുഷ്യശരീരത്തിന് ഹാനികരമായ സ്റ്റീറോയിഡും, ഹോർമോണുകളും ആന്റിബയോട്ടിക്കുകളും പാലുവഴിയും മാംസം വഴിയും ശരീരത്തിൽ എത്തി അപകടമുണ്ടാക്കുന്ന അവസ്ഥ സാമ്പത്തികനഷ്ടത്തിനു പുറമേ ഉണ്ടാകുന്നു.

മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾ അവയുടെ നേട്ടങ്ങളും കോട്ടങ്ങളും

(1) പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

താഴ്ന്ന വരുമാനക്കാരുടെ സങ്കരയിനം പശുക്കുട്ടികൾക്ക് ആദ്യപ്രസവം വരെ സൗജന്യചികിത്സയും ഇൻഷ്വറൻസ് പരിരക്ഷയും 50% സബ്സിഡിയിൽ കാലിത്തീറ്റയും നൽകുന്ന പദ്ധതി. ക്ഷീരസഹകരണസംഘങ്ങൾവഴി നടപ്പാക്കുന്ന ഈ പദ്ധതി നെല്ലിടപ്പാറ ക്ഷീരസഹകരണസംഘം വഴി കുറച്ചാളുകൾക്കു മാത്രമേ ലഭ്യമാകുന്നുള്ളൂ. ഈ പദ്ധതി മൊട്ടലുവിള ക്ഷീര സഹകരണസംഘത്തിലേക്കുകൂടി വ്യാപിപ്പിക്കുകയും കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുകയും വേണം.

(2) പേവിഷബാധാനിയന്ത്രണ പദ്ധതി

പകുതി വിലയ്ക്ക് പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ മൃഗസംരക്ഷണവകുപ്പ് ലഭ്യമാക്കുന്നു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനും പഞ്ചായത്ത് മുൻകൈ എടുക്കുകയും ചെയ്യുന്നതോടൊപ്പം സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണം കൂടിയുണ്ടെങ്കിൽ ഈ പരിപാടി വിജയിപ്പിക്കുവാൻ കഴിയും.

(3) കാലിരോഗനിയന്ത്രണ പദ്ധതി

കുളമ്പുരോഗം, കാലിവസന്ത മുതലായ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പ് സൗജന്യമായി നൽകുന്നു. പൊതുജനങ്ങളുടെ സഹകരണക്കുറവാണ് ഈ പദ്ധതി വിജയത്തിലെത്താതിരിക്കുന്നതിനുള്ള പ്രധാന കാരണം.

(4) ആടുവളർത്തൽ, പശുവളർത്തൽ മുതലായവ കാട്ടുംപുറം, മീൻകോണം കോളനിയിൽ പ്രത്യേക ഘടകപദ്ധതിപ്രകാരം നടപ്പാക്കി. അർഹതയില്ലാത്തവരായും ആവശ്യമില്ലാത്തവരായും കുറച്ചുപേർകൂടി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ കടന്നുകൂടുന്നതുമൂലം പദ്ധതി നല്ല രീതിയിൽ നടപ്പാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. മിക്കവാറും ഗുണഭോക്താക്കൾ സഹായം ലഭിച്ച് അധികം കഴിയുന്നതിനു മുമ്പ് ജീവനോപാധികൾ വിൽക്കുന്നു. പദ്ധതി അവലോകനം യഥാസമയം നടക്കുന്നില്ല.

(5) വീട്ടുവളപ്പിലെ കോഴി വളർത്തൽ

പകുതിവിലയ്ക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നു. ആവശ്യാനുസരണം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ കഴിയുന്നില്ല.

(6) ഗോരക്ഷാക്യാമ്പുകൾ

ഓരോവർഷവും ഈരണ്ടു ക്യാമ്പുകൾ വീതം വിദഗ്ധഡോക്ടർമാരുടെ മേൽ നോട്ടത്തിൽ മൃഗങ്ങൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ വന്ധ്യതാചികിത്സ, മറ്റുചികിത്സകൾ, ചർച്ചാക്ലാസ്സുകൾ ഇവ ഉൾപ്പെടുത്തി നടത്തുന്നു.

പഞ്ചായത്തിന്റെയും ക്ഷീരസഹകരണ സംഘങ്ങളുടെയും സഹകരണം കൂടിയുണ്ടെങ്കിൽ ഈ ക്യാമ്പുകളെ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയും.

ഇനി മൃഗസംരക്ഷണമേഖലയിലെ ഓരോ രംഗത്തും പുളിമാത്ത് ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും സാധ്യതകളും പരിശോധിക്കാം.

(1) ക്ഷീരോല്പാദനരംഗം

പഞ്ചായത്തിലെ വാർഷിക പാലുല്പാദനം ഏകദേശം 1375 ടണ്ണോളം വരും. ഇതിൽ ഏകദേശം 25% മാത്രമേ സംഘടിതമേഖലയിൽക്കൂടി സംഭരിക്കുന്നുള്ളൂ. നെല്ലിടപ്പാറ ക്ഷീരോല്പാദകസംഘം, മൊട്ടലുവിള ക്ഷീരോല്പാദകസഹകരണസംഘം, കുറുമ്പയം ക്ഷീരോല്പാദകസഹകരണസംഘം (വാമനപുരം ഗ്രാമപഞ്ചായത്ത്) എന്നീ മൂന്ന് സ്ഥാപനങ്ങൾ വഴിയാണ് ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ സംഭരിക്കുന്നത്. കാരേറ്റ്, പുളിമാത്ത്, പൊരുന്തമൺ പ്രദേശങ്ങളിലുള്ളവർ പാൽവിപണനത്തിന് പ്രയാസം നേരിടുന്നു. പുളിമാത്തു കേന്ദ്രീകരിച്ച് ക്ഷീരോല്പാദകസഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചാൽ കർഷകർക്ക് ഉപകാരപ്രദമായിരിക്കും.

നിലവിലുള്ള ക്ഷീരസംഘങ്ങളിൽ നെല്ലിടപ്പാറസംഘത്തിൽ ഇപ്പോൾ 481 അംഗങ്ങൾ ഉണ്ട്. പ്രതിവർഷം ഏകദേശം 1,30,00 ലിറ്റർ പാൽ ഈ സംഘത്തിൽ സംഭരിക്കുന്നുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ സംഘം സന്ദർശിച്ച് ഡോക്ടർമാർ ക്ഷീരോല്പാദകരുടെ കറവമാടുകൾക്ക് വേണ്ട ചികിത്സകൾ നൽകി

വരുന്നു. ശ്രീ. മുത്തൻകുഴി എൻ. സുകുമാരപിള്ള പ്രസിഡന്റായുള്ള ഒൻപതംഗഭരണസമിതി സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ സംഘം 14-2-1984- ലാണ് പ്രവർത്തനം ആരംഭിച്ചത്.

അതുപോലെ 1980-ൽ പ്രവർത്തനം കൊടുവഴന്നൂർ കേന്ദ്രമാക്കി മൊട്ടലുവിളയിൽ ആരംഭിച്ച ക്ഷീരസഹകരണസംഘവും മെച്ചമായ തരത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ 1,2,3 വാർഡുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. സംഘത്തിന് സ്വന്തമായിസ്ഥലമുണ്ടെങ്കിലും ഇനി കെട്ടിടം നിർമ്മിച്ചിട്ടില്ല. ശ്രീ കെ.ശിവശങ്കരൻപിള്ള പ്രസിഡന്റായുള്ള ഒൻപതംഗ ഭരണസമിതി സംഘത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

ഈ സംഘങ്ങളുടെ പരിതിയിൽ വരുന്ന കർഷകർക്ക് ഒട്ടനവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നു. ആവശ്യത്തിന് കാലിതീറ്റ ലഭ്യമാകാത്തത് പ്രശ്നങ്ങള സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ പ്രധാന കേന്ദ്രത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിച്ചു. അതുപോലെ പാലുല്പാദനങ്ങളുടെ യൂണിറ്റുകൾ വിവിധ പ്രദേശങ്ങളിൽ സ്ഥാപിയ്ക്കാൻ കഴിഞ്ഞാൽ വനിതകൾ ഉൾപ്പെടെ നിരവധി പേർക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കാനും കഴിയും.

(2) മാംസോല്പാദനരംഗം

പാലുല്പാദനം കുറഞ്ഞ പശുക്കൾ, കാളകൾ, ആട്, കോഴി ഇവയാണ് മാംസാവശ്യത്തിനുപയോഗിക്കുന്നത്. ബ്രോയിലർ കോഴിവളർത്തലും മുയൽവളർത്തലും പ്രചാരത്തിലായിവരുന്നു. ഇവയുടെ വിപണിപ്രശ്നമാണ് പുറത്തുനിന്ന് കശാപ്പു നടത്തിക്കൊണ്ടുവരുന്ന മൃഗങ്ങളെയാണ് ഉപഭോക്താക്കൾക്ക് വില്ക്കുന്നത്. വർദ്ധിച്ച വിലയും ആവശ്യവും കണക്കിലെടുത്ത് ആടുവളർത്തലും കാളകുട്ടികളെ മാംസാവശ്യത്തിനുവേണ്ടി വളർത്തുന്നതും പ്രോത്സാഹിപ്പിക്കണം. മുയൽ, ടർക്കി, കാട, താറാവ് ഇവ വളർത്താൻ താല്പര്യമുള്ളവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം. ബ്രോയിലർ കോഴിവളർത്തൽ സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയും വിപണി ലഭ്യമാക്കുകയും ചെയ്താൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവരെ ഒഴിവാക്കാം.

കാലിത്തീറ്റ ഉല്പാദനരംഗം

കാലിത്തീറ്റ വിപണി കുത്തകകൾ കൈയടക്കി വച്ചിരിക്കുന്നു. സഹകരണ(ക്ഷീര) സംഘങ്ങൾ വഴി ലഭിക്കുന്ന തീറ്റ ആവശ്യത്തിന് തികയുന്നില്ല. തരിശായി കിടക്കുന്ന സ്ഥലങ്ങളിലും പുറമ്പോക്കുകളിലും ക്ഷീര സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ പുൽകൃഷിനടത്തുക, പ്രാദേശികമായി ലഭിക്കുന്ന തേങ്ങാപിണ്ണാക്ക്, കപ്പ, തവിട് മുതലായവകൂടി ഉപയോഗപ്പെടത്തക്കവിധം കാലിത്തീറ്റമിശ്രണയൂണിറ്റുകൾ ആരംഭിക്കണം.

മുട്ടയുല്പാദനം

പഞ്ചായത്തിൽ ഏകദേശം ഒരുവർഷം ഏകദേശം 7 ലക്ഷത്തോളം മുട്ട ഉല്പാദിപ്പിക്കുന്നു. മുട്ടയുടെ വാർഷികാവശ്യം ഏകദേശം 20 ലക്ഷത്തോളം വരുന്നു. ഈ കമ്മി തമിഴ്നാട്ടിൽ നിന്നു വരുന്ന മുട്ടയിലൂടെ പരിഹരിക്കുന്നു. ദൂർബ്ബലവിഭാഗത്തിൽപ്പെട്ട വീട്ടമ്മമാരിലൂടെ അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വൻവികസനസാദ്ധ്യതയാണ് ഈ രംഗത്തുള്ളത്. മൃഗസംരക്ഷണവകുപ്പ് നടപ്പാക്കുന്ന "എഗ്ഗർ നഴ്സറി പദ്ധതി" ഒന്നെങ്കിലും ഈ പഞ്ചായത്തിൽ നടപ്പാക്കണം.

(സർക്കാർ ഹാച്ചറികളിൽനിന്ന് ലഭിക്കുന്ന ഒരുദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ സ്വീകരിച്ച് 60 ദിവസംവരെ വളർത്തി കർഷകരിലെത്തിക്കാനുള്ള പദ്ധതി) മുതൽ മുടക്കാൻ കഴിവുള്ള ഒരാൾക്ക് ഈ പദ്ധതി നടത്താം. സർക്കാരിൽനിന്ന് സബ്സിഡിയുൾപ്പെടെയുള്ള സഹായം ലഭ്യമാക്കാം.

ബയോഗ്യാസ് - കാർഷികാവശ്യത്തിനുള്ള മൃഗശക്തി (Draff power)

വിരലിലെണ്ണാവുന്ന കർഷക കുടുംബങ്ങളിൽ മാത്രമേ നിലമുഴുന്നതിനും, വണ്ടി വലിക്കുന്നതിനും കാലികളെ വളർത്തുന്നുള്ളൂ. ബയോഗ്യാസ് പാചകാവശ്യങ്ങൾക്കുപയോഗിക്കുന്ന കുടുംബങ്ങളും കുറവാണ്. ഇവ രണ്ടും പ്രചാരത്തിൽ വരുന്നതിന് ബാങ്ക് വായ്പയും സാമ്പത്തികസഹായവും ലഭ്യമാക്കണം.

പേവിഷബാധാനിയന്ത്രണം

കഴിഞ്ഞവർഷം പുളിമാത്ത് മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ 150 വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കി. പഞ്ചായത്തിലെ വളർത്തു നായ്ക്കളുടെ എണ്ണം 2000 ഓളം വരും. കടിയേറ്റശേഷം പ്രതിരോധ കുത്തിവയ്പു നടത്തുന്ന ജനങ്ങൾക്ക് ആവശ്യമായ വാക്സിന്റെ വിലയും നഷ്ടപ്പെടുന്ന മനുഷ്യാധ്വാനദിനങ്ങളുടെ നഷ്ടവും കണക്കാക്കുമ്പോൾ പേവിഷബാധാ നിയന്ത്രണത്തിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. സൗജന്യനിരക്കിൽ വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് നടത്തുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും വേണം.

മാംസപരിശോധന

കശാപ്പിനും മാംസവില്പനയ്ക്കും ഒരു നിയന്ത്രണവുമില്ലാത്തതുകൊണ്ട് വൃത്തിഹീനമായ ചുറ്റുപാടുകളിൽ കശാപ്പു നടത്തുന്ന മൃഗങ്ങളുടെ മാംസം കഴിക്കേണ്ടിവരുന്നു. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നമാണ്. മാംസപരിശോധന കർശനമാക്കുന്നതിലൂടെ ശുദ്ധമായ മാംസം ലഭ്യമാക്കാനുള്ള നടപടികൾ ആവശ്യമാണ്.

ഇൻഷ്വറൻസ് പരിരക്ഷ

വളർത്തു മൃഗങ്ങളുടെ മരണംമൂലം കർഷകർക്ക് താങ്ങാനാവാത്ത നഷ്ടം ഉണ്ടാകുന്നു. പഞ്ചായത്തിലുള്ള താഴ്ന്ന വരുമാനക്കാരുടെയും ദുർബലിഭാഗങ്ങളുടെയും വളർത്തുമൃഗങ്ങൾക്ക് സൗജന്യനിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുക.

കർഷകർക്ക് അവാർഡ്

കാലിവളർത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത കർഷകർക്കു അവാർഡുകൾ നൽകുകയും ആദരിക്കുകയും വേണം.

വനിതാപങ്കാളിത്തം

തൊഴിൽരഹിതരായ ഗ്രാമീണ വനിതകളെ സംഘടിപ്പിക്കുകയും ഈ രംഗത്തേക്കു കൊണ്ടുവരികയും വേണം.

പുളിമാത്തു ഗ്രാമപഞ്ചായത്തിൽ ഈ മേഖലയുടെ വികസനത്തിനുള്ള പൊതുനിർദ്ദേശങ്ങൾ

മൃഗ സംരക്ഷണമേഖലയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, കൂടുതലായി ഗ്രാമീണസ്ത്രീകളെ ഈ രംഗത്തേക്കു കൊണ്ടുവരിക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക, മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനികവത്കരിക്കുക, പേവിഷബാധാനിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പാക്കുക എന്നിവയ്ക്കാണ് ഈ മേഖലയിൽ ഊന്നൽ നൽകേണ്ടത്. അതിനുള്ള പൊതുനിർദ്ദേശങ്ങളാണ് ഇവ.

(1) കാലിത്തീറ്റയുടെ ഉല്പാദനത്തിലും വിതരണത്തിലും ഇടപെടുക, പ്രാദേശികമായി ലഭിക്കുന്ന വിവേങ്ങൾ സമാഹരിച്ച് കാലിത്തീറ്റ ഉല്പാദിപ്പികകുക, കാലിത്തീറ്റയും കോഴിത്തീറ്റയും ന്യായവിലഷോപ്പുകളിലൂടെ ലഭ്യമാക്കാൻ കഴിയണം. ഇതിന് പഞ്ചായത്തിന്റെയും ക്ഷീരസഹകരണസംഘങ്ങളുടെയും, ധനകാര്യസ്ഥാപനങ്ങളുടെയും യോജിച്ചുള്ള പ്രവർത്തനം വേണം. ഇവ പഞ്ചായത്തിൽ തുടങ്ങാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെങ്കിൽ ബ്ലോക്ക് തലത്തിലെങ്കിലും ആരംഭിക്കണം.

(2) തരിശുസ്ഥലങ്ങളും പുറമ്പോക്കുസ്ഥലങ്ങളും ഭൂമികളും കണ്ടെത്തി ക്ഷീര സഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ പുൽകൃഷി നടപ്പാക്കണം.

(3) പുളിമാത്ത്, കാരേറ്റ്, പൊരുന്തമൺ പ്രദേശങ്ങളിൽ കർഷകരെ ലഭ്യമാക്കി ക്ഷീരസഹകരണസംഘം ആരംഭിക്കണം.

(4) ധനകാര്യസ്ഥാപനങ്ങൾ കൂടുതൽ വായ്പകൾ ലഭ്യമാക്കണം. വായ്പകളുടെ ദുർവിനിയോഗം ഒഴിവാക്കുന്നതിലേക്കായി പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീരസഹകരണസംഘം ഭാരവാഹികൾ, ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ, കർഷകർ ഇവർ ചേർന്ന ഒരു സമിതിയുണ്ടാക്കി ഈ സമിതിയുടെ ശുപാർശപ്രകാരം വായ്പകൾ നൽകുകയും, അവയുടെ വിനിയോഗവും തിരിച്ചടവും വിലയിരുത്തുകയും വേണം.

(5) ആശുപത്രി വികസന സമിതി രൂപീകരിക്കുക അതിലൂടെ ആശുപത്രിയുടെ വിപുലീകരണം നടപ്പാക്കുകയും വേണം. അത്യാവശ്യമരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ സ്ഥാപിക്കുക

(6) പഞ്ചായത്തുതലത്തിൽ വളർത്തുമൃഗങ്ങൾക്ക് നാമമാത്രമായ നിരക്കിൽ മാസ്റ്റർ പോളിസിവഴി ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടാകണം.

(7) മാംസപരിശോധന കർശനമാക്കുന്നതിലൂടെ ശുദ്ധമായ മാംസം ലഭ്യമാക്കണം.

(8) ചികിത്സാരംഗത്ത് യോഗ്യതയുള്ളവരെ മാത്രം പ്രവർത്തിക്കാൻ അനുവദിക്കുക. ഇത് പരിശോധിക്കാൻ പഞ്ചായത്തിന് അധികാരം വേണം.

9) സ്ത്രീകൾക്ക് പ്രത്യേകിച്ച് ദുർബ്ബലവിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അതുവഴി ഈ മേഖലയ്ക്കുവേണ്ട സഹായങ്ങൾ എത്തിക്കുക.

(10) പഞ്ചായത്തിന്റെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ പേവിഷ ബാധാനിയന്ത്രണത്തിന് നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.

(11) കാലിവളർത്തലിനുവേണ്ട എല്ലാ സൗകര്യങ്ങളുണ്ടായിട്ടും പല കാര്യങ്ങൾ കൊണ്ടും ഈ തൊഴിൽ മതിയാക്കിയ സാമ്പത്തികശേഷിയുള്ളവരെ ഈ മേഖലയിലേക്ക് തിരിച്ച് കൊണ്ട് വരുക. (ഇതിൽനിന്ന് വേറെ കുറച്ചാളുകൾക്കു കൂടി തൊഴിൽ ലഭിക്കുമെന്ന പ്രയോജനവും ഉണ്ട്)

(12) പ്രത്യേക കന്നുകുട്ടി വികസനപരിപാടിയുടെ സഹായം

എല്ലാ സങ്കരവർഗം പശുക്കുട്ടികൾക്കും ലഭ്യമാക്കണം.

(13) ആശുപത്രികൾ വഴി നടപ്പാക്കുന്ന ഗോരക്ഷാകൃത്രിമങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കൂടുതൽ പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

(14) ആടുവളർത്തലിൽ വലിയ സാധ്യതകളുള്ള ഈ പഞ്ചായത്തിൽ വായ്പകളും മറ്റും ലഭ്യമാക്കി കൂടുതൽ വ്യാപിപ്പിക്കുക.

(15) ഇറച്ചിക്കോഴി വളർത്തൽ സഹകരണാടിസ്ഥാനത്തിലാക്കി വിപണനത്തിന് കൂടുതൽ സൗകര്യം ലഭ്യമാക്കണം.

(16) എഗ്ഗർ നഴ്സറികൾ ഒന്നെങ്കിലും ഈ പഞ്ചായത്തിൽ നടപ്പാക്കണം. വീട്ടുമുറ്റത്തെ കോഴിവളർത്തലിന് തെരഞ്ഞെടുത്ത വീട്ടമ്മമാർക്ക് പകുതി വിലയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

(17) സ്കൂൾ വിദ്യാർത്ഥികളെ ഈ രംഗത്ത് താല്പപരൃമുള്ളവരാക്കിത്തീർക്കാൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്യുക.

(18) പഞ്ചായത്ത്തലത്തിൽ ഈ മേഖലയിലെ നല്ല കർഷകരെ ആദരിക്കുകയും അവാർഡുകൾ നൽകുകയും ചെയ്യുക.

(19) കാർഷികാവശ്യങ്ങൾക്ക് മൃഗശക്തിയും ജൈവവളവും ലഭ്യമാക്കുന്നതിന് ഉഴവുമാടുകളെ വാങ്ങാൻ വായ്പകളും സാമ്പത്തികസഹായവും ലഭ്യമാക്കുക.

(20) ബയോഗ്യാസ് പ്ലാന്റുകൾ സാധ്യതയുള്ളിടങ്ങളിൽ ആരംഭിക്കുക

(21) കന്നുകാലി കുളമ്പുരോഗത്തിനെതിരെയുള്ള പ്രതിരോധകുത്തിവയ്പ് വ്യാപകമാക്കുക

(22) കോഴിവസന്ത, കോഴിവസൂരി ഇവക്കെതിരെയുള്ള സൗജന്യപ്രതിരോധകുത്തിവയ്പുകൾ നൽകുക.

മത്സ്യബന്ധനം

പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്നവർ വിരളമാണ്. മത്സ്യകൃഷിക്ക് താല്പര്യമുള്ളവർ ഉണ്ടെങ്കിലും സാങ്കേതികകാരണങ്ങളാൽ മത്സ്യകൃഷി നടത്താൻ കഴിയാത്ത അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉള്ള നെൽപ്പാടങ്ങളുടെ വശങ്ങളിൽ കുളങ്ങൾ ഉണ്ടെങ്കിലും വേനൽക്കാലങ്ങളിൽ വറ്റിപോകുന്നവയും നാട്ടുകാർക്ക് കുളിക്കുന്നതിനും കന്നുകാലികളെ കുളിപ്പിക്കുന്നതിനും ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനും ടി കുളങ്ങളിലെ വെള്ളം അത്യാവശ്യഘടകമാണ്.

മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിലെ പാഴ്വേലിചിറയിൽ മത്സ്യകൃഷിതല്പരനായ ഒരു കർഷകൻ ആദായകരമായ രീതിയിൽ മത്സ്യകൃഷി നടത്തിയിട്ടുണ്ട്. മുരിങ്ങാട്ടുകോണംചിറ, കാവടിചിറ, ചെമ്പ്രാംകാട്ചിറ, മഞ്ഞപ്പുഴക്കോണംചിറ, വാഴ്വേലിചിറ, തെങ്ങുംകോണംചിറ, ആലയക്കോണംചിറ, മങ്ങാട്ടുചിറ, കോണത്ത്ചിറ, കാരേറ്റ്ചിറ, മണ്ണാറുകോണംചിറ, നെല്ലിടപ്പാറചിറ എന്നിവിടങ്ങളിൽ മത്സ്യകൃഷി ആദായകരമായ രീതിയിൽ നടത്താവുന്നതാണ്. അതിന് വേണ്ട പ്രവർത്തനങ്ങൾ പൊതുജനങ്ങളും ഗ്രാമപഞ്ചായത്തും, ഫിഷറീസ്വകുപ്പും സംയുക്തമായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

മൃഗസംരക്ഷണവും ക്ഷീരവികസനവും

വാർഡ് 1

1 വാർഡ് കേന്ദ്രമാക്കി ഒരു പാൽ ഉല്പാദക സഹകരണസംഘവും, ഗോസംവർദ്ധന ഉപകേന്ദ്രവും സ്ഥാപിക്കുക

വാർഡ് 2

1. കോഴിവളർത്തലിൽ പരിശീലനം നൽകുക

വാർഡ് 3

1. പട്ടികജാതിക്കാർക്ക്, ഡയറി ഡിപ്പാർട്ട്മെന്റ് പശു വളർത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി വാർഡിൽ നടപ്പിലാക്കുക.

2. I.C. D. P സബ്സെന്റർ തോപ്പിൽമുക്കിൽ സ്ഥാപിക്കുക

വാർഡ് 4

1. പൊരുന്തമൺ പാൽസൊസൈറ്റി പ്രവർത്തനക്ഷമമാക്കുക

2. മുന്നിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന കൃഷിക്കാർക്ക് മിനി ഗോബർ ഗ്യാസ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികസഹായങ്ങൾ ചെയ്യുക

3. പൊരുന്തമണിലുള്ള I.C.D.P സെന്റർ മൃഗാശുപത്രിയായി ഉയർത്താനുള്ള നടപടി സ്വീകരിക്കുക

വാർഡ് 5

1. പുളിമാത്ത് ഒരു വെറ്റിനറി സബ് സെന്റർ സ്ഥാപിക്കുക

2. കാലിത്തീറ്റ നിർമ്മാണശാല സ്ഥാപിക്കണം

വാർഡ് 6

1. കോഴിവളർത്തൽ യൂണിറ്റും ആടുവളർത്തൽയൂണിറ്റും സ്ഥാപിക്കുക

വാർഡ് 7

1. പാൽസംഭരണത്തിന് വേണ്ടി വാർഡ് കേന്ദ്രമാക്കി ഒരു പാൽസൊസൈറ്റി രൂപീകരിക്കുക

2. കാരേറ്റ് കേന്ദ്രമാക്കി ഒരു മൃഗസംരക്ഷണകേന്ദ്രം

വാർഡ് 8

1. മഞ്ഞപ്പാറയിൽ ഒരു ഗോസംവർദ്ധന ഉപകേന്ദ്രം സ്ഥാപിക്കുക

വാർഡ് 9

1. പാൽ ഉല്പാദക സഹകരണസംഘം സ്ഥാപിക്കുക

2. താളിക്കുഴി I.C.D.P സബ്സെന്റർ സ്ഥാപിക്കുക

3. കമുകിൻകുഴി I. H. D. D കോളനിയിലെ പട്ടികജാതിക്കാർക്ക് കറവപശുക്കളെ വിതരണം ചെയ്യുക

വാർഡ് 10

1. കന്നുകാലി തീറ്റ പുൽകൃഷി വ്യാപിപ്പിക്കുക

2. വാർഡ് കേന്ദ്രത്തിൽ മൃഗസംരക്ഷണകേന്ദ്രം സ്ഥാപിക്കുക

3. വാർഡ് കേന്ദ്രമാക്കി ഫീഡ് മിക്സിംഗ്സെന്റർ സ്ഥാപിക്കുക

വാർഡ് 11

1. പേരാപ്പ് മേഖലയിൽ കാലിതീറ്റ വിതരണകേന്ദ്രവും I.C.D.P. സെന്ററും സ്ഥാപിക്കുക

2. മാതൃകാഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകുക

3. ഡയറിസർവ്വീസ് യൂണിറ്റ് വാർഡ് കേന്ദ്രമാക്കി സ്ഥാപിക്കുക

4. ക്രീ സെപറേറ്റർ വാങ്ങുന്നതിന് നെല്ലടപ്പാറ ക്ഷീരോല്പാദക സഹകരണ സംഘത്തിന് ധനസഹായം ചെയ്യുക.

വിദ്യാഭ്യാസം



ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ പുളിമാത്ത് ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘടിതവും അല്ലാത്തതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിരുന്നു. പക്ഷേ ദേശീയപ്രസ്ഥാനവും സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങളും ഔപചാരികമായും അനൗപചാരികമായും വിദ്യാഭ്യാസ ഏജൻസികളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്വാധീനം ഇവയെല്ലാം

വിദ്യാലയങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ (പട്ടിക I കാണുക)

വിദ്യാലയസൗകര്യങ്ങൾ പട്ടിക I

കുട്ടികളുടെ എണ്ണം അദ്ധ്യാപകരുടെ എണ്ണം അദ്ധ്യാപക പരിശീലന യോഗ്യത

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	95–96	M	F	T	M.Ed.	B.Ed.	T.T.C.	
1	ഗവൺമെന്റ് LPS കുറ്റിമൂട്	സർക്കാർ	298	3	6	9			8	1 അറബിക്
2	ഗവൺമെന്റ് LPS പുളിമാത്ത്	സർക്കാർ	337	7	4	11			11	
3	ഗവൺമെന്റ് LPS പുല്ലയിൽ	സർക്കാർ	221	2	7	9				
4	ഗവൺമെന്റ് LPS പേടികുളം	സർക്കാർ	269	1	5	6			6	
5	LMLPS അരിവാരിക്കുഴി	എയിഡഡ്	245	1	8	9		4	4	1 അറബ്
6	LMLPS മേൽപൊരുന്തമൺ	എയിഡഡ്	261	4	6	10		2		1 അറബിക്
7	മഞ്ഞപ്പാറ UPS താളിക്കുഴി	പഞ്ചായത്ത്	207			8		1		1 തയ്യൽ
8	SKVUPS പുല്ലയിൽ	എയിഡഡ്	211	2	7	9				
9	SNVUPS പൊരുന്തമൺ	എയിഡഡ്	184	2	7	9				
10	UPS പുളിമാത്ത്	എയിഡഡ്	196	5	5	10				
11	ഹൈസ്കൂൾ കൊടുവഴന്നൂർ	ഗവൺമെന്റ്	1331	23	24	47	1	16	17	
12	ദേവസ്വംബോർഡ് ഹൈസ്കൂൾ, കാരേറ്റ്		1125	6	36	42		40	2	

പട്ടിക II

വിദ്യാലയസൗകര്യങ്ങൾ

1	2	3	4	5	6	7	8	9	10	11	12	13
1	ഗവൺമെന്റ് LPS കുറ്റിമൂട്	1 ഏക്കർ	ഉണ്ട്	ഇല്ല	ഉണ്ട്	139	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
2	ഗവൺമെന്റ് LPS പുളിമാത്ത്	73 സെന്റ്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3	ഗവൺമെന്റ് LPS പുല്ലയിൽ	52 സെന്റ്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
4	ഗവൺമെന്റ് LPS പേടികുളം	25 സെന്റ്	ഉണ്ട്	ഇല്ല	ഉണ്ട്	90	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5	LMLPS അരിവാരിക്കുഴി	1 ഏക്കർ 14 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	85	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
6	LMLPS മേൽപൊരുന്തമൺ	75 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	160	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
7	മഞ്ഞപ്പാറ UPS താളിക്കുഴി		ഉണ്ട്	ഇല്ല	ഇല്ല		ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
8	SKVUPS പുല്ലയിൽ	99 സെന്റ്	ഉണ്ട്	ഇല്ല	ഉണ്ട്	1300	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
9	SNVUPS പൊരുന്തമൺ	11/2 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	801	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
10	UPS പുളിമാത്ത്	1 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	2000	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
11	ഗവ:ഹൈസ്കൂൾ കൊടുവഴന്നൂർ	82 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്		ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
12	ദേവസ്വംബോർഡ് ഹൈസ്കൂൾ, കാരേറ്റ്	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	3000	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

1 – ക്രമനമ്പർ; 2 – സ്കൂളിന്റെ പേര്; 3 – വിസ്തീർണ്ണം; 4 – ഓഫീസ്മുറി; 5 – ലബോറട്ടറി; 6 – സ്റ്റാഫ്മുറി; 7 – ലൈബ്രറിപുസ്തകങ്ങളുടെ എണ്ണം; 8 – മൂത്രപ്പുര; 9 – കക്കൂസ്; 10 – പാചകമുറി; 11 – വൈദ്യുതി; 12 – കളിസ്ഥലം; 13 – കിണർ

വിദ്യാഭ്യാസപുരോഗതി മെച്ചപ്പെടുത്തുന്നതിന് പ്രേരണയായിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം പരിശോധിച്ചാൽ രാജവാഴ്ചക്കാലത്ത് തുടക്കം കുറിച്ചതും പില്ക്കാലത്ത് പഞ്ചായത്തിലെ ചില സവർണ്ണവിഭാഗങ്ങൾ മുൻകൈ എടുത്ത് നടത്തിയതുമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിക്ക് അദ്ധ്യാപകർ കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. ഇപ്രകാരം സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുതന്നെ പൊതുവിദ്യാഭ്യാസരംഗത്ത് പുളിമാരത്ത് ഗ്രാമപഞ്ചായത്ത് ഏറെ മുന്നിലായിരുന്നു.

കൊടുവഴന്നൂരിൽ വലിയ കാട് എന്ന സ്ഥലത്ത് ഒരു നൂറ്റാണ്ട് മുമ്പ് സ്ഥാപിതമായ സർക്കാർ പ്രൈമറിസ്ക്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഈ സ്ക്കൂളാണ് 1981-ൽ കൊടുവഴന്നൂർ ഗവൺമെന്റ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഹൈസ്കൂൾ ഉൾപ്പെടെ അഞ്ചു സ്കൂളുകളും സ്വകാര്യമേഖലയിൽ ഒരു ഹൈസ്ക്കൂൾ ഉൾപ്പെടെ ആറു സ്കൂളുകളും നിലവിലുണ്ട്. കൂടാതെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ താളിക്കുഴിയിൽ ഒരു അപ്പർപ്രൈമറിസ്കൂളും പ്രവർത്തിച്ചുവരുന്നു.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമേ പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ പന്ത്രണ്ടോളം പാരലൽ കോളേജുകളും അഞ്ചോളം ടൈപ്പ്റൈറ്റിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള ഒരു തയ്യൽപരിശീലനകേന്ദ്രവും സ്വകാര്യമേഖലയിൽ പത്തിൽപരം നെഴ്സറിസ്കൂളുകളും സർക്കാർമേൽനോട്ടത്തിൽ നാലോളം അംഗൻവാടികളും പ്രവർത്തിച്ചുവരുന്നു. എന്നാൽ സാങ്കേതികവിദ്യാഭ്യാസത്തിനും മറ്റ് ഉന്നതവിദ്യാഭ്യാസാവശ്യങ്ങൾക്കും പ്രധാനമായും പഞ്ചായത്തിനു പുറത്തുള്ള വിദ്യാഭ്യാസകേന്ദ്രങ്ങളെയും സംരംഭങ്ങളെയുമാണ് കൂടുതലായി ആശ്രയിക്കുന്നത്.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം മുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനുപുറമെ അഞ്ഞൂറോളം വിദ്യാർത്ഥികൾ കിളിമാനൂർ R.R.V.H.S (ബോയ്സ് & ഗേൾസ്) ഗവ. ഹൈസ്കൂൾ, ടൗൺ U.P.S, ചെങ്കിക്കുന്ന് L.P.S, കല്ലറ ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ ഇരുനൂറോളം വിദ്യാർത്ഥികൾ സമീപപ്രദേശങ്ങളിലും തിരുവനന്തപുരം നഗരത്തിലുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നതായി കണക്കാക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലെകണക്ക് പരിശോധിക്കുമ്പോൾ മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്നതായി കാണപ്പെടുന്നുണ്ട്. ജനനനിരക്കിലുണ്ടായിട്ടുള്ള കുറവ് ഇംഗ്ലീഷ്മീഡിയം സ്കൂളുകളോടുള്ള ഭ്രമം, സാമ്പത്തികരംഗത്തുള്ള നേരിയ പരാധീനത ഇവയെല്ലാം കുട്ടികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവിന് കാരണമായ ഘടകങ്ങളാണ്.

നിലവിലുള്ള ഹൈസ്കൂളുകളിൽ എത്തിച്ചേരാനുള്ള ദൂരക്കൂടുതലാണ് വിദ്യാർത്ഥികളെ സമീപപഞ്ചായത്തുകളിലെ സ്കൂളുകളിലേക്കു ആകർഷിക്കുന്നത്. പട്ടികജാതിക്കാർക്കുവേണ്ടി താളിക്കുഴി, കുറ്റിമൂട് പ്രദേശങ്ങളെ കേന്ദ്രമാക്കി ആരംഭിച്ച സ്വകാര്യ പ്രൈമറി വിദ്യാലയം ചിലരുടെ സ്വാർത്ഥതാല്പര്യങ്ങൾ മൂലം നിലനിർത്താൻ കഴിഞ്ഞില്ല.

വിദ്യാലയസർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഗ്രാമപഞ്ചായത്തിലെ കിഴക്കൻമേഖലകളായ പൊരുന്തമൺ, മഞ്ഞപ്പാറ, കാട്ടുംപുറം, കുറ്റിമൂട്, താളിക്കുഴി, അരിവാരിക്കുഴി എന്നീ പ്രദേശങ്ങൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളാണ്.

പഞ്ചായത്തിലെ വിവിധസ്കൂളുകളിലായി 179 അദ്ധ്യാപകരുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അദ്ധ്യാപകരിൽ നല്ലൊരു ഭാഗവും വേണ്ടത്ര ഇൻസർവ്വീസ് ട്രെയിനിംഗിന് വിധേയരായിട്ടില്ല. ആറു വിദ്യാലയങ്ങൾക്കു മാത്രമേ വൈദ്യുതി കണക്ഷൻ ഉള്ളൂ. 3 സ്കൂളുകളിൽ മാത്രമാണ് പാചകപ്പുരയുള്ളത്. നാലോളം സ്കൂളുകളിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി സംവിധാനമുണ്ട്. 9-ഓളം സ്കൂളുകളിൽ ലൈബ്രറി സംവിധാനവും പുസ്തകവിതരണത്തിന് സാഹചര്യമുണ്ടെങ്കിലും ഫലപ്രദമായി പുസ്തകവിതരണം നടക്കുന്ന സ്കൂളുകളുടെ എണ്ണം കുറവാണ്. 6-ഓളം സ്കൂളുകൾ വികസിതമല്ലെങ്കിൽ കൂടി കളിസ്ഥലങ്ങൾ ഉണ്ട്. പഞ്ചായത്തിലെ കൊടുവഴനൂർ മേഖലയിലെ ഏക ഹൈസ്കൂളിന് സ്കൂളിന്റെ സാധ്യതയ്ക്കനുസരിച്ചുള്ള കളിസ്ഥലമില്ല. പൊരുന്തമൺ L.M.L.P.S -ൽമാത്രമാണ് സ്കൂളിനോട് ചേർന്ന് കിണറില്ലാത്തത്. കൊടുവഴനൂർ ഹൈ

സ്കൂൾ, മഞ്ഞപ്പാറ പഞ്ചായത്തു U/P/S, D.B.H.S, കാരേറ്റ്, പുളിമാത്ത് ഗവൺമെന്റ് L.P.S എന്നിവിടങ്ങളിൽ പമ്പുസെറ്റ് ഉപയോഗിച്ച് ശുദ്ധജലവിതരണം നടത്തുന്നു.

വിദ്യാലയങ്ങളിലെ പഠനനിലവാരങ്ങളെക്കുറിച്ചു വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിലും പ്രാഥമിക പഠനങ്ങളെ തെളിയിക്കുന്നത് മിക്ക സ്കൂളുകളിലും 20%-ൽ അധികം വിദ്യാർത്ഥികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. സ്കൂളുകളിലെ അദ്ധ്യാപകവിദ്യാർത്ഥി അനുപാതത്തിന്റെ ഏറ്റക്കുറച്ചിൽ അടിസ്ഥാനസൗകര്യങ്ങളുടെ പരിമിതികൾ തുടങ്ങിയവ നിലവാരത്തകർച്ചയ്ക്കു പ്രധാന കാരണങ്ങളാണ്.

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും P.T.A. കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പക്ഷേ പല P.T.A കമ്മിറ്റികളും സ്കൂളുകളുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഇടപെടുകയോ നേതൃത്വപരമായ പങ്കു വഹിക്കുകയോ ചെയ്യുന്നില്ലെന്നാണ് വിവരങ്ങൾ സൂചിപ്പിക്കുന്നത്.

കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ പഞ്ചായത്തിലെ ഹൈസ്കൂളുകളായ കൊടുവഴനൂർ ഹൈസ്കൂൾ, കാരോറ്റ് D.B.H.S എന്നിവിടങ്ങളിലെ S.S.L.C വിജയശതമാനം ചുവടെ ചേർക്കുന്നു.

കൊടുവഴനൂർ
ഗവ.ഹൈസ്കൂൾ

വർഷം	വിജയശതമാനം
1991-1992	52.27%
1992-1993	44.76%
1993-1994	51.72%
1994-1995	48.64%
1995-1996	65%

D.B.H.S കാരേറ്റ്- വാമനപുരം

വർഷം	വിജയശതമാനം
1991-1992	40%
1992-93	41%
1993-94	39%
1994-95	40%
1995-96	37%

വിദ്യാഭ്യാസരംഗത്ത് ഇതിനകം കാര്യമായ നേട്ടം പലമേഖലകളിലും പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസമേഖലയിലും സാങ്കേതികമേഖലയിലും സിദ്ധിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസം നേടിയവരിൽ നല്ലൊരു ഭാഗം തൊഴിൽ രഹിതരാണ്. ഇതിൽ കൂടുതലും വനിതകളാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഇതിൽ ഒരു ചെറിയ വിഭാഗം പേർ തൊഴിൽരഹിതരായാലും വേതനം കൈപ്പറ്റുന്നവരാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മൂന്ന് അംഗൻവാടികളും പട്ടികജാതിക്ഷേമ വകുപ്പിന്റെ കീഴിൽ മീന്താങ്ങിയിൽ ഒരു അംഗൻവാടിയും പ്രവർത്തിച്ചു വരുന്നു. ഇതിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള മൂന്ന് അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളുണ്ട്. പക്ഷേ മിക്കവയിലും ആവശ്യത്തിനു കളിക്കോപ്പുകളോ മറ്റു പ്രാഥമിക സൗകര്യങ്ങളോ ഇല്ല.

ഇവ കൂടാതെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തു മേഖലയിൽ പത്തോളം ലൈബ്രറികളും സാംസ്കാരിക സമിതികളും പ്രവർത്തിച്ചുവരുന്നു. ഇവയിൽ ബി.എൻ. ഭാസി സ്മാരക ഗ്രന്ഥശാല, കടമുക്ക് ക്രാന്തിഗ്രന്ഥശാല, കുറ്റിമൂട്, ഗ്രാമീണ ഗ്രന്ഥശാല പുളിമാത്ത്, പഞ്ചായത്ത് സാംസ്കാരികസമിതി, തോട്ടവാരം, മഹാത്മഗാന്ധി സ്മാരക ഗ്രന്ഥശാല, പേടികുളം ജനകീയ കലാസമിതി, കൊടുവഴന്നൂർ തുടങ്ങിയ സമിതികൾ പുസ്തക വിതരണത്തിലും മറ്റ് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിച്ചുവരുന്നു.

അനൗപചാരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിൽ കാര്യമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. 1980-ൽ നടന്ന കേരളസംസ്ഥാനത്തിലെ സമ്പൂർണ്ണ സാക്ഷരതാ പരിപാടി പഞ്ചായത്തിൽ ചിട്ടയോടെ നടക്കുകയും ഉദ്ദേശം മുഴുവായിരത്തോളം വരുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിന് സാധിച്ചിരുന്നു. ഈ പദ്ധതി ഒരുവൻ വിജയമായിരുന്നു. പക്ഷേ മാറിയ സാഹചര്യങ്ങൾ പ്രത്യേകിച്ചും ഗവൺമെന്റ് മാറ്റം സാക്ഷരതാ പരിപാടിയെ കാര്യമായി പിറകോട്ടോടിച്ചതായി അനുഭവങ്ങൾ തെളിയിച്ചു. അക്ഷരകേരളം പദ്ധതിയിലൂടെ നേടിയെടുത്ത അക്ഷരജ്ഞാനം ഉറപ്പിക്കുന്നതിലോ നിലനിർത്തുന്നതിലോ പരാജയം സംഭവിച്ചു. എന്നിരുന്നാലും തുടർവിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ടു പഞ്ചായത്തിന്റെ പ്രധാന മേഖലകളിൽ 4 ജനവിദ്യാകേന്ദ്രങ്ങൾ തുടങ്ങുകയുണ്ടായി. കുറ്റിമൂട്ടിലും, അരിവാരിക്കുഴിയിലും പന്തുവിളയിലും താളിക്കുഴിയിലും ഉള്ള ജനവിദ്യാ കേന്ദ്രങ്ങൾ പരിമിതമായ സൗകര്യങ്ങളോടെ ഇന്നു പ്രവർത്തിച്ചു വരുന്നു. ഈ രംഗം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സത്വരനടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കേ കാര്യമായ ഒരു മുന്നേറ്റം നമ്മുടെ ഗ്രാമപഞ്ചായത്തിന് ഉണ്ടായെങ്കിലും ചില പ്രധാന അടിസ്ഥാന പ്രശ്നങ്ങൾ ഈ രംഗത്തെ കാര്യമായ പുരോഗതിക്ക് തടസ്സം നിൽക്കുന്നു.

വിദ്യാഭ്യാ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല സ്കൂളുകളുടെയും പശ്ചാത്തല സൗകര്യങ്ങൾ തൃപ്തികരമല്ല.

2. സ്കൂളുകളിൽ ഇന്ന് നില നിൽക്കുന്ന അദ്ധ്യാപകവിദ്യാർത്ഥി അനുപാദത്തിന്റെ അസന്തുലിതാവസ്ഥ.

3. പ്രാഥമിക സ്കൂളുകളിൽ പഠിക്കുന്ന പല കുട്ടികളിലും ഇന്ന് അക്ഷരം ഉറയ്ക്കുന്നില്ല.

4. പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലും നഗരത്തിലുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വ്യാപനം.

5. ഒരു ചെറിയ ന്യൂനപക്ഷമെങ്കിലും വരുന്ന അദ്ധ്യാപകരുടെ ആത്മാർത്ഥതയില്ലായ്മ.

6. സ്കൂൾ വിദ്യാർത്ഥികളിലെ അക്ഷരജ്ഞാനത്തിലെ ഏറ്റക്കുറച്ചിൽ ഏറെക്കുറെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും വർദ്ധിച്ച തോതിൽ ഈ പ്രശ്നം നിലനിൽക്കുന്നു.

7. പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്.

8. നിലവിലുള്ള അംഗൻവാടികളിൽ ആവശ്യത്തിന് പഠനോപകരണങ്ങളോ മറ്റു അടിസ്ഥാന സൗകര്യങ്ങളോ ഇല്ല.

9. ഒരു ചെറിയ ശതമാനമെങ്കിലും വരുന്ന രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ താല്പര്യമില്ലാത്തതും ഈ രംഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

10. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിതമായ പരിപാടികളുടെ അഭാവം.

11. സാങ്കേതിക വിദ്യാഭ്യാസ സംവിധാനത്തിന് പഞ്ചായത്തിൽ സൗകര്യങ്ങൾ എത്തിയിട്ടില്ല.

12. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷവും വനിതാ അദ്ധ്യാപകരായതിനാൽ പല വിദ്യാലയങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല.

13. കലാകായിക വിദ്യാഭ്യാസത്തിനു ആവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.

14. പഞ്ചായത്തിലെ 8,9,10 വാർഡുകളിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.

15. ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ പഞ്ചായത്തു പ്രദേശത്തില്ല.

16. ആകർഷകമല്ലാത്ത വിദ്യാലയാന്തരീക്ഷം.

17. അദ്ധ്യാപകരെ കാലാകാലങ്ങളിൽ മറ്റുജോലിക്ക് നിയമിയ്ക്കൽ.

18. വിദ്യാലയങ്ങളിലെ മുഴുവൻ സാദ്ധ്യായ ദിവസങ്ങളും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം.

19. പരീക്ഷയെ മാത്രം ആശ്രയിച്ചുള്ള നിലവിലുള്ള വിദ്യാഭ്യാസരീതി.

20. സർക്കാർ സ്കൂളുകളിൽ ചില സമയങ്ങളിൽ യഥാസമയം അദ്ധ്യാപകരെ നിയമിയ്ക്കാതിരിക്കൽ.

21. PTA കമ്മിറ്റികളുടെ ക്രിയാത്മകമായ പ്രവർത്തനങ്ങളുടെ അഭാവം.

22. നിലവിലുള്ള സിലബസ് കുട്ടികളിൽ അമിതജോലിഭാരമുണ്ടാക്കുന്നു.

23. നിലവിലുള്ള പ്രമോഷൻ മാനദണ്ഡം.

പരിഹാരനിർദ്ദേശങ്ങൾ

പഞ്ചായത്തു പ്രദേശത്തുള്ള വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെയും ജില്ലാഗ്രാമപഞ്ചായത്തുകളുടെയും PTA യുടെയും സംയുക്തമായ പ്രവർത്തനം സംഘടിപ്പിക്കണം. ഇതിനായി ഗ്രാമപഞ്ചായത്തിന്റെയും സർക്കാരിന്റെയും സാമ്പത്തിക വിഹിതത്തിനു പുറമെ PTA കമ്മിറ്റികൾക്ക് സ്വന്തം നിലയ്ക്ക് ഫണ്ട് സ്വരൂപിക്കാവുന്നതാണ്. വിദ്യാലയങ്ങളിൽ സർക്കാർ ഇന്ന് നിശ്ചയിച്ചിട്ടുള്ള അദ്ധ്യാപവിദ്യാർത്ഥി അനുപാതത്തിന്റെ ഘടനയിൽ മാറ്റം വരുത്തണം. അതുപോലെ നാട്ടിൻ പുറങ്ങളിൽ വ്യാപകമായി വളർന്നു വരുന്ന അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വ്യാപനം നിയമം മൂലം നിയന്ത്രിക്കുകയും സർക്കാർ സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോകൽ തടയിടുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം. കൂടാതെ വിദ്യാലയങ്ങളിലെ നിരക്ഷരരായ വിദ്യാർത്ഥികളെ കണ്ടുപിടിക്കുകയും അവർക്ക് പ്രത്യേക വിദ്യാഭ്യാസ സൗകര്യങ്ങൾ സ്കൂളുകളുമായി ബന്ധപ്പെടുത്തിയോ അല്ലാതെയോ നടപ്പാക്കണം. ഇതിനായി സ്കൂളുകളിലെ താല്പര്യമുള്ള അദ്ധ്യാപകരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിവിധ സ്കൂളുകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കാം. സ്കൂൾ കോപ്പ്ക്സ് അക്ഷരജ്യോതി പരിപാടികളും ആരംഭിക്കാവുന്നതാണ്.

ാതുപോലെ വിദ്യാലയാന്ത രീക്ഷം കൂടുതൽ ആകർഷകമാ ക്കി മാറ്റാൻ ശ്രദ്ധിക്കണം. കാലാ കാലങ്ങളിൽ സർക്കാരിന്റെ വിവി ധ പരിപാടികൾക്കായി പ്രത്യേ കിച്ചും എന്യൂമറേഷൻ പോലുള്ള ജോലികൾക്കായി നിയമിക്കുന്ന ത് ഒഴിവാക്കണം. അതുപോലെ സ്കൂൾ കലണ്ടറിൽ നിശ്ചയി ക്കുന്ന മുഴുവൻ പ്രവർത്തനദിവ സങ്ങളും പൂർണ്ണമായി ഉപയോഗ പ്പെടുത്താൻ കഴിയുന്നതരത്തിൽ സ്കൂൾ അന്തരീക്ഷം ചിട്ടപ്പെടു ത്തണം. അതുപോലെ സർക്കാർ വിദ്യാലയങ്ങൾക്കു മെച്ചപ്പെട്ട വി ദ്യാഭ്യാസം നൽകാനാവില്ല എന്ന് ചുരുക്കം ചില രക്ഷിതാക്കളിലെ ങ്കിലും പ്രബലപ്പെട്ടിരിക്കുന്ന വി ശ്വാസം ഇനിയും മാറേണ്ടിയിരി ക്കുന്നു. കൂടാതെ പരീക്ഷയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ന ല്ലൊരുഭാഗം സ്കൂളുകളിലും നട ന്നുവരുന്ന വിദ്യാഭ്യാസരീതി അ ധ്യായനതകർച്ചയ്ക്ക് ആക്കം കൂ ട്ടുന്നു. വിജ്ഞാന മേഖലകൾ യാ ന്ത്രികമായി ഓർമ്മിയിക്കാനും വേണ്ടസമയത്ത് ഉത്തരക്കടലാ സുകളിൽ പകർത്തിവയ്ക്കാനു ള്ള താല്പര്യം മാത്രം ബഹുഭൂരി പക്ഷം കുട്ടികളിലും കണ്ടുവരു ന്നു. ട്യൂട്ടോറിയൽ സംവിധാനങ്ങ ളുടെ അശാസ്ത്രീയമായ ഇടപെട ലുകളും, ഗൈഡു പുസ്തക വ്യാ പനം ശക്തിപ്പെട്ടതും വിദ്യാഭ്യാ സം അടിസ്ഥാനലക്ഷ്യങ്ങളിൽ നിന്ന് വളരെ അകന്നു കഴിഞ്ഞിരി യ്ക്കുന്നതായി അനുഭവങ്ങൾ തെ ളിയിക്കുന്നു. അതുപോലെ പല പ്പോഴും ക്ലാസ്സുമുറികൾക്ക് പുറ ത്തു നടക്കുന്ന അവകാശസമര ങ്ങളൊഴിച്ചുള്ള അനാവശ്യ സമര ങ്ങളോടൊപ്പം തന്നെ പ്രധാനമാ ണ് പഠനബോധന പ്രവർത്തന ങ്ങളിലടക്കം ഫലപ്രദമായി ഇട പ്പെട്ടുകൊണ്ടുള്ള ക്ലാസ്സുമുറിയ ്ക്കകത്തെ ക്രിയാത്മകസമരവും എന്ന വസ്തുത ഇനിയും പലരും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

സാങ്കേതിക രംഗത്ത് വിദ്യാ ഭ്യാസ സൗകര്യങ്ങൾ വിപുലപ്പെ ടുത്തുന്നതിനായി സഹകരണം മേഖലയിൽ ഒരു സാങ്കേതിക വി ദ്യാഭ്യാസകേന്ദ്രം പഞ്ചായത്തു കേ ന്ദ്രത്തിൽ തുടങ്ങണം. കൂടാതെ പഞ്ചായത്തിലെ ഏക ഗവൺമെ ന്റ് ഹൈസ്കൂളായ കൊടുവഴന്തൂ രിൽ പ്ലസ്ടു (+2) കോഴ്സ് ആരംഭിച്ച് ഹയർസെക്കണ്ടറി വി ദ്യാഭ്യാസം പഞ്ചായത്ത് മേഖല യിൽ വിപുലപ്പെടുത്താം. കിളിമാ നൂർ നിയോജനമണ്ഡലത്തിൽ നാളിതുവരെ ഒരു സർക്കാർ കോ ളേജ് ഇല്ലാത്തത് ഉന്നതവിദ്യാഭ്യാ സരംഗത്ത് അസൗകര്യങ്ങൾ ഉള വാക്കുന്നതിനാൽ കിളിമാനൂർ നി യോജനമണ്ഡലത്തിന്റെ പ്രധാന കേന്ദ്രത്തിൽ ഒരു സർക്കാർകോ ളേജ് ആരംഭിയ്ക്കുന്നതിന് അധി കാരികളിൽ ഇനിയും ശക്തമായി സമ്മർദ്ദം ചെലുത്തേണ്ടതായിട്ടു ണ്ട്. അതുപോലെ പഞ്ചായത്തി ന്റെ നേരിട്ടുള്ള നിയന്ത്രണത്തി ലും ഉടമസ്ഥതയിലുമുള്ള ഏക സ്കൂൾ (മഞ്ഞപ്പാറ UPS) ഒരു ഹൈസ്കൂളായി അപ്ഗ്രേഡ് ചെ യ്താൽ കിഴക്കൻ മേഖലയിലെ സെക്കന്ററി വിദ്യാഭ്യാസരംഗം കൂ ടുതൽ മെച്ചപ്പെടുത്താൻ കഴിയും. പ്രീപ്രൈമറി സംവിധാനം എത്ര യും വേഗം പഞ്ചായത്തിന്റെ വിവി ധ കേന്ദ്രങ്ങളിൽ വ്യാപിപ്പിയ്ക്ക ണം. നിലവിലുള്ള സർക്കാർ സ് കൂളുകളുമായി ബന്ധപ്പെടുത്തി. പ്രാദേശിക സഹകരണത്തോടെ ഇതിനുള്ള സൗകര്യങ്ങൾ വ്യാപി പ്പിയ്ക്കണം. കൂടാതെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ പരിധിയിൽ പ്പെടുത്തി അംഗനവാടികൾ പ ഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങ ളിൽ ആരംഭിയ്ക്കണം. ഇതിനാ യി സംഘടിത ജനകീയശക്തി പ രമാവധി പ്രയോജനപ്പെടുത്ത ണം.

ഔപചാരിക വിദ്യാഭ്യാസരം ഗത്ത് ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്ന തോടൊപ്പം അനൗപചാരിക വി ദ്യാഭ്യാസ സൗകര്യങ്ങളും ചിട്ട യോടെയും സംഘടിതമായും സം ഘടിപ്പിയ്ക്കണം. പഞ്ചായത്ത് മേ ഖലയിലെ തുടർ വിദ്യാഭ്യാസപരി പാടികൾ (സാക്ഷരതാപരിപാടി) ആസൂത്രിതമായി ചിട്ടയോടെ ഉ ടൻ ക്രമപ്പെടുത്തണം.

ഇതിനായി ഉടൻ ജനകീയ ക മ്മിറ്റികൾ വിളിച്ചു ചേർക്കുകയും, സന്നദ്ധപ്രവർത്തകരെ പരിശീലി പ്പിക്കുകയും തുടർ വിദ്യാഭ്യാസ ക്ലാസ്സുകൾ ആരംഭിയ്ക്കുകയും വേണം. അതുപോലെ ടി രംഗത്ത് പ്രവർത്തനങ്ങൾ വിലയിരു ത്താൻ പ്രത്യേക മോണിറ്ററിംഗ് സംവിധാനവും പഞ്ചായത്ത് സ മിതിയുടെ മേൽനോട്ടത്തിൻ കീ ഴിൽ രൂപീകരിയ്ക്കുകയും വേ ണം. നിലവിലുള്ള ജനവിദ്യാകേ ന്ദ്രങ്ങൾക്ക് സ്ഥിരം കെട്ടിടം പ ണിതുകൊടുക്കാനും. പ്രസ്തുത കേന്ദ്രങ്ങളിൽ പഠനോപകരണ ങ്ങൾ കൃത്യസമയത്ത് എത്തിയ് ക്കാനും സമയ ബന്ധിതമായ പരി പാടികൾ ആവിഷ്ക്കരിച്ചാൻ അ നൗപചാരിക വിദ്യാഭ്യാസരംഗ ത്ത് വിപ്ലവകരമായ ഒരു മുന്നേറ്റം സംഘടിപ്പിയ്ക്കാൻ കഴിയും.

ഇതിനുപരിയായി ടി മേഖല യിൽ നേരിട്ട് പ്രവർത്തിച്ചുകൊ ണ്ടിരിയ്ക്കുന്ന വായനശാലകൾ ക്ക് ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ കെട്ടിടം പണിതു കൊടുക്കുകയും പുസ്തകങ്ങൾ വാങ്ങിക്കൊടുക്കാനും സാമ്പ ത്തിക സഹായം അനുവദിപ്പിയ് ക്കുന്നതിനും സത്വരനടപടികൾ കൈക്കൊള്ളണം. ചുരുക്കത്തിൽ ഫലപ്രദമായ ജനകീയ ഇടപെടൽ വേണ്ടസമയത്തു ഉണ്ടാവുകയാ ണെങ്കിൽ ഒരു പരിധിവരെ വിദ്യാ ഭ്യാസ മേഖലയിൽ ഒട്ടനവധി പ്ര ശ്നങ്ങൾക്കും പരിഹാരം കാ ണാൻ കഴിയും.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

വിദ്യാഭ്യാസം

1. കൊടുവഴന്നൂർ H.S. -ൽ പ്ലസ്ടു അനുവദിക്കുകയും, സ്

കുളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുകയും സ്കൂളിന് കൂടുതൽ സ്ഥലം അക്വയർ ചെയ്യുകയും വേണം.

2. കൊടുവഴന്നൂർ H.S -ൽ നിന്നും LPS ബൈഫർക്കേറ്റ് ചെയ്ത് രണ്ടാംവാർഡിൽ അനുയോജ്യമായ പ്രദേശത്ത് സ്ഥാപിക്കുകയും അതിനോടനുബന്ധിച്ച് പ്രീ പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

3. പുല്ലയിൽ LPS അപ്രഗ്രേഡ് ചെയ്യുക കൂടാതെ പ്രീ-പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

4. നാലാം വാർഡ് കേന്ദ്രീകരിച്ച് പ്രീ-പ്രൈമറി വിദ്യാലയം സ്ഥാപിക്കുക.

5. കാരേറ്റ് DBHS VHSC യായി ഉയർത്തുക.

6. ചന്തവിള അംബേദ്കർ കോളനി – തോട്ടവാരം പ്രദേശങ്ങൾ കേന്ദ്രീകരിച്ചും, പുളിമാത്തും ഓരോ പ്രീപ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കണം.

7. കുറ്റിച്ചൂട് LPS -ന് ചുറ്റുമതിൽ നിർമ്മിക്കുക.

8. അരിവാരിക്കുഴി L.P.S. നെ UPS ആയി ഉയർത്തുകയും ഈ സ്കൂളിന്റെ കീഴിൽ പ്രീ പ്രൈമറി വിദ്യാലയം സ്ഥാപിക്കണം.

9. ലെല്ലിടപ്പാറയിലുള്ള സർക്കാർ വക ഭൂമിയിൽ സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുക.


10. മഞ്ഞപ്പാറ പഞ്ചായത്ത് UPS ഒരു ഹൈസ്കൂൾ ആയി ഉയർത്തുകയും 9-ാം വാർഡിൽ കമുകിൻ കുഴിയിൽ ഒരു LPS സ്ഥാപിക്കുകയും വേണം.

11. പുളിമാത്ത് ക്ഷേത്രം കേന്ദ്രമാക്കി ഒരു LPS സ്ഥാപിക്കണം.

12. പേടിക്കുളം ഗവ: LPS ലെ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുവാൻ വേണ്ട മേൽ നടപടി സ്വീകരിക്കുക.

13. പുളിമാത്ത് ഗവ: LPS -ൽ പ്രീപ്രൈമറി സ്കൂൾ ആരംഭിയ്ക്കുക.

സംസ്കാരം, കായികരംഗം



കേരളത്തിന്റെ ഭൂപ്രകൃതിയുടെ ഏതാണ്ട് മധ്യഭാഗത്തായി തിരുവനന്തപുരത്തുനിന്ന് 34 കിലോമീറ്റർ വടക്കുമാറി പുളിമാത്ത് പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. നാടിന്റെ മോചനത്തിനായി പടപൊരുതി ജീവത്യാഗം ചെയ്ത ധീരരക്തസാക്ഷികളുടെ ചരിത്രമുറങ്ങുന്ന കല്ലറപഞ്ചായത്ത്, സ്വേച്ഛാധിപത്യ ദിവാൻ ഭരണത്തിനെതിരെ പോരാടി ശ്രദ്ധപിടിച്ചുപറ്റിയ കടയ്ക്കൽ പഞ്ചായത്ത്, തിരുവിതാംകൂർ രാജവാഴ്ചയുടെ പ്രതാപകാലത്ത് കീർത്തിമുദ്രപതിച്ചിരുന്ന വാമനപുരം പഞ്ചായത്ത്. തീവ്രവാദപ്രസ്ഥാനം ശക്തിപ്രാപിച്ച നഗരൂർ പഞ്ചായത്ത്, കലാകേരളത്തിന്റെ അഭിമാനപുത്രനായ രാജാരവിവർമ്മയുടെ ജന്മംകൊണ്ടും പ്രവർത്തികൊണ്ടും പ്രസിദ്ധിയാർജ്ജിച്ച കിളിമാനൂർ, പഴയകുന്നുമ്മൽ പഞ്ചായത്തുകൾ എന്നിവയുടെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പുളിമാത്ത് പഞ്ചായത്തിന് പഴമയുടെ സാംസ്കാരിക പൈതൃകമുണ്ട്. ഒരു നൂറ്റാണ്ടിന് മുൻപേ തുടക്കംകുറിച്ച ദേശീയ പ്രസ്ഥാനത്തോടൊപ്പവും, സംഘടിത സാമൂഹിക പ്രവർത്തനങ്ങളോടെയും വളർന്ന് വികസിച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക പുരോഗതിയുടെ ഗതിയെ കാര്യമായി സ്വാധീനിക്കുകയുണ്ടായി. ഇപ്രകാരം ഉന്നത സാംസ്കാരിക പൈതൃകമുള്ള പുളിമാത്തിന് സമുജ്വലമായ ഒരു ഭൂതകാലമുണ്ടായിരുന്നു.

കേരളത്തിന്റെ മതസാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ അമരക്കാരനും, മതസൗഹാർദ്ദത്തിന്റെ പ്രതീകവുമായ ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശം കൊടുവഴന്നൂർ വില്ലേജിലെ പൊയ്കകടയ്ക്കടുത്തുള്ള ചേർന്നമംഗലം എന്ന സ്ഥലത്ത് ഏൽക്കുകമാത്രമല്ല അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അവിടെ ഒരു ശിവപ്രതിഷ്ഠ നടത്തുകയും ചെയ്തു. ഗുരുദേവന്റെ പ്രസിദ്ധമായ അരുവിപ്പുറം പ്രതിഷ്ഠക്കുശേഷം നടന്ന രണ്ടാമത്തെ പ്രതിഷ്ഠ ചേർന്നമംഗലം പ്രതിഷ്ഠയായിരുന്നു എന്ന് പറയപ്പെടുന്നു. പുളിമാത്ത് വില്ലേജിലെ പുളിമാത്ത് ഭഗവതി ക്ഷേത്രത്തിലെ പ്രസിദ്ധമായ അശ്വതിമഹോത്സവത്തിന്റെ ഭാഗമായി ശ്രീ. മന്നത്ത് പത്മനാഭൻ ക്ഷേത്രം സന്ദർശ്ശിക്കുകയും അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ സൗഹാർദ്ദത്തിന്റെ അവിസ്മരണീയ മന്ത്രങ്ങളായി ജനമനസ്സുകളിൽ സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു. ഇസ്ലാമിക മതപണ്ഡിതനും, സാമൂഹ്യപരിഷ്കർത്താവുമായിരുന്ന മുഹമ്മദ് അബ്ദുൽ ഖാദർ മൗലവിയുടെയും, അഭിവന്ദ്യപിതാവായിരുന്ന മാർഗ്രിഗോറിയസ് തിരുമേനിയുടെയും പാദസ്പർശംകൊണ്ടും ആശീർവ്വാദംകൊണ്ടും ധന്യമായിതീർന്ന പുളിമാത്തിന് ഉന്നതമായ ഒരു സാംസ്കാരിക പൈതൃകമാണുള്ളത്.

പുളിമാത്ത് ക്ഷേത്രം കേന്ദ്രീകരിച്ച് വികസിതമായ പ്രധാനകലാരൂപം കഥകളിയായിരുന്നു. പഞ്ചായത്ത് പ്രദേശം ഒട്ടനവധി കലാകാരന്മാരെ സംഭാവന ചെയ്തിട്ടുണ്ട്. ഇവരുടെ സംഘടിതമായ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ സാംസ്കാരിക നവോഥാനപ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി. ഇപ്രകാരം വികസിച്ചു തുടങ്ങിയ സാംസ്കാരിക ഉണർവ്വ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും, ദിവാൻ വാഴ്ചയ്ക്കുമെതിരെ നടന്ന പ്രക്ഷോഭസമരങ്ങളിലും, മുന്നേറ്റങ്ങളിലും പങ്കെടുക്കാൻ ജനങ്ങൾക്ക് ആവേശം നൽകി.

സാംസ്കാരിക സ്ഥാപനങ്ങൾ

സാമൂഹ്യമാറ്റത്തിന്റെ ഉജ്ജ്വല പ്രതീകങ്ങളും, കർമ്മപഥങ്ങളിൽ വഴിത്തിരിവായിമാറിയതുമായ ഒട്ടനവധി സാംസ്കാരിക സ്ഥാപനങ്ങൾകൊണ്ട് സമ്പന്നമായിരുന്നു പുളിമാത്ത് പഞ്ചായത്ത്. ഇപ്രകാരം വളർന്നുവന്ന സാംസ്കാരിക കേന്ദ്രങ്ങൾ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് വ്യാപിപ്പിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ചിരുന്നു.

പേടികുളം മഹാത്മഗാന്ധി സ്മാരക ഗ്രന്ഥശാല, കുറ്റിമൂട് ക്രാന്തി ഗ്രന്ഥശാല, തോട്ടവാരം സെനിത്ത് ലൈബ്രറി, പുളിമാത്ത് ടാഗോർ സ്മാരകകലാസമിതി, കൊടുവഴന്നൂർ ജനകീയ കലാസമിതി എന്നിവയാണ് പഞ്ചായത്തിലെ പഴക്കം ചെന്ന സാംസ്കാരിക കേന്ദ്രങ്ങൾ.

മുകളിൽ സൂചിപ്പിച്ച സാംസ്കാരിക സമിതികളിൽനിന്ന് ആവേശം ഉൾക്കൊണ്ട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഒട്ടനവധി സാംസ്കാരിക സംഘടനകൾ രൂപം കൊള്ളുകയുണ്ടായി. പക്ഷേ പലതിനും കാലത്തെ അതിജീവിക്കാൻ കഴിഞ്ഞില്ല എന്നത് പ്രത്യേകം സ്മരണീയമാണ്. ഇപ്പോൾ സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

1. ബി.എൻ. ഭാസി സ്മാരക ഗ്രന്ഥശാല – കടമൂക്ക്

2. ഗ്രാമരശ്മി – തോട്ടവരം

3. പ്രതിഭ ആർട്ട്സ് ക്ലബ് – കൊടുവഴന്നൂർ

4. പ്രതീക്ഷാ ആർട്ട്സ് ക്ലബ് – കടമൂക്ക്

5. ടാഗോർ സ്മാരക കലാസമിതി – പുളിമാത്ത്

6. ഗ്രാമീണ ഗ്രന്ഥശാല – പുളിമാത്ത്

7. പ്രണവം – പുല്ലയിൽ

8. പ്രതിഭ ആർട്ട്സ് ക്ലബ് – കാട്ടുംപുറം

9.ജനകീയ കലാസമിതി – കൊടുവഴന്നൂർ

10. ഫ്രണ്ട്സ് വോയീസ് – പെരുന്തമൺ

11. സരിഗാ മിമിക്സ് – പുളിമാത്ത്

12. സമസ്യ ആർട്ട്സ് ക്ലബ് – താളിക്കുഴി

13. ക്രാന്തി ഗ്രന്ഥശാല – കുറ്റിമൂട്.

ഇതുകൂടാതെ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്ന രണ്ട് സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയുണ്ട്. മഹാത്മാഗാന്ധി സ്മാരകഗ്രന്ഥശാല പേടികുളം, പഞ്ചായത്ത് സാംസ്കാരിക നിലയം തോട്ടവാരം എന്നിവ.

സാംസ്കാരിക രംഗത്തെ ഉന്നതമായ വളർച്ച ഒട്ടനവധി നാടകസംഘങ്ങൾ പ്രത്യേകിച്ചും കാക്കാരിശ്ശിനാടകം, ഗാനമേള ട്രൂപ്പുകൾ കഥാപ്രസംഗ ട്രൂപ്പുകൾ എന്നിവയുടെ ആവിർഭാവത്തിനും കാരണമായി. ഇതിൽ കാരേറ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാഗം നാടകവേദി (തിരുവനന്തപുരം നാടകവേദി) യുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

പ്രശസ്തമായ രണ്ട് കഥകളി ട്രൂപ്പുകൾ പുളിമാത്തും, പ്ലാവോട്ടും കേന്ദ്രമാക്കി സർവ്വശ്രീ രാഘവൻപിള്ള ആശാൻ, ഗംഗാധരൻപിള്ള ആശാൻ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നു. കഥകളിരംഗത്ത് ശ്രദ്ധേയനായ RLV സോമദാസ് മാർഗ്ഗികഥകളി ട്രൂപ്പിന്റെ പ്രധാനിയാണ്. മാർഗ്ഗി പീതാംബരൻ, ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ സ്ഥിരതാമസ്സക്കാരനാണ്.

താളിക്കുഴികേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന കോൾപ്പിംഗ് ബാന്റ് സംസ്ഥാനത്തുടനീളം പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കഥാപ്രസംഗരംഗത്തെ ശ്രദ്ധേയരായ പുളിമാത്ത് ശ്രീകുമാർ, കാരേറ്റ് ജയകുമാർ, നാടകരംഗത്തെ ശ്രദ്ധേയനായ പുളിമാത്ത് ചെല്ലപ്പൻപിള്ള, ഹരികഥാരംഗത്ത് പ്രവർത്തിച്ച കരുണാകരൻ, ഉപകരണ സംഗീതവിദഗ്ധൻ പേടികുളം രവികുമാർ, ചെണ്ടമേള വിദഗ്ധരായിരുന്ന ശ്രീ. ദാമോദരൻ – കടമൂക്ക് ശ്രീ. പേടികുളം സുകുമാരനാശാൻ, സിനിമാരംഗത്തെ കല്ലറ അംബിക, രാധ തുടങ്ങി നിരവധി കലാകാരന്മാർ ഈ പഞ്ചായത്തിന് മുതൽ കൂട്ടായി ഉണ്ട്. പഞ്ചായത്തിലെ സാംസ്കാരികാഭിവൃദ്ധിയെ സ്വാധീനിക്കാൻ ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജനശ്രദ്ധ ആകർഷിക്കുന്ന ഉത്സവം പുളിമാത്ത് ഭഗവതി ക്ഷേത്രത്തിലെ അശ്വതി മഹോത്സവമാണ്. തോറ്റംപാട്ട്, താലപ്പൊലി, കുത്തിയോട്ടം, ഉരുൾ എന്നിവയാണ് പ്രധാന ചടങ്ങുകൾ. കൊടുവഴന്നൂർ വലിയ വിളദൂർഗ്ഗാഭഗവതി ക്ഷേത്രത്തിലെ ഗരുഡൻതൂക്കം. കാരേറ്റ് ദുർഗ്ഗാഭഗവതി ക്ഷേത്രത്തിലെ കളമെഴുത്തുപാട്ടും, കരിയാകുഴി മലപ്പുറം ആയിരവല്ലി ക്ഷേത്രത്തിലെ ചാറ്റുപാട്ടും, കുതിരെ എടുപ്പ് കൂടാതെ പഞ്ചായത്തിലെ ഇരുപതോളം വിവിധ രീതിയിലുള്ള ആചാരങ്ങളും അനുഷ്ഠാനകലകളും നടക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന മുസ്ലിം ആരാധനാലയങ്ങൾ ജമാത്ത്, കൊടുവഴന്നൂർ ജമാ അത്ത്, അലയക്കോണം ജമാ അത്ത്, കാരേറ്റ് എന്നിവയാണ്. കൂടാതെ വിവിധ ക്രിസ്തീയ സഭകളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായി കാരേറ്റ്, മഞ്ഞപ്പാറ, തെങ്ങുംകോണം, ഊറാംകുഴി എന്നിവിടങ്ങളിൽ ക്രിസ്തീയ ദേവാലയങ്ങളും പ്രവർത്തിച്ചുവരുന്നു.

ക്ഷേത്രോത്സവങ്ങളെ കൂടാതെ പരമ്പരാഗത ആഘോഷങ്ങളായ, ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയവയും സമുചിതമായി ആഘോഷിച്ചുവരുന്നു. ജാതിമത ഭേദമന്യേ എല്ലാവരും ഈ സുദിനത്തിൽ പങ്ക് ചേരുന്നു. ദേശാഭിമാനി, കേരളകൗമുദി, മലയാളമനോരമ, മാതൃഭൂമി, മാധ്യമം, മംഗളം തുടങ്ങിയ മലയാള ദിനപത്രങ്ങളും, ഇൻഡ്യൻ എക്സ്പ്രസ്, ദി ഹിന്ദു തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. ദേശാഭിമാനി, മാതൃഭൂമി, കലാകൗമുദി, കേരളശബ്ദം, മലയാളമനോരമ, മംഗളം, ചിന്ത, നാന, ചിത്രഭൂമി തുടങ്ങിയ മാസികകളും സിനിമാ പ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങൾ പഞ്ചായത്തിലെ സാംസ്കാരിക അഭിവൃദ്ധിയെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. പരമ്പരാഗതമായ വിനിമയമാധ്യമമായി റേഡിയോ കൂടാതെ, ടെലിവിഷൻ ശൃംഖലകൾ പഞ്ചായത്ത് മേഖലകളിൽ വ്യാപകമായിട്ടുണ്ട്. T.V. മേഖലയുടെ വ്യാപനം വിദ്യാഭ്യാസം, ആരോഗ്യം, സ്പോർട്ട്സ് തുടങ്ങിയ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും T V യുടെയും മറ്റ് വിദേശ ദൃശ്യമാധ്യമങ്ങളുടെയും അതിപ്രസരം ചെറിയ അനുപാതത്തിൽ സാംസ്കാരിക അപചയത്തിലേയ്ക്ക് നയിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യ അഭിരുചിയെ ദൂഷിപ്പിക്കുന്ന ചലച്ചിത്രങ്ങൾ, പരസ്യങ്ങൾ ഇവ കുട്ടികളെയും മറ്റും ദോഷകരമായി സ്വാധീനിച്ചുവരു

ന്നു. ഇത്തരം പരിപാടികൾക്കെതിരെ മാധ്യമ വിമർശനങ്ങളിലൂടെയും ഒറ്റും ജനമനസാക്ഷിയെ ഉണർത്തുന്നതിന് പുറമേ ഉത്തമ ചിത്രങ്ങൾ നിർമ്മിക്കാനും പ്രദർശിപ്പിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

പ്രശ്നങ്ങൾ

സാംസ്കാരിക രംഗത്ത് ഒട്ടനവധി മുന്നേറ്റങ്ങൾ ഇതിനകം നമുക്ക് കൈവരിക്കാൻ സാധിച്ചെങ്കിലും, ഈ രംഗത്തെ നിരവധി പ്രശ്നങ്ങൾ നമ്മുടെ മുന്നോട്ടുള്ള ഗതിക്ക് വിഘാതമായി നിലകൊള്ളുന്നു. സാംസ്കാരിക പ്രവർത്തനങ്ങളിൽ അടിസ്ഥാനമായി മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ബഹുജനങ്ങൾക്ക് താല്പര്യക്കുറവ് അനുഭവപ്പെട്ടുവരുന്നുണ്ട്. വിദ്യാഭ്യാസമുന്നേറ്റവും ജീവിത രീതിയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായെങ്കിലും, സ്വാർത്ഥതാല്പര്യം ജനമനസ്സുകളിൽ ഇന്നും നിലനിന്നുവരുന്നു. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കൂടുതൽ ഗ്രന്ഥശാലകളും ഗ്രന്ഥാലയങ്ങളും വർദ്ധിച്ചുവെങ്കിലും, വായനാശീലം കുറഞ്ഞുവരുന്നതായി കാണാം. പഞ്ചായത്ത് മേഖലയിലെ പല സാംസ്കാരിക സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകിച്ചും സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാതെ വീർപ്പുമുട്ടുന്നു. സാമ്പത്തിക രംഗത്തെ പരാധീനത, ഇലക്ട്രോണിക് – മാധ്യമങ്ങളുടെ കടന്നുകയറ്റം ഇവ നമ്മുടെ സാംസ്കാരിക പൈതൃകത്തെ ചോദ്യം ചെയ്യുന്ന രീതിയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. പഴയകലാരൂപങ്ങൾ പലതും ഇന്ന് അപ്രത്യക്ഷമാകുന്നതായി കാണാം.

നിർദ്ദേശങ്ങൾ

1. സാംസ്കാരിക പ്രവർത്തനങ്ങൾകൊണ്ട് ജനങ്ങൾക്ക് വർദ്ധിച്ച താല്പര്യം ജനിക്കാൻ ഉതകുന്ന വിധത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

2. പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത സാംസ്കാരിക കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

3. നമ്മുടെ സാംസ്കാരിക പൈതൃകത്തെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള മ്ലേച്ഛമായ മാധ്യമങ്ങളുടെ പ്രവർത്തനങ്ങളിൽ കർക്കശമായ നിയന്ത്രണം ഏർപ്പെടുത്തുക.

4. വായനാശീലം വർദ്ധിപ്പിക്കുക.

5. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പുതിയ സാംസ്കാരിക നിലയം സ്ഥാപിക്കുക.

6. പഞ്ചായത്ത് മേഖലകളിൽ നിന്നും അന്യം നിന്നുപോകുന്ന അടിസ്ഥാനകലകളെ സംരക്ഷിക്കാനും, പരിപോഷിപ്പിക്കാനും സത്വരനടപടികൾ സ്വീകരിക്കുക.

7. പ്രാചീനകലാരംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും ഈ രംഗത്ത് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കാത്തതുമായ കലാകാരന്മാരെ ഉപയോഗപ്പെടുത്തി പുതിയ തലമുറയ്ക്ക് പരിശീലനം നൽകുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കണം.

8. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു പ്രത്യേക സാംസ്കാരികഭവൻ സ്ഥാപിക്കുകയും താല്പര്യമുള്ളവർക്ക് വിദഗ്ധ പരിശീലനം നൽകാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

9. നാടകം, കഥകളി, സംഗീതം, കഥാപ്രസംഗം, നൃത്തം, ചിത്രരചന, നാടൻകലകൾ ഇവ അഭ്യസിപ്പിക്കുന്നതിനുള്ള കളരികൾ സ്ഥാപിക്കുക.

10. പഞ്ചായത്ത് പ്രദേശത്തെ അവശകലാകാരന്മാരെ കണ്ടെത്തി പെൻഷൻ നൽകാനുള്ള പദ്ധതി ഏർപ്പെടുത്തുക.

11. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ നിർബന്ധമായും വായനശാലകൾ സ്ഥാപിക്കുക.

12. പഞ്ചായത്ത് കേന്ദ്രത്തിൽ പൂർണ്ണസമയം പ്രവർത്തിക്കുന്ന ഒരു റഫറൻസ് ഗ്രന്ഥശാല സ്ഥാപിക്കുക.

കായികരംഗം

ആമുഖം

വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തി എടുക്കാൻ കഴിയുന്ന സ്വഭാവ വിശേഷങ്ങളുടെ ആകെത്തുകയാണ് കായിക സംസ്കാരം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. കായിക സംസ്കാരവും സ്പോർട്ട്സും വ്യക്തികളുടെ നേരായ വികസനത്തിൽ സുപ്രധാനമായ പങ്കു വഹിക്കുന്നു.

എന്നാൽ വ്യക്തമായ ഒരു കായിക സംസ്കാരം വളർത്തിയെടുക്കാൻ കഴിയേണ്ടതുണ്ട്. അതരത്തിലുള്ള ഒരു ബഹുജന പ്രസ്ഥാനം വളർത്തി എടുക്കാൻ പറ്റിയ ഒരു സന്ദർഭമാണ് ഇപ്പോൾ നമുക്ക് ലഭ്യമായിരിക്കുന്നത്. പഞ്ചായത്ത്രാജ് നിയമം നിലവിൽ വരുകയും ഒൻപതാം പദ്ധതി ജനകീയ ചർച്ചകളിലൂടെ രൂപപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ നമുക്ക് അനുകൂലമായ ഒരു കായിക വികസനനയം ഉണ്ടാക്കാനും അതിലൂടെ നാട്ടിൽ കാ

യികസംസ്കാരം വളർത്താൻ ഒരു ബഹുജന പ്രസ്ഥാനം കെട്ടിപ്പെടുക്കാനും കഴിയും.

പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്പോർട്ട്സ് ക്ലബുകളാണ് – ഗ്രാമരശ്മി കലാവേദി, പ്രതീക്ഷ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, പ്രതിഭ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, ജനകീയ കലാസമിതി, പ്രണവം സ്പോർട്ട്സ് ആന്റ് ആർട്ട്സ് ക്ലബ്. ബി. എൻ. ഭാസി സ്മാരകഗ്രന്ഥശാല, ടാഗോർ സ്മാരക കലാസമിതി, ജനകീയ കലാസമിതി, സമസ്യ ആർട്ട്സ് ആന്റ് സ്പോർട്ട്സ്, ക്രാന്തി ഗ്രന്ഥശാല, പ്രതിഭ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് എന്നിവ.

ഓണാ ഘോഷങ്ങളുമായി ബന്ധപ്പെട്ടും, വാർഷിക യോഗങ്ങളുമായി ബന്ധപ്പെട്ടും കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. എന്നാൽ അത്തരം മത്സരങ്ങളിൽ വിജയിക്കുന്നവരെ സ്ഥിരമായി പരിശീലനം നൽകി വളർത്തിയെടുക്കാൻ കഴിയുന്നില്ല. സ്കൂളുകളിൽ പലതിലും കായിക പ്രതിഭകളെ വാർത്തെടുക്കാൻ കഴിയുന്നില്ല. വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ബാറ്റ്മിന്റൺ, ഷട്ടിൽ തുടങ്ങിയ കളികൾ പഞ്ചായത്തിന്റെ ചില മേഖലകളിൽ നിലവിലുണ്ട്. പക്ഷേ വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതും വിദഗ്ധ പരിശീലകരുടെ അഭാവവും നിമിത്തം ഈ രംഗത്ത് പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കേരളയൂണിവേഴ്സിറ്റിയുടെ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റൻ ശ്രീ. ഹരീഷ്ശങ്കർ (പുല്ലയിൽ), ജി. വിരാജ സ്പോർട്ട്സ് ക്ലബുമായി ബന്ധപ്പെട്ട് 400 m ഓട്ടത്തിൽ സ്റ്റേറ്റ് സെലക്ഷൻ കിട്ടിയ രേഖ (പേടികുളം) തുടങ്ങിയവർ നമ്മുടെ പഞ്ചായത്തിന്റെ പ്രതിഭകളാണ്.

നിർദ്ദേശങ്ങൾ

1. ലക്ഷ്യബോധമുള്ള കായിക സംസ്കാരം വളർത്തി എടുക്കാൻ വ്യാപകമായ ബോധവൽക്കരണം നടത്തുക.

2. കായിക പ്രവർത്തനങ്ങൾ നടത്തുവാൻ സഹായകരമായ കളിസ്ഥലങ്ങൾ എല്ലാ വിദ്യാലയങ്ങളിലും നിർബന്ധമായും ഉണ്ടാക്കുക.

3. ഗ്രാമീണ കായിക വിനോദ സ്ഥാപനങ്ങളെ സംരക്ഷിക്കാനും പ്രതിഭകളെ വാർത്തെടുക്കാനും മുൻകൈയ്യെടുക്കുക.

4. വനിതാ സമിതികളുടെ നേതൃത്വത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകാൻ സഹായകരമായ നടപടികൾ സ്വീകരിക്കുക.

5. കായിക രംഗം പാഠ്യവിഷയമാക്കുക.

6. കായിക മേഖലയെ സജീവമാക്കാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിക്കണം.


7. പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് കുളങ്ങളിൽ നീന്തൽ പരിശീലനം നൽകുവാനുള്ള നടപടികൾ സ്വീകരിക്കണം.

8. കായിക പ്രതിഭകളെ വളർത്തി എടുക്കാനും ആദരിക്കാനും നടപടികൾ സ്വീകരിക്കുക.

9. കായിക രംഗത്ത് അർപ്പണ ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ അവധിക്കാല കോച്ചിംഗ് ക്യാമ്പുകൾ സ്ഥാപിക്കണം.

10. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഒരു അവിഭാജ്യഘടകമായി കായികപ്രവർത്തനങ്ങളെ മാറ്റേണ്ടതുണ്ട്.

വ്യവസായം



ആമുഖം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർന്ന നിലവാരം പുലർത്തുന്ന പഞ്ചായത്ത് മേഖലയിൽ തൊഴിലില്ലായ്മ വിദ്യാസമ്പന്നരിലും മറ്റ് വിഭാഗങ്ങളിലും ഒരു പ്രധാന പ്രശ്നമാണ്. പൊതുമേഖലയിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വ്യവസായശാലകൾ ആരംഭിക്കുകവഴി തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും. പഞ്ചായത്തിൽ നിലവിലുള്ള സ്വകാര്യചെറുകിട ഫാക്ടറിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളാണ് കൂടുതലായി പണി എടുക്കുന്നത്. ഈ അവസ്ഥ മാറ്റേണ്ടതാണ്.

വ്യവസായചരിത്രം:- പഞ്ചായത്തിന്റെ വ്യവസായചരിത്രം പരിശോധിച്ചാൽ 4 പ്രധാന വ്യവസായമേഖലകൾ ഉള്ളതായി കാണുന്നു.

1. കൈത്തറി
2. കശുവണ്ടി
3. ഇഷ്ടികനിർമ്മാണം
4. ബീഡി

പരമ്പരാഗതമായി ഈ പഞ്ചായത്ത് കാർഷികമേഖലയാണ്. നെല്ല്, തെങ്ങ്, റബ്ബർ എന്നിവയാണ് പ്രധാന കൃഷികൾ. എന്നാൽ ഈ കാർഷികവിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള യാതൊരു വ്യവസായസംരംഭങ്ങളും ഈ പഞ്ചായത്തിൽ നിലവിൽ ഇല്ല. പഞ്ചായത്ത് അതിർത്തിയിൽക്കൂടി ഒഴുകുന്ന വാമനപുരം നദിയുടേയും, പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന ചിറ്റാറ്റിന്റേയും കരകളിൽ ധാരാളം ഇഷ്ടികനിർമ്മാണശാലകൾ ഉണ്ട്. പുളിമാത്ത്, കൊടിവഴന്നൂർ മേഖലകളിൽ കളിമൺവ്യവസായം നല്ലരീതിയിൽ നടന്നിരുന്നു. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിദഗ്ധതൊഴിലാളികളുടെ അഭാവവും മൂലം പൂർണ്ണമായും സ്തംഭനാവസ്ഥയിൽ ആണ്.

ആശാരിമാർ, സ്വർണ്ണപണിക്കാർ, മരപ്പണിക്കാർ തുടങ്ങിയ വിദഗ്ധരുടെ വലിയൊരു കൂട്ടം തന്നെ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ ഈ തൊഴിലാളികൾ അവരുടെ സ്വകാര്യതയിൽ ഒതുങ്ങിനിൽക്കുന്നു. ഇത്തരം വിദഗ്ധരുടെ കാര്യക്ഷമത വ്യാവസായികാവശ്യത്തിനായി ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അച്ചാർനിർമ്മാണയൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ, മെഴുകുതിരി, പർപ്പടനിർമ്മാണയൂണിറ്റുകൾ എന്നിവ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. ഈ മേഖല ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. ശബരിറോളർഫ്ലവർമിൽ, കശുവണ്ടിഫാക്ടറികൾ, ഇഷ്ടികനിർമ്മാണശാലകൾ, ക്രഷർയൂണിറ്റ്, കമ്പനിഇഷ്ടികനിർമ്മാണശാല, ബീഡിനിർമ്മാണശാല, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നെയ്ത്ത്ശാലകൾ, ഇൻഞ്ചിനിയലിംഗ് വർക്ക്ഷോപ്പുകൾ, അച്ചാർനിർമ്മാണം, ചെരിപ്പ്നിർമ്മാണം, പർപ്പടകനിർമ്മാണം, പ്ലാസ്റ്റിക്കുടനിർമ്മാണം, സിമന്റ്കട്ടനിർമ്മാണം, കിണറുകളിൽ ഉപയോഗിക്കുന്ന ഉറനിർമ്മാണം, ഫർണിച്ചർനിർമ്മാണം, തടിമില്ലുകൾ, തേനീച്ചവളർത്തൽയൂണിറ്റുകൾ, ടയർറീട്രേഡിംഗ്– വർക്ക്ഷോപ്പുകൾ എന്നിവയാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായമേഖലകൾ.

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി പുരോഗമിച്ച് വരുന്നതായി കാണാം. ഏകദേശം 10,000 പേർവരുന്ന തൊഴിൽ സേനയുടെ 25.9 % വ്യവസായമേഖലയിലാണ് തൊഴിൽ എടുക്കുന്നത്.

വ്യവസായ തൊഴിലാളികളു ടെ ഇനംതിരിച്ചുള്ള കണക്കുപട്ടി കയിൽ കൊടുത്തിരിക്കുന്നു.

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

വിഭാഗം	തൊഴിലാളികൾ എണ്ണം	%
കൈത്തറി	90	3.5%
ബീഡീ	150	5.7%
കശുവണ്ടി	999	38.5%
ഇഷ്ടികനിർമ്മാണം	990	38.2%
കുടിൽവ്യവസായം	110	4.2%
ചെറുകിടഫാക്ടറികൾ	75	2.8%
റിപ്പയർഷോപ്പുകൾ	80	3.08%
മറ്റ്വ്യവസായങ്ങൾ	95	3.6%
ആകെ	2589	

ഇതിൽ 90.34 % പേർ പരമ്പരാഗത വ്യവസായങ്ങളിലും 9.6% പേർ ആധുനികവ്യവസായങ്ങളിലും തൊഴിൽ ചെയ്യുന്നു. പഞ്ചായത്തിന് പുറത്തുള്ള കുറ്റിമൂട്, മരുതമൺ, കിളിമാന്നൂർ, ചെങ്കിക്കുന്ന് എന്നിവിടങ്ങളിൽ ഉള്ള കശുവണ്ടിഫാക്ടറികളിൽ പഞ്ചായത്തിനകത്തു നിന്നും ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നു.

പരമ്പരാഗത വ്യവസായമേഖലയിൽ പ്രമുഖം കശുവണ്ടിയും, ഷ്ടികനിർമ്മാണവുമാണ്. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ തഴപ്പായ്, ഈറകൊണ്ടുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാണ്. എന്നാൽ ഇവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ പരിപോഷിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ കിഴക്കൻമേഖലയിലെ പ്രധാന കൃഷിയാണ് റബ്ബർ, ഈ പ്രദേശത്ത് റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായയൂണിറ്റ് സ്ഥാപിക്കാൻ കഴിഞ്ഞാൽ ആ പ്രദേശത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധിവരെ കഴിയും.

പഞ്ചായത്തിന്റെ മധ്യമേഖലയിലും, പടിഞ്ഞാറൻമേഖലയിലും നാളികേരകൃഷി വ്യാപകമായി നടക്കുന്നു. ഈ പ്രദേശത്ത് ഒരു നാളികേരസംസ്കരണശാല സ്ഥാപിക്കാൻ കഴിയും.

പ്രശ്നങ്ങൾ

(1) കൈത്തറിവ്യവസായം നേരിടുന്ന പ്രതിസന്ധി അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവാണ്.
(2) മുഖ്യമായും എല്ലാ വ്യവസായങ്ങളും നേരിടുന്ന പ്രതിസന്ധി വൈദ്യുതിക്ഷാമമാണ്.
(3) മുഖ്യ കാർഷികവിളകളായ, നാളികേരം, റബ്ബർ എന്നിവയെ വ്യവസായരംഗത്ത് കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.
(4) പുതിയ സാങ്കേതികവിദ്യയുടെ അഭാവം.
(5) ബാങ്ക് വായ്പകൾ ലഭിക്കാനുള്ള കാലതാമസം.
(6) വാമനപുരംനദി, ചിറ്റാർ എന്നിവയിൽകൂടി ഒഴുകുന്ന ജലം വ്യാവസായിക ആവശ്യത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
(7) പഞ്ചായത്തിൽ നിലവിലുള്ള സ്വകാര്യ ചെറുകിടഫാക്ടറിയിൽ അന്യസംസ്ഥാനത്തുനിന്നും ഉള്ള തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകി പണി എടുപ്പിക്കുന്നതുമൂലം പഞ്ചായത്തിലെ തൊഴിൽസാദ്ധ്യത കുറയുന്നു.

നിർദ്ദേശങ്ങൾ


(1) കൈത്തറിവ്യവസായ സഹകരണസംഘം പഞ്ചായത്തിൽ സ്ഥാപിക്കുക.
(2) അസംസ്കൃത വസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കുക.
(3) പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഒരു റബ്ബർ ഉല്പന്നനിർമ്മാണഫാക്ടറി സ്ഥാപിക്കുക.
(4) പഞ്ചായത്തിന്റെ മദ്ധ്യമേഖലയിലും പടിഞ്ഞാറൻമേഖലയിലും ഓരോ നാളികേരസംസ്കരണശാലകൾ സ്ഥാപിക്കുക.
(5) വൈദ്യുതിപ്രതിസന്ധി പരിഹരിക്കുക.
(6) വ്യവസായ സംരംഭകർക്ക് ബാങ്ക്വായ്പ എളുപ്പത്തിൽ ലഭ്യമാക്കുക.
(7) ആടുവളർത്തൽ, കോഴിവളർത്തൽ, കറവമാട്, പട്ടുനൂൽപ്പുഴുവളർത്തൽ, തേനീച്ചവളർത്തൽ യൂണിറ്റുകൾ എന്നിവയ്ക്ക് സഹായനടപടികൾ സ്വീകരിക്കുക.
(8) പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.
(9) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണകേന്ദ്രം സ്ഥാപിക്കുക.
(10) ക്ഷീരോല്പന്ന വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക.
(11) ഇഷ്ടികവ്യവസായം പരിപോഷപ്പെടുത്തുവാൻ ബാങ്ക്വായ്പ ലഘൂകരിക്കുക.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

വ്യവസായം

1. സിമന്റ്ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ്. നാളികേര സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുക.
2. കാലിത്തീറ്റ നിർമ്മാണശാലയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല പഞ്ചായത്തിൽ സ്ഥാപിക്കുക.
3. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
4. നീലിമുക്ക് കേന്ദ്രമാക്കി ഒരു ഖാദിഉല്പന്നയൂണിറ്റ്, കുറത്തിമൺ കേന്ദ്രമാക്കി ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ്, മലച്ചിറ കേന്ദ്രീകരിച്ച് സഹകരണമേഖലിൽ ആടുവളർത്തൽകേന്ദ്രം എന്നിവ സ്ഥാപിക്കുക.
5. കമുകിൻകുഴി കേന്ദ്രമാക്കി അലുമിനിയം പാത്രനിർമ്മാണശാല സ്ഥാപിക്കുക.
6. 10–ാം വാർഡിൽ നെല്ലിടപ്പാറയിലുള്ള 15 ഏക്കർ സർക്കാർവക ഭൂമിയിൽ ഒരു വ്യവസായയൂണിറ്റ് സ്ഥാപിക്കുക.
7. ആരിവാരിക്കുഴി കേന്ദ്രമാക്കി റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.
8. ഇഷ്ടികവ്യവസായം പരിപോഷിപ്പിക്കുക.
9. മെഴുകുതിരി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക , പേടികുളം അയിരൂർചിറ.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 136.95 ച. കിലോമീറ്റർ (5.13%) മാത്രം വരുന്ന പഞ്ചായത്തിലെ മൊത്തം ജനവിഭാഗങ്ങൾക്കും സഞ്ചാരപ്രദമാകത്തക്കവിധത്തിൽ റോഡുകളും തടങ്ങളും ഇടവഴികളും നടപ്പാതകൾക്കുമായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിന്റെ തെക്കേഅറ്റത്ത് വാമനപുരം പഞ്ചായത്തിന്റെ ഭാഗമായ വാമനപുരം പാലം മുതൽ പഴയകുന്നുമൽ പഞ്ചായത്തിന്റെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന ഇരട്ടച്ചിറവരെയുള്ള ഭാഗത്തേക്ക് ഏകദേശം 6 കി. മീറ്റർ നീളത്തിൽ സ്റ്റേറ്റ് ഹൈവേ കടന്നുപോകുന്നു.

സ്റ്റേറ്റ്ഹൈവേ കടന്നുപോകുന്ന പഞ്ചായത്തിന്റെ ഭരണനിർവ്വഹണ കേന്ദ്രമായ പഞ്ചായത്ത് ആഫിസ് സ്ഥിതിചെയ്യുന്ന കാരേറ്റ് ജംഗ്ഷൻ മുതൽ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കേഅറ്റമായ ഗണപതിയാംകോണം വരെ P.W.D യുടെ അധീനതയിലുള്ള കാരേറ്റ് പേടികുളം കൊടുവഴനൂർ ഗണപതിയാംകോണം റോഡിന് 6 കി. മീറ്റർ ദൈർഘ്യമുണ്ട്. പുളിമാത്ത്, കൊടുവഴനൂർ തുടങ്ങിയ വില്ലേജുകളേയും പരസ്പരം ബന്ധിപ്പിക്കുന്നുവെന്നുള്ള സവിശേഷതകൂടി ഇതിനുണ്ട്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിനെയും നഗരൂർ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി നഗരൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കെ അറ്റമായ ഗണപതിയാംകോണത്തു നിന്നും മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ വടക്ക് കിഴക്കേഭാഗമായ അയിലം കടവ് വരെ 2100 മീറ്റർ നീളവും 8 മീറ്റർ വീതിയും ഉള്ള ഗണപതിയാംകോണം-അയിലം കടവ് റോഡാണ് പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ഏകറോഡ്.

പ്രസ്തുത റോഡ് നബാർഡ് എം. എൽ. എ ഫണ്ട് ഉപയോഗിച്ച് ഗതാഗത പ്രദമാകത്തക്ക വിധത്തിൽ മെറ്റൽ ചെയ്ത് സഞ്ചാരയോഗ്യമാക്കി മാറ്റുകയുണ്ടായി. മുദാക്കലിനെയും പുളിമാത്ത് ഗ്രാമപഞ്ചായത്തിനെയും പരസ്പരം ബന്ധിപ്പിക്കത്തക്ക വിധത്തിൽ അയിലം കടവില പാലംപണി പൂർത്തീകരിച്ച് ടാർ ചെയ്തു കഴിയുമ്പോൾ തിരുവനന്തപുരം ജില്ലയിൽ വിശിഷ്യാ ചിറയിൻകീഴ് താലൂക്കിലെ വാണിജ്യവ്യവസായ കേന്ദ്രങ്ങളുമായി സുഗമമായ ബന്ധം പുലർത്താൻ പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കൊടുവഴനൂർ വില്ലേജിലെ മൊത്തം ജനങ്ങൾക്കും അവസരം ലഭിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ കിഴക്കുപടിഞ്ഞാറായി കാരേറ്റുനിന്നും തുടങ്ങി കുറ്റിമൂട്വരെയുള്ള P.W.Dറോഡിന് 5 km നീളമുണ്ട്. കല്ലറ ഗ്രാമപഞ്ചായത്തിനെയും വാമനപുരം ഗ്രാമപഞ്ചായത്തിനെയും പരസ്പരം ബന്ധിപ്പിക്കത്തക്ക വിധത്തിലുള്ള പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ തെക്ക് കിഴക്കേ അതിർരേഖ കൂടിയാണ് ഈ റോഡ്.

കുറ്റിമൂട് മുതൽ നെല്ലിടപ്പാറ വരെയുള്ള പഞ്ചായത്തിന്റെ തെക്ക് കിഴക്കേ ഭാഗത്തുകൂടി പോകുന്ന റോഡിന് 1 km നീളവും 6 m വീതിയുമുണ്ട്. ഈ റോഡിൽ നെല്ലിടപ്പാറ മുതൽ കുറ്റിമൂട്ടിലേക്കുള്ള 250 m നീളം മെറ്റൽ ചെയ്തിട്ടുണ്ട്. .. ബാക്കിടാർ ചെയ്തിട്ടുണ്ട്. റോഡിന്റെ ഇരുസൈഡുകളിലും ഡ്രെയിനേജ് സൗകര്യം ഇല്ലാത്തതുകൊണ്ട് റോഡ് നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്റ്ററി പദ്ധതി പ്രകാരം നട്ടു പിടിപ്പിക്കപ്പെട്ടിട്ടുള്ള മാഞ്ചിയം പ്ലാന്റേഷൻ വഴിയാണ് ഈ റോഡ് കടന്നു പോകുന്നത്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ വടക്ക്കിഴക്കേ ഭാഗമായ ഈട്ടിമൂടിൽ നിന്ന് തുടങ്ങി പഞ്ചായത്തിന്റെ തെക്ക് കിഴക്കേ ഭാഗമായ പോറ്റിമുക്ക് ജംഗ്ഷൻ വരെയുള്ള (കല്ലറ-തൊളിക്കുഴി) എ.എൽ.എ റോഡ് 4 km നീളമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കിഴക്കേഭാഗത്ത് സ്ഥിതിചെയ്യുന്ന കല്ലറ പഞ്ചായത്തിനെയും കടയ്ക്കൽ ഗ്രാമപഞ്ചായത്തിനെയും വേർതിരിയ്ക്കുന്ന അതിർത്തിരേഖ കൂടിയാണ് ഈ റോഡ്.

പോറ്റിമുക്കിൽനിന്നും കാട്ടും പുറംവഴി പൊരുന്തമൺ വരെ പുളിമാത്ത് വില്ലേജിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന കല്ലറ – പൊരുന്തമൺ എം. എൽ. എ റോഡിന് 6 km ദൈർഘ്യമുണ്ട്. ഇത് M.L.Aഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതാണ്. തിരുവനന്തപുരം ജില്ലയുടെ കിഴക്കൻ ഭാഗങ്ങളെയും കൊല്ലം ജില്ലയുടെ തെക്കൻ ഭാഗങ്ങളിലെ ജനങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന ഈ റോഡിന് വ്യവസായ-വാണിജ്യ കാർഷിക മേഖലയിൽ നിർണ്ണായകമായ അഭിവൃദ്ധിയുണ്ടാക്കി തരുവാൻ കഴിയും. പുളിമാത്ത് ഗ്രാമപഞ്ചായത്തിനെയും പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിനെയും പരസ്പരം ബന്ധിപ്പിക്കുന്ന അതിർരേഖ കൂടിയാണ്.

ശീമവിള, കണ്ണൻമുക്ക്, വലിയവിള റോഡിന് 5 km ദൈർഘ്യം ഉണ്ട്. പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്തുകൂടി കടന്നുപോകുന്ന ഈ റോഡ് കൊടുവഴനൂർ വില്ലേജിൽകൂടി കടന്നു പോകുന്നു. കിളിമാനൂർ ഗ്രാമ

പഞ്ചായത്തിനെയും നഗരൂർ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പഞ്ചായത്തിന്റെ അതിർരേഖ കൂടിയാണ് ഈ റോഡ്.

ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലായി സ്ഥിതിചെയ്യുന്ന പരമപ്രധാന 3 m -ൽ അധികം വീതിവരുന്നതും 250 m -ൽ കൂടുതൽ നീളം വരുന്ന റോഡുകളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

മിക്കവാറും എല്ലാ റോഡുകളും ശാസ്ത്രീയമായി പുന:നിർമ്മാണം നടത്തിയാൽ വരുംകാലങ്ങളിൽ പഞ്ചായത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാക്കി മാറ്റുവാൻ കഴിയും. അതോടൊപ്പം തന്നെ ജനകീയ പങ്കാളിത്തവും ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ വികസനത്തിന് ആത്യന്താപേക്ഷിതമായിരിക്കുന്നു. ഇതിനായി കക്ഷിരാഷ്ട്രീയ ഭേദമന്യേ സാംസ്കാരിക സംഘടനകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ ബോധവൽക്കരണ പ്രവർത്തനങ്ങളോടുകൂടി പണി പൂർത്തീകരിക്കാൻ കഴിയും.

മറ്റേതൊരു മേഖലയിലേയും പ്രതിസന്ധിയേക്കാൾ ഒട്ടും പിന്നി

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പ്രധാന റോഡുകൾ

	നീളം	വീതി
വാർഡ് I		
1. ഗണപതിയാംകോണം അയിലംറോട്	2100 x	8 metal
2. തോട്ടവാരം – എരുത്തിനാട്	300 x	4.00
3. ശീമവിള – വെള്ളിപ്പാറ	450 x	3.00
4. തുരുത്ത് – ഗണപതിയാംകോണം	150 x	3.00
5. ശീമവിള – കണ്ണൻമൂക്ക്	1000 x	3.00
6. കണ്ണൻമൂക്ക് – മുരിങ്ങാട്ടുകോണം	150 x	3.00
വാർഡ് II		
1. ചെറുക്കാരം – പുല്ലയിൽ	1400	3.00
2. പൊയ്കക്കട – അരിനെല്ലൂർഏലാ	600	3.50
3. പൊയ്കക്കട – ചേർന്നമംഗലം	1100	6.00
4. ചേർന്നമംഗലം – മണക്കുന്നിൽകടവ്	600	3.00
5. വലിയവിള – മൂന്നാറ്റുമുക്കുകടവ്	850	3.5
6. കാരിഞ്ചിവിള – മീനന്താങ്ങി	1020	4
7. പൊയ്കക്കട – പട്ടാണിക്കുഴി	500	3.4
8. കാവസ്ഥലം – കരിക്കുളം ഏലാ	150	3.00
വാർഡ് III		
1. പൊയ്കക്കട – ചെങ്കിക്കുന്ന്	3000	8.00
2. വലിയവിള – പുല്ലയിൽ പൊയ്കക്കട	4000	8.00
3. ശീമവിള – കണ്ണൻമൂക്ക് – ചെങ്കിക്കുന്ന്	5000	8.00
4. കൊടുവഴനൂർ H.S – ചെമ്പ്രാംകാട് – മൊട്ടലുവിള	4000	6.00
5. മരവെട്ടിക്കടവ് റോഡ്	500	6.00
6. പണിക്കർറോഡ്	750	3.00
7. മഹാത്മാഗാന്ധിറോഡ്	4000	6.00
8. കൃഷ്ണൻകോവിൽറോട്	1500	6.00
9. പറയ്യോട്ഭഗവതി	2000	5.00
10. പാഞ്ചികട്ടഞ്ചാൽറോഡ്	250	3.00
11. പറയ്യോട് കോളനിറോഡ്	1000	3.00
12. പുല്ലയിൽവീട് – അമ്പലംറോഡ്	250	3.00
13. കറ്റുവീട്റോഡ്	500	3.00
14. K.K.P റോഡ്	500	3.00

15. നെടുമൺ പാറയ്ക്കോട് – കട്ടയ്ക്കൽറോഡ്	750	3.00
16. മംഗലശ്ശേരി റോഡ്	250	3.00
17. ഗുരുമന്ദിരം റോഡ്	750	3.00
18. പയ്യമ്പള്ളി റോഡ്	750	3.00
19. വടക്കുംകര റോഡ്	500	3.00
20. ഗോകുലം റോഡ്	500	3.00
21. പുതുക്കുളങ്ങരറോഡ്	500	3.00
22. അമ്പലംറോഡ്	250	3.00
23. മുതലിയവീട് ഭഗവതിറോഡ്	500	3.00
24. മുരിങ്ങാട്ട്കോണം കുളംറോഡ്	500	3.00
25. കളിവിളാകം റോഡ്	750	3.00
26. ഹനീഫാസാർ റോഡ്	750	3.00
27. പാലാംകോണം റോഡ്	750	3.00
28. മൊട്ടലുവിളഹരിജൻകോളനി റോഡ്	850	3.00
29. വാട്ടർ ടാങ്ക് റോഡ്	500	3.00
30. കൊടുവഴനൂർ മഹിളാസമാജം റോഡ്	500	3.00
31. പുവത്തൂർ റോഡ്	500	3.00
32. കുറ്റിവേലിറോഡ്	500	3.00
33. മാടൻനട റോഡ്	500	3.00
34. പാൽസൊസൈറ്റി റോഡ്	500	3.00
35. ചെമ്പ്രാംകാട് – കൊടുവഴനൂർ	500	3.00
36. കായിക്കര റോഡ്	500	3.00
വാർഡ് IV		
1. പുളിമാത്ത് – അലയക്കോണം	1830	5.00
2. അലയക്കോണം – ഉടയവൻകാവ് ക്ഷേത്രം	210	4.00
3. അലയക്കോണം – കൊഴുക്കോണം	660	3.50
4. പെരുന്തമൺ – കടമുക്ക്	2180	5.00
5. കാവിൽക്കട – തെന്നൂർപാലം	710	8.00
6. കാവിൽക്കട – കൊഴൂർക്കോണം	1000	4.00
7. കടമുക്ക് – കുനക്കടവ്	330	3.50
8. ചെറുവാളി – മഞ്ഞപ്പാറ	650	4.00
വാർഡ് V		
1. പുളിമാത്ത് – കടമുക്ക്	4000	8
2. കണിയാംകോണം – പന്നിയൂർക്കോണം	610	4.0
3. പുളിമാത്ത് യു. പി. എസ് – പണിയറക്കോണം	565	4.50
4. നെടുമൺകാവ് – നെടുമൺകോണം	965	5.00
5. വെയ്യലംവീട് – കിഴതിൽറോഡ്	330	3.50
6. കളരിആൽത്തറ – കോട്ടറക്കാവ്	780	5.50
7. ചീകണ്ണിവാരം – തച്ചടി – പേടികുളം	420	4.50
8. പുളിമാത്ത്–ക്ഷേത്രം – പേടികുളം	2920	5.00
9. പേടികുളം – മാമൂട്	500	3.00
10. മറമൂട് – പുളിമാത്ത്–ക്ഷേത്രം	1000	3.00
11. കോയിക്കൽ – കാവ്വിള	600	5.00
12. കൊല്ലംവിളാകം പിള്ളവീട് റോഡ്	500	5.00
13. ആശാരിവിളാകം	500	4.00

14. പുളിമാത്ത് – അലയക്കോണം	600 മീറ്റർ	4
വാർഡ് VI		
1. പേടികുളം – മുട്ടാംമൂല പ്ലാവേര്–ക്ഷേത്രം	2200 മീറ്റർ	6 മീറ്റർ
2. പള്ളിമുക്ക് – കരുവള്ളിയാട്	1100 മീറ്റർ	6 മീറ്റർ
3. പേടികുളം – ചാലുവിള – പ്ലാവേര്	1600	6 മീറ്റർ
4. പേടികുളം – ലക്ഷംവീട് – കരുവള്ളിയാട്	1100	6.00 മീറ്റർ
5. പുതുക്കാട്ട്ചിറ – പ്ലാവേര് – പ്ലാങ്കലറോഡ്	100	6 മീറ്റർ
6. പേടികുളം – വാഴ്വേലിചിറ	400	6 മീറ്റർ
7. മാടൻവിള – വെട്ടുകടവ്	700	6 മീറ്റർ
8. കോയിക്കൽവിളാകം – കരുവള്ളിയാട് ഏലാറോഡ്	500	6 മീറ്റർ
9. മരവെട്ടിവിള – വാഴപള്ളിക്കോണം	250	3 മീറ്റർ
10. കോയിക്കലഴികം – പറയരുവിളാകം റോഡ്	400	4 മീറ്റർ
11. കാട്ടുവിള – പാണൻവിളാകം	250	6മീറ്റർ
12. പണിക്കരുവിളാകം	350	4 മീറ്റർ
13. കുഴിവിള – വാറപ്പള്ളിക്കോണം	250	4 മീറ്റർ
വാർഡ് VII		
1. പുളിമാത്ത് ഗവ. എൽ. പി. എസ് – ഡി. ബി.എച്ച് എസ്	1240	5.00
2. കാരേറ്റ് – മാമൂട് – പേടികുളം	810	4.00
3. പുളിമാത്ത് – കുടിയേല	600	3.50
4. കോയിക്കവിളാകം – ആറാന്താനം	645	4.00
5. തുറുത്തുമൺ – കുടിയേല– പള്ളിമുക്ക്	990	5.00
6. പയറ്റിങ്ങാക്കുഴി – ഒഴുകുപാറ	630	3.50
7. ശബരി – നെല്ലിക്കുന്ന്	510	4.50
8. ഈട്ടിക്കുന്ന് – ആറാംന്താനം	450	4.00
9. D.B.H.S - പേടികുളം	390	3.50
വാർഡ് VIII		
1. പൊരുന്തമൺ – വള്ളംവെട്ടിക്കോണം – കുതിരത്തടം	1850	5.00
2. ചെറുവാളി വേടരുകുന്ന്	400	4.00
3. മഞ്ഞപ്പാറ അമ്പലംപള്ളിമുക്ക് L.P.S	1500	6.00
4. മഞ്ഞപ്പാറ – കരിയാകുഴി – പയറ്റിങ്ങാക്കുഴി	1250	5.00
5. പള്ളിമുക്ക് – പയറ്റിങ്ങാക്കുഴി – മലച്ചിറ വാവുപ്പാറ	3000	6.00
6. വാലുപച്ച – കെ. കെ. ജംഗ്ഷൻ	2000	6.oo
7. മാവുനിൽക്കുംപച്ച – വാലുപച്ച	1500	6.00
8. പൊരുന്തമൺ – മഞ്ഞപ്പാറ കാട്ടുംപുറം	6000	8.oo
9. പയറ്റിങ്ങാക്കുഴി – ആശാരിക്കവല – കെ.കെ. റോഡ്	1000	6.00
10. കെ.കെ.ജംഗ്ഷൻ – നീലിമുക്ക് – മലച്ചിറ	1250	6.00
വാർഡ് IX		
1. ആറാംന്താനം തെങ്ങുംകോണം	436	3.50
2. പുളിമാത്ത് – കമുകിൻകുഴിഏലാ	663	3.50
3. ആറാംന്താനം കമുകിൻകുഴി – താളിക്കുഴി	2250	6.00
4. താളിക്കുഴി – വെമ്മാനം	570	5.00
5. താളിക്കുഴി – പച്ചരിമുക്ക്	400	5.00
6. താളിക്കുഴി – മഞ്ഞപ്പാറ	2200	7.00
7. കടലുകാണിതടം	623	6.00
8. താളിക്കുഴി – മീൻമൂട്ടി	840	5.50

9. കുടിനീർകുഴി – പതുറ്റിങ്ങോക്കുഴി	1440	4.50
10. കുടിയേല പേഴുംകുന്ന്	1950	5.00
11. വെണ്ണാനം – പുച്ചകുന്ന്	800 മീറ്റർ	3 മീറ്റർ
വാർഡ് X		
1. കുറ്റിമൂട് – പുഞ്ചൻകട – മീൻമുട്ടി	2000	8.00
2. കുറ്റിമൂട് – വാവുപ്പാറ	2000	8.00
3. കുറ്റിമൂട് – വികാസ്ഭവൻ	1000	5.00
4. കുറ്റിമൂട്– കാട്ടുംപുറം	1000	5.00
5. മൂർത്തിക്കാവ് – എഴുവക്കയം	2000	8.00
6. യൂക്കാലിമുക്ക് – താഴെകൊല്ലുവിള	1250	8.00
7. യൂക്കാലിമുക്ക് – കുടപ്പാറ – മീൻകോണം	1250	5.00
8. കല്ലിടുക്ക് – മീനകോണം	1500	6.00
9. ഊറാൻകുഴി – മീൻകോണം	1000	6.00
10. വാലുപച്ചാ – താഴെകൊല്ലുവിള	1500	5.00
11. വാലുപച്ച – നീലിമുക്ക് – മലച്ചിറ, താളിക്കുഴി	4000	5.00
12. വാലുപച്ച – കൊല്ലുവിള	2000	5.00
13. കൊല്ലുവിള – വാവുപ്പാറ	1000	5.00
14. വാലുപച്ച – ശാസ്താംപാറ	1500	5.00
15. കുറ്റിമൂട് – വാവുപ്പാറ – കല്ലുവാഴക്കുഴി	2000	5.00
വാർഡ് XI		
1. പോറ്റിമുക്ക് – അരിവാരിക്കുഴി എൽ. പി.എസ് റോഡ്	1030	5.50
2. എൽ. പി.എസ്. റേഷൻകടറോഡ്	700	3.50
3. മുണ്ടോണിക്കര – കാട്ടുംപുറം	1915	8.00
4. ചീകണ്ണിക്കുഴി – പേരാപ്പിൽ – ഏലാറോഡ്	540	4.50
5. ഈട്ടിമൂട് – പ്ലാങ്കീറ് – കാട്ടുംപുറം	1210	4.00
6. പന്തടിക്കളം – പേരാപ്പ	630	4.00
7. പന്തടിക്കളം – ഊറാംകുഴി	500	5.00
8. കാട്ടുംപുറം – അരിവാരിക്കുഴി കോളനി	700	6.00
9. അരിവാരിക്കുഴി – നെല്ലിടപ്പാറ– ഏലാറഡ്	500	4.00

പുളിമാത്തു ഗ്രാമപഞ്ചായത്തിലെ പ്രധാന പാലങ്ങൾ

1. വാമനപുരംപാലം
2. മൂന്നുതോട്ടിൽപാലം
3. റോഡ് കടവ്പാലം
4. പൊരുന്തമൺപാലം
5. തെന്നൂർപാലം
6. കൊല്ലുവിളപാലം
7. ആൽത്തറമൂട്പാലം
8. അരിവാരിക്കുഴിപാലം
9. ചീകണ്ണിക്കുഴിപാലം
10. താഴെകൊല്ലുവിളപ്പാലം
11. മീൻമുട്ടിപ്പാലം

സ്റ്റേറ്റ് ഹൈവെ

1. വാമനപുരം ഇരട്ടച്ചിറ – 6 km

ജലഗതാഗതം

പഞ്ചായത്തിൽ ഇപ്പോൾ നിലവിൽവാമനപുരം നദിയിൽ കാവ്––കടത്ത് കടവിൽ പൊതുജനങ്ങൾ രണ്ടു കരയിലും പോകുന്നതിന് കടത്തുവള്ളം ഉപയോഗിക്കുന്നു. പ്ലാ––കടവിൽനിന്നും ആനച്ചൽ ഭാഗത്തേക്ക് മുമ്പ് ഉണ്ടായിരുന്ന കടത്തുവള്ളം പുനഃസ്ഥാപിക്കുക.

ലല്ല വൈദ്യുതി മേഖലയിലും അതുപോലുള്ള ഊർജ്ജപ്രസരണ മേഖലകളിലും നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

പ്രകൃതിദത്തമായ നിരവധി ഊർജ്ജസ്രോതസ്സുകളെ അവഗണിച്ചുകൊണ്ടുള്ള പരക്കം പാച്ചിലിനിടയിൽ എല്ലാ വിഭാഗം ജനങ്ങളും ഊർജ്ജ സ്രോതസ്സായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വൈദ്യുതിയെ തന്നെയാണ്.

ആറ്റമിക്പവർ സ്റ്റേഷനുകളിലൂടെയും ന്യൂക്ലിയർ തെർമ്മോ പ്ലാന്റുകളിലൂടെയും വിശാലാടിസ്ഥാനത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പാരിസ്ഥിതിക പ്രശ്നങ്ങളല്ല നമ്മുടെ രാജ്യത്തിനുള്ളത്. അതുകൊണ്ടുതന്നെ ജലസംഭരണികളിലൂടെയുള്ള പവർസ്റ്റേഷൻ വൈദ്യുതി ഉല്പാദന മേഖലയെ മാത്രമെ തൽക്കാലം ആശ്രയിക്കാൻ നിവർത്തിയുള്ളു.

ആറ്റിങ്ങൽ അവനവൻചേരിയിൽ സ്ഥാപിച്ചിട്ടുള്ള 66KV സബ്സ്റ്റേഷൻ മുഖേന പ്രസരണം ചെയ്യുന്ന വൈദ്യുതിയാണ് പുളിമാത്ത് ഗ്രാമപഞ്ചായത്തിലും വിതരണം ചെയ്യുന്നത്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലായി 10.2KM ഏരിയാ സ്ഥലത്ത് 11KV ലൈൻ എത്തിയിട്ടുള്ളതെങ്കിൽ 107KM സ്ഥലത്ത് LT ലൈനിന്റെ നീളം വർദ്ധിപ്പിച്ചിട്ടുണ്ട്.

140000 യൂണിറ്റ് വൈദ്യുതി ഗ്രാമപഞ്ചായത്തിൽ പ്രതിമാസം ഉപയോഗിക്കുമ്പോൾ ഗാർഹികാവശ്യങ്ങൾക്കായി പ്രതിമാസം പതിനായിരം യൂണിറ്റ് ഉപയോഗിക്കുന്നതായിട്ടാണ് ഔദ്യോഗിക കണക്ക്, വ്യാവസായികം തുടങ്ങിയ മറ്റുമേഖലകളിൽ വെറും 40000 യൂണിറ്റ് വൈദ്യുതി മാത്രമാണ് പ്രതിമാസം നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

782 തെരുവ് വിളക്കുകൾ നമുക്കുള്ളപ്പോൾ രാത്രിമുഴുവൻ കത്തുന്ന 56 മെർക്കുറിലാമ്പുകളും 560 ട്യൂബുകളും 53 സാധാരണ ബൾബുകളും നാം ഉപയോഗിക്കുന്നു. ജനങ്ങളുടെ പ്രതീക്ഷക്കൊത്ത വിധത്തിൽ വൈദ്യുതി എത്തിച്ചുകൊടുക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല.

കാർഷിക ആവശ്യങ്ങൾക്കായി 88 പേർ വൈദ്യുതിയെ ആശ്രയിക്കുമ്പോൾ വ്യാവസായിക ആവശ്യങ്ങൾക്കായി 28 പേർ മാത്രമാണുള്ളത്. എന്നാൽ 107 പേർ ഗാർഹികാവശ്യത്തിനായി അപേക്ഷിച്ചിട്ട് കാത്തുനിൽക്കുന്നവരുമുണ്ട്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളെ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം കുറഞ്ഞ വോൾട്ടേജാണ്, 66 KV സബ് സ്റ്റേഷനിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. സബ് സ്റ്റേഷനിൽ തന്നെ ലഭിക്കുന്ന വോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ 66% മാത്രമാണ് എന്നാണ്.

പിക്ലോഡ് സമയത്താണെങ്കിൽ 40% മാത്രമാണ്. ഇപ്പോൾ നിലവിലുള്ള വൈദ്യുതിലൈൻ വളരെയധികം ഭാരം വഹിക്കുന്നതാണ് വോൾട്ടേജ് കുറയുന്നതിനുള്ള പ്രധാന കാരണം. ബഹുഭൂരിപക്ഷം ഉപഭോക്താക്കളും 110 W ബൾബുകളാണ് ഉപയോഗിക്കുന്നത്. മാത്രമല്ല സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോമറുകളും വ്യാപകമായി ഉപയോഗിക്കുന്നു. 200 W ബൾബുകൾ ഉപയോഗിക്കുന്ന പ്രദേശങ്ങളും ഗ്രാമപഞ്ചായത്തിൽ കൂടുതലായുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ സർവ്വെയിൽ കണ്ടെത്താൻ കഴിഞ്ഞത് വീടുകളിലെ കണക്ട് ലോഡ് വൈദ്യുതി വാർഡുകളിലെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനെക്കാൾ വളരെ കൂടുതലാണ്. അതുപോലെതന്നെ സർവ്വെ കാണിക്കുന്നത് പഞ്ചായത്തിലെ 8% മീറ്ററുകളും കേടാണ് എന്നതാണ്. 6 മാസത്തിലൊരിക്കൽ ബിൽനിർണ്ണയിക്കുന്ന രീതിയാണ് നിലവിലുള്ളത്. വൈദ്യുതി മോക്ഷണം പൊതുവെ കുറവാണ്.

പ്രേക്ഷണ വിതരണ സംവിധാനങ്ങളുടെ തകരാറ് വൈദ്യുതി നഷ്ടത്തിനുള്ള പ്രധാന കാരണമാണ്. ഇതിന് പരിഹാരമായി ജംബർ സംവിധാനം ഏർപ്പെടുത്തിയാൽ ഏറെക്കുറെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞേക്കും. അതോടൊപ്പം വൈദ്യുതി ലൈനിൽ തട്ടികിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക. ട്രാൻസ്ഫോമറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ സ്ഥാനം പുനഃക്രമീകരിക്കേണ്ടതുണ്ട്.

പാചകം വെളിച്ചം വെള്ളം പമ്പ് ചെയ്യാൻ മറ്റ് ആഡംബര ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ തുടങ്ങിയ ആവശ്യങ്ങൾക്കായിട്ടാണ് ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗിക്കുന്നത്. ഇതിനായി 17.41% ഉപയോഗിക്കുന്നതായി സർവ്വെ ചൂണ്ടിക്കാണിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 5% ഭാഗത്തു മാത്രമെ പൂർണ്ണമായും വൈദ്യുതി ലൈൻ എത്തിച്ചേർന്നിട്ടുള്ളു. വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയെ മാത്രം ആശ്രയിച്ചുകൊണ്ട് പഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ കഴിയുകയില്ല.

പരിഹാരമാർഗ്ഗം

1. ഇന്ന് ലഭിക്കുന്ന വൈദ്യുതി പരമാവധി അത്യാവശ്യം കാ

മൃങ്ങൾക്ക് മാത്രമായി ഉപയോഗിക്കാൻ വേണ്ട ബോധവൽക്കരണം പ്രവർത്തനം നടത്തുക.

2. ഗ്രാമപഞ്ചായത്തിൽ 110 KV ലൈൻ സപ്ലൈ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം കിളിമാനൂർ സബ് സ്റ്റേഷൻ ആക്കി മാറ്റാനുള്ള നടപടിക്രമങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

3. പ്രഷർകുക്കർ, ഗുണമേന്മയുള്ള വിറക് അടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക തുടങ്ങിയ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഊന്നൽ നൽകുക.

4. ഗാർഹികാവശ്യങ്ങൾക്കുമറ്റുമായി ഗ്രാമപഞ്ചായത്തിന്റെ തെരഞ്ഞെടുക്കപ്പെടുന്ന മേഖലകളിൽ അനർട്ടിന്റെ സഹായത്താൽ സോളാർ പ്രോജക്ടുകൾ സ്ഥാപിക്കാനുള്ള നടപടികളിലാണിപ്പോൾ.

പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വിന്റ്വിൽ സ്ഥാപിക്കാൻ പരിപാടിയുണ്ട്.

5. മഞ്ഞപ്പാറ, കരുവള്ളിയാട്, അലൂർക്കാവ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

ഊർജ്ജം

വാർഡ് 1

1. ശീമവിള – ഉദയകുന്നം മേഖലകളിൽ വൈദ്യുതി എത്തിക്കണം.

2. തോട്ടവാരം ആലിൻമൂട് മുതൽ CWC ഓഫീസ് വരെയും, H.S. ജംഗ്ഷൻ മുതൽ, വില്ലേജ് ഓഫീസ് വരെയും തെരുവ്വിളക്കുകൾ ഫുൾ നൈറ്റ് ട്യൂബുകളും സ്ഥാപിക്കുക.

വാർഡ് 2

1. ചെറുക്കാരം പള്ളിക്ക് വടക്കുവശത്തു ഭാഗത്ത് വൈദ്യുതി എത്തിക്കുക.

2. ചെറുതരം പൂല്ലയിൽ പൊയ്യക്കട ആൽത്തറ എന്നിവിടങ്ങളിൽ ഫുൾ നൈറ്റ് ട്യൂബ് സ്ഥാപിക്കുക.

വാർഡ് 3

1. വാർഡിൽ വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.

വാർഡ് 4

1. പുളിമാത്ത് അലയക്കോണം കാവീൽക്കട കൊയൂർക്കോണം, മാനാട്ടുകുളം കടമൂക്ക്, കടമ്പറ, ചാലക്കുന്ന് കുതിരവട്ടം പൊരുന്തമൺ ഇവിടങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുക.

വാർഡ് 5

1. വാർഡിൽ വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കാനും സ്ട്രീറ്റ് ലൈറ്റ് കത്തിക്കാനും ഉള്ള നടപടികൾ സ്വീകരിക്കണം.

2. വാർഡിൽ പവർട്രാൻസ് ഫോമറുകൾ സ്ഥാപിക്കുക.

വാർഡ് 6

1. കരുവള്ളിയാട്ടിൽ ട്രാൻസ്ഫോമർ സ്ഥാപിച്ചു, വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

2. ഭൂതത്താൻകുന്ന്, കരുവള്ളിയാട് എന്നിവിടങ്ങളിൽ വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക.

വാർഡ് 7

1. കാരേറ്റ് മണ്ണാർകോണം കോളനി പ്രദേശത്ത് വൈദ്യുതി എത്തിക്കുക.

വാർഡ് 8

1. മലച്ചിറ മാവ് നിൽക്കും പച്ച തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2. മഞ്ഞപ്പാറ, ആശാരിക്കവല തുടങ്ങിയ സ്ഥലങ്ങളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ പ്രോജക്ട് നടപ്പിലാക്കുക.

വാർഡ് 9

1. കമുകിൻ കുഴുമുതൽ പയറ്റിങ്ങാക്കുഴിവരെ വൈദ്യുതി ലൈൻ നീട്ടുകയും വെണ്മാനം, ഹരിജൻ കോളനി വൈദ്യുതീകരിക്കുകയും വേണം.

2. ആറാംന്താം മുതൽ കുറ്റിമൂട് വരെ കാരേറ്റ് കല്ലറ റോഡിൽ ഫുൾനൈറ്റ് ട്യൂബ് സ്ഥാപിക്കുക.

വാർഡ് 10

1. നെല്ലടപ്പറ മലച്ചിറ കാട്ടുമ്പുറം എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ടി നെല്ലടപ്പാറയിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

2. കുറ്റിമൂട്, വാവുപ്പാറ കൊല്ലുവിള പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

3. പൊരുന്തമൺ, കല്ലറ, വാലുവച്ച കൊല്ലുവിളവരെയുള്ള 800 M പ്രദേശത്ത് വൈദ്യുതി എത്തിക്കുക.

4. കുറ്റിമൂട് – പുത്തൽകട റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുക.

വാർഡ് 11

1. അരിവാരിക്കുഴി LMLPS മീൻകോണം കല്ലിടുക്ക്, പന്തടിക്കളം, മൂന്ന്തോട്, പ്ലാംങ്കീഴ്, പേരപ്പ്, ഹരിജൻ കോളനി തുടങ്ങി വാർഡിൽ വൈദ്യുതി എത്തേണ്ട എല്ലാഭാഗങ്ങളിലും വൈദ്യുതി എത്തിക്കുക.

2. കത്താത്ത തെരുവ്വിളക്കുകൾ നടപടി സ്വീകരിക്കുക.

3. വാർഡിലെ ദുർബല ജന വിഭാഗങ്ങൾക്കും ഹരിജനങ്ങൾക്കും വൈദ്യുതി എത്തിക്കുക.

മാർക്കറ്റ്

ഏതൊരു പ്രദേശത്തിന്റെയും കാർഷിക മേഖലകളുടെ പുരോഗതിയെ സ്വാധീനിക്കാനും ജനങ്ങളുടെ നിത്യാവശ്യങ്ങളുടെ പൂർത്തീകരണത്തിനു പബ്ലിക്ക് മാർക്കറ്റുകൾ സവിശേഷപ്രാധാന്യമർഹിക്കുന്നു. കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തിന്റെ പ്രധാന കാർഷിക ഉത്പന്നങ്ങൾ, റബ്ബർ, നെല്ല്, നാളികേരം, കുരുമുളക്, പച്ചക്കറി തുടങ്ങിയവയാണ്. വളരെ മെച്ചപ്പെട്ട വിപണന കൈമാറ്റ സാധ്യതയുണ്ടെങ്കിലും അതിന് അനുയോജ്യമായ ഒരു മാർക്കറ്റിംഗ് ശൃംഖല പഞ്ചായത്തിൽ വിപുലപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഗ്രാമപഞ്ചായത്തിന്റെ പൊതുവായ നിയന്ത്രണത്തിൽ കാരേറ്റ്, പൊയ്കക്കട, കുറ്റിമൂട് എന്നി സ്ഥലങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസം വീതം പ്രവർത്തിച്ചുവരുന്ന പബ്ലിക്ക് മാർക്കറ്റുകൾ ഉണ്ട്. ഇതു കൂടാതെ പഞ്ചായത്തിന്റെ ചില പ്രധാനകേന്ദ്രങ്ങളിൽ അനധികൃത മാർക്കറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവ അനധികൃത കേന്ദ്രങ്ങളാണെങ്കിലും പൊതുജനോപകാരപ്രദമാണ് എന്നതിൽ തർക്കമില്ല.

പക്ഷേ പഞ്ചായത്തിലെ പ്രധാന കാർഷിക ഉത്പന്നങ്ങൾ കൂടുതലായി വിറ്റെടുക്കാൻ ആശ്രയിക്കുന്നത് പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലുള്ള കിളിമാനൂർ, കല്ലറ, വാമനാപുരം, വെഞ്ഞാറമൂട് തുടങ്ങിയ പബ്ലിക് മാർക്കറ്റുകളെയാണ്. പക്ഷേ ഈ മാർക്കറ്റുകളിൽ എത്തിച്ചേരാനുള്ള ദൂരകൂടുതൽ കർഷകരെ സാരമായി ബുദ്ധിമുട്ടിക്കുന്നു. അതിലുപരി ഈ മാർക്കറ്റുകളിൽ കർഷകർ പലപ്പോഴും വലിയ ചൂഷണത്തിന് വിധേയരാകാറുണ്ട്. നിയമവിരുദ്ധ ചന്തപ്പിരിവും ബാഹ്യശക്തികളുടെ ഇടപെടലും കർഷകർക്ക് പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്.

പഞ്ചായത്തിലെ അംഗീകൃത മാർക്കറ്റുകളിൽ നിന്നായി വർഷം തോറും 8400 രൂപ വരുമാനം കിട്ടുന്നുണ്ട്. എന്നിരുന്നാലും ഈ മാർക്കറ്റുകളിലും ഒട്ടനവധി പരിമിതികൾ ഉണ്ട്. സ്ഥല പരിമിതി, സ്ഥിരം സ്റ്റാളുകളുടെ അപര്യാപ്തത മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ഇവയെല്ലാം പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

നിലവിലുള്ള സാഹചര്യത്തിൽ ഉല്പന്നശേഖരണം വിപണനസാധ്യതകൾ ജനങ്ങളുടെ പൊതുവിലുള്ള ആവശ്യകത ഇവ കണക്കിലെടുത്ത് കാട്ടുംപുറത്തുള്ള ചന്ത വിപുലീകരിച്ച് പഞ്ചായത്ത് ഏറ്റെടുക്കുകയും പഞ്ചായത്ത് നിയന്ത്രണത്തിൻകീഴിൽ പുല്ലയിൽ, പൊരുന്തമൺ, പന്തുവിള തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ മാർക്കറ്റുകൾ തുടങ്ങുകയും വേണം. അതുപോലെ സമീപ പ്രദേശങ്ങളിലും മറ്റുമുള്ള മാർക്കറ്റുകളിൽ നടക്കുന്ന ഇരട്ടച്ചൂഷണം ഒഴിവാക്കാൻ ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കുകയും സംഘടിത ജനശക്തിയിലൂടെയും ബഹുജന ഐക്യത്തിലൂടെയും ഈ രംഗം കൂടുതൽ മെച്ചപ്പെടുത്താനും അതുവഴി ജനങ്ങളുടെ ഈ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

പൊതുജനാരോഗ്യവും കുടിവെള്ളവും



നങ്ങളിരുമാണ്ടിൽ എല്ലാ പേർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യം കേരള സംസ്ഥാനം ഇതിനകം ലക്ഷ്യപ്രാപ്തിയിലെത്തിച്ചിരിക്കുന്നതിന്റെ പ്രകടമായ മുന്നേറ്റം നമ്മുടെ പഞ്ചായത്ത് മേഖലയിലും ദൃശ്യമാണ്. എന്നാൽ നാനാവിധ ആരോഗ്യപ്രശ്നങ്ങൾ പഞ്ചായത്തിൽ ഇന്നും അവശേഷിക്കുന്നു. അവ നേരിടുന്നതിന് നിലവിലുള്ള ആരോഗ്യപരിപാടികളെ സംയോജിപ്പിച്ച് ഗ്രാമതലത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കേണ്ടതായുണ്ട്.

ആയുർവേദം, ഹോമിയോപ്പതി, ആധുനികവൈദ്യശാസ്ത്രം എന്നിവയാണ് പഞ്ചായത്തിൽ ഇന്നു നിലവിലുള്ള പ്രധാന ചികിത്സാസമ്പ്രദായങ്ങൾ.

പഞ്ചായത്തിലെ ജനസംഖ്യ 27733 ആണ്. ഇതിൽ നല്ലൊരു ശതമാനവും ആധുനികവൈദ്യശാസ്ത്രത്തെയാണ് ആശ്രയിക്കുന്നത്. ചെറിയ ശതമാനം പേർ ഹോമിയോപ്പതിയേയും ആയുർവേദത്തേയും ആശ്രയിക്കുന്നു.

പഞ്ചായത്തിലെ 10-ാം വാർഡിൽ കാട്ടുമ്പുറം എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം 4-ാം വാർഡിൽ പൊരുന്തമണിൽ സ്ഥിതിചെയ്യുന്ന ഹോമിയോ ആശുപത്രി 7-ാം വാർഡിൽ കാരേറ്റ് സ്ഥിതിചെയ്യുന്ന ആയുർവേദ ആശുപത്രി എന്നിവയാണ് പഞ്ചായത്തിലുള്ള സർക്കാർ ആശുപത്രികൾ. ഇതിനു പുറമേ സ്വകാര്യമേഖലയിൽ കാരേറ്റ് നാല് അലോപ്പതി ആശുപത്രികളും പഞ്ചായത്തിൽ നാല് സ്വകാര്യ ആയുർവേദ വൈദ്യശാലകളും പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രികൾക്ക് പുറമേ പഞ്ചായത്തിന് പുറത്തുള്ള കല്ലറ, വാമനപുരം, കേശവപുരം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളേയും തൊട്ടടുത്ത പഞ്ചായത്തുകളിലുള്ള സ്വകാര്യആശുപത്രികളേയും ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്നു.

കാട്ടുമ്പുറം പ്രാഥമിക ആരോഗ്യകേന്ദ്രം 9-3-1983-ൽ റൂറൽ ഡിസ്പെൻസറിയായി വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും 9-2-1982-ൽ പ്രാഥമിക ആരോഗ്യകേന്ദ്രമായി ഉയർത്തുകയും ചെയ്തു. 17-3-1993-ൽ കാട്ടുമ്പുറത്ത് പഞ്ചായത്ത്വക ഒരേക്കർ ഭൂമിയിൽ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുകയുണ്ടായി.

മെഡിക്കൽ ഓഫീസർ മേധാവിയായുള്ള ഈ സ്ഥാപനത്തിൽ ഫാർമസിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റന്റർ, സാനിട്ടേഷൻവർക്കർ, ക്ലാർക്ക്, പ്യൂൺ എന്നീ ആശുപത്രിജീവനക്കാരുണ്ട്. ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴസ്മാർ മൂന്ന്ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരടങ്ങിയ പൊതുജന ആരോഗ്യ പ്രവർത്തകരുമാണുള്ളത്.

ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കീഴിൽ ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ കേന്ദ്രീകരിച്ച് കൊടുവഴന്നൂരിലും നാല്, അഞ്ച്, ആറ് വാർഡുകൾ ഏഴാം വാർഡിലെ കുറച്ച് ഭാഗം എന്നിവ കേന്ദ്രീകരിച്ച് പുളിമാത്തും ഏഴാം വാർഡിലെ ഭൂരിഭാഗവും എട്ട്, ഒമ്പത് വാർഡുകളും പത്താം വാർഡിലെ കുറച്ച് ഭാഗവും കേന്ദ്രീകരിച്ച് മഞ്ഞപ്പാറ (താളിക്കുഴിയിലും) പത്ത്, പതിനൊന്ന് വാർഡുകൾ കേന്ദ്രീകരിച്ച് അരിവാരിക്കുഴിയിലും ഓരോ സബ് സെന്ററുകളും പ്രവർത്തിക്കുന്നു. ശരാശരി 150 തിലധികം രോഗികൾ ദിവസവും ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ ആശ്രയിക്കുന്നു. എന്നാൽ ആശുപത്രിക്ക് ഒട്ടേറെ പരാധീനതകളുണ്ട്.

വാക്സിനുകൾ താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കുന്നതിനുള്ള റഫ്രിജറേറ്റർ വളരെ നാളുകൾക്ക് മുമ്പ് പ്രവർത്തനരഹിതമായി. വാക്സിൻ ശീതീകരണ ശൃംഖലയിൽ അവശ്യം വേണ്ടതായ റഫ്രിജറേറ്റർ ഈ സ്ഥാപനത്തിന് ലഭ്യമാക്കുവാനുള്ള നടപടികളുണ്ടാകണം. ചുറ്റുമതിൽ ഇല്ലാത്തതുമൂലം ഈ സ്ഥാപനം വളരെയധികം വിഷമതകൾനേരിടുന്നു. ആശുപത്രിയിലെ കിണർ തുറസ്സായ സ്ഥലത്തായതിനാൽ വഴിപോക്കരും പരിസരവാസികളും അലക്ഷ്യവും അനാരോഗ്യകരവുമായി ഈ കിണർ ഉപയോകിക്കുന്നതുമൂലം ഇതിലെ ജലം മലിനപ്പെടുനുണ്ട്. കിണറ്റിൽ ഒരു പമ്പു സെറ്റ് സ്ഥാപിച്ച് വാട്ടർകണക്ഷനുള്ള നടപടികൾ സ്വീകരിക്കണം. ഓ. പി ഹാളിലുള്ള ചെറിയൊരു കോൺക്രീറ്റ് ഇരിപ്പിടമല്ലാതെ രോഗികൾക്ക് ഇരിക്കുവാനും സ്ഥാപനത്തിൽവച്ച് യോഗങ്ങളോ ചർച്ചാക്ലാസ്സുകളോ നടത്തുമ്പോൾ അതിൽ പങ്കെടുക്കുന്നവർക്ക് ഇരിക്കുന്നതിനുള്ള ഫർണിച്ചറുകളോ ഇല്ല. ആശുപത്രി പ്രവർത്തനം സംബന്ധിച്ച ഫയലുകളും മരുന്നുകളും സൂക്ഷിക്കാൻ ഈ സ്ഥാപനം തുടങ്ങിയപ്പോഴുള്ള ഒരു അലമാര മാത്രമെയുള്ളു.

പുരോഗതിയുടെയും വിവിധസർക്കാർ വകുപ്പുകൾ തമ്മിലുള്ള സമന്വയത്തിന്റേതുമായ ഒരു കാലഘട്ടത്തിലേക്ക് കടക്കുന്ന ഈ സമയത്ത് പഞ്ചായത്തിനോ ജനങ്ങൾക്കോ മറ്റ് വകുപ്പു മേധാവികൾക്കോ അത്യാവശ്യകാര്യ

ങ്ങൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെടുവാനും നമ്മുടെ പഞ്ചായത്തിലെ ഏതെങ്കിലും പ്രദേശത്ത് അത്യാവശ്യമായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സേവനം ലഭ്യമാക്കേണ്ട അവസ്ഥ ഉണ്ടായാൽ എത്രയും പെട്ടെന്ന് ആരോഗ്യകേന്ദ്രത്തിൽ അറിയിക്കുന്നതിനു മൊക്കെയായി ഒരു ടെലിഫോൺ ആവശ്യമാണ്.

ഈ സ്ഥാപനത്തിന്റെ കീഴിലുള്ള നാല് സബ് സെന്ററുകളിലും ഇതുപോലുള്ള പല പോരായ്മകളുമുണ്ട്. ആരോഗ്യ കുടുംബക്ഷേമപ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിലേക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സ്മാർ അതാത് സബ് സെന്ററുകളിൽ താമസിക്കേണ്ടതുണ്ട്. എന്നാൽ അതിനുള്ള സൗകര്യം അപര്യാപ്തമാണ്.

പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി ആടുമാടുകളെ കശാപ്പ് ചെയ്യുന്നത് പതിവായിരിക്കുകയാണ്. അറവുശാലകളിൽ വച്ചല്ലാതെയും മൃഗഡോക്ടറുടെ അനുമതിയില്ലാതെയും നടക്കുന്ന ഇത്തരം കശാപ്പും ഇറച്ചിവില്പനയും തടയേണ്ടതായിട്ടുണ്ട്. ആളൊഴിഞ്ഞ പ്രദേശങ്ങളിൽ ആടുമാടുകളെ കശാപ്പ്ചെയ്യു അവശിഷ്ടങ്ങൾ ശരിയായി മറവുചെയ്യാതെ വലിച്ചെറിയുന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ ആകെ ആരോഗ്യത്തിന് ഭീഷണിയാണ്.

പഞ്ചായത്ത് പ്രദേശത്ത് ഹോട്ടലുകൾ അധികവും ശരിയായ ലൈസൻസോടുകൂടിയോ, ആരോഗ്യകരമായ ചുറ്റുപാടുകളിലോ അല്ല പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ തിരക്കേറിയ കാരേറ്റുജംഗ്ഷനിലും പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലുമുള്ള പൊതുക്ഷേണശാലകളിൽ അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് ഭക്ഷണം പാചകം ചെയ്യുന്നത്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തിന് ഇന്നും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യമില്ലായ്മ നിലനിൽക്കുന്നു. തുറസ്സായ സ്ഥലത്ത് മല മൂത്രവിസർജ്ജനം നടത്തുന്നത് സാംക്രമികരോഗങ്ങൾക്ക് കാരണമായി തീരുന്നു. അതിനാൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തി അത് നിർമ്മിച്ച് നൽകേണ്ടതാണ്.

പഞ്ചായത്തിൽ പ്രധാന ശുദ്ധജലസ്രോതസുകളായ കിണറുകളെ ആറുമാസത്തിലൊരിക്കൽ ക്ലോറിനേറ്റ്ചെയ്തു സംരക്ഷിക്കേണ്ടതാണ്.

കൊതുകു നശീകരണത്തിനായി ആരോഗ്യവകുപ്പ് നടത്തുന്ന ഡി.ഡി.റ്റി സ്പ്രേയിംഗ് ഫോഗിംഗ് തുടങ്ങിയ ആധുനികസംവിധാനങ്ങൾ കൊതുകു നിവാരണത്തിനായി നമ്മുടെ പ്രദേശത്തും ഉപയോഗിക്കപ്പെടേണ്ടതുണ്ട്.

പുളിമാത്ത് പഞ്ചായത്തിലെ മഞ്ഞപ്പാറസെറ്റിൽമെന്റു കോളനിയിൽപ്പെട്ട കാട്ടുംപുറത്ത് സ്ഥിതിചെയ്യുന്ന ഏകപ്രാഥമികകേന്ദ്രത്തെ അപ്ഗ്രേഡ്ചെയ്ത് വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത്വകയായി ഈ പ്രദേശത്തുണ്ട്. ഇത് പ്രയോജനപ്പെടുത്തി രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ സഹായകമാംവിധം കെട്ടിടങ്ങൾ നിർമ്മിക്കുകയും കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും, മറ്റു ജീവനക്കാരേയും നിയമിച്ച് വികസിപ്പിക്കേണ്ടതുമാണ്. മാതൃശിശുആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ മാതൃശിശുരോഗവിദഗ്ധന്മാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ഉറപ്പുവരുത്തണം.

പഞ്ചായത്തിലെ പടിഞ്ഞാറൻമേഖലയായ കൊടുമിഴന്നൂർ വില്ലേജിലെ ജനങ്ങൾക്ക് ചികിത്സയ്ക്കുവേണ്ടി പഞ്ചായത്തിന് പുറത്തുള്ള കേശവപുരം പ്രൈമറി ഹെൽത്ത് സെന്ററിനേയും മറ്റ് സ്വകാര്യ ആശുപത്രികളേയും ആണ് ആശ്രയിക്കേണ്ടി വരുന്നത്. അതിനാൽ ഈ പ്രദേശത്ത് ഒരു പ്രൈമറിഹെൽത്ത്സെന്റർ സ്ഥാപിക്കാനുള്ള നടപടി ഉണ്ടാകണം.

പഞ്ചായത്തിൽ നിലവിലുള്ള മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾക്കു പുറമേ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഓരോ കേന്ദ്രങ്ങൾകൂടി സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് വസൂരി, കോളറ എന്നീ രോഗങ്ങൾ പൂർണ്ണമായും നിർമാർജ്ജനംചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മലമ്പനി, മഞ്ഞപ്പിത്തം, അതിസാരം, ചിക്കൻപോക്സ്, ചെങ്കണ്ണ്, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങളിൽ പൂർണ്ണമായും നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കുടുംബക്ഷേമപദ്ധതിയുടെ പരിധിയിൽ വരുന്ന ഭൂരിപക്ഷം ദമ്പതികളും സ്ഥിരമായ സന്താനനിയന്ത്രണോപാധികൾ സ്റ്റീകരിച്ചവരാണ്. പഞ്ചായത്തിന്റെ ജനനനിരക്ക് 1000 ജനസംഖ്യക്ക് 17 എന്ന നിരക്കിലാണ്. ശിശുമരണനിരക്ക് 1000-ന് 14 എന്നതാണ്. പഞ്ചായത്തിലെ കുടുംബങ്ങൾ അധികവും രണ്ടു കുട്ടികൾ വീതമുള്ളവരാണ്. ഇതിൽ കൂടുതൽ ജനങ്ങളും കുടുംബക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ബോധവാന്മാരാണെന്നുകാണാം.

പഞ്ചായത്തിലെ ഉയർന്ന സാക്ഷരതാപ്രവർത്തനം കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി.

പഞ്ചായത്തിലെ ആയുർദൈർഘ്യം പുരുഷന്മാർ 67 വയസ്സും, സ്ത്രീകൾക്ക് 69 വയസ്സും ആണെന്ന് പ്രാഥമികാരോഗ്യ കേന്ദ്ര റിപ്പോർട്ടുകളിൽ കാണുന്നു. അടുത്തകാലത്ത് എടുത്ത കണക്കുകൾപ്രകാരം, സ്ത്രീകളുടെ ആയുർദൈർഘ്യം 73 ആയി ഉയർന്നിട്ടുണ്ട്.

പഞ്ചായത്തിൽ അഞ്ചിന് താഴെ കുട്ടികൾ 2033 എന്ന് രേഖകൾ കാണിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും കൂട്ടായ പ്രവർത്തനഫലമായി പഞ്ചായത്തിൽ പോളിയോ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

പൊരുന്തമണ്ണിൽ പ്രവർത്തിച്ചുവരുന്ന ഗവ: ഹോമിയോ ഡിസ്പെൻസറി ഇരുപതുവർഷത്തിലേറെ പഴക്കമുണ്ട്. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ പ്രതിദിനം 100-ൽ പരം രോഗികൾ ചികിത്സക്കായി എത്തുന്ന ഈ സ്ഥാപനത്തിൽ മരുന്ന്, ആശുപത്രിഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ ദൗർലഭ്യം ഇപ്പോഴും ഉണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതിന് വികസനസമിതിയും സൗഹൃദസമിതിയും മാസാമാസം കൂടുകയും ആവശ്യം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മെഡിക്കൽ ആഫീസർ, ഡിസ്പെൻസർ സ്വീപ്പർ കം പ്യൂൺ എന്നിവരാണ് ഈ സ്ഥാപനത്തിലെ ജീവനക്കാർ.

കാരേറ്റ് പ്രവർത്തിക്കുന്ന ഗവ: ആശുപത്രിയാണ് പഞ്ചായത്തിലെ പ്രധാന ആയുർവേദ ആരോഗ്യകേന്ദ്രം. ഏകദേശം 35 വർഷത്തെ പഴക്കമുള്ള ഈ ആശുപത്രി ചിറയിൻകീഴ് താലൂക്കിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനായി ആദ്യം സ്ഥാപിച്ചതാണ്. ഇപ്പോൾ ഈ ആശുപത്രിയില ഒരു മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, ഫസ്റ്റ് ഗ്രേഡ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, കുക്ക്, സാനിറ്റേഷൻ വർക്കർ, സ്വീപ്പർ എന്നിവർ ഉൾപ്പെടെ 10 ജീവക്കാർ ഉണ്ട്.

വളരെ പഴക്കമുള്ള ഈ ആശുപത്രിയിൽ സ്ഥലപരിമിതി, ഫർണിച്ചറുകളുടെ അഭാവം, മരുന്ന് നിർമ്മാണത്തിന് സൗകര്യമില്ലായ്മ എന്നിവ പ്രധാന പ്രശ്നങ്ങളാണ്. ജീർണ്ണിച്ച ഒരു കെട്ടിടമാണ് ഈ സ്ഥാപനത്തിനുള്ളത്. ജീവനകാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് കൂടുതൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കണം. മുൻകാലങ്ങളിൽ രണ്ട് ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമായിരുന്നു. നിലവിൽ ഇപ്പോൾ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ. അതിനാൽ ഒരു ഡോക്ടറുടെ സേവനം കൂടി അടിയന്തിരമായി ലഭ്യമാക്കണം.

പഞ്ചായത്തിൽ പ്രചാരത്തിലുള്ള മൂന്ന് വൈദ്യ ശാസ്ത്ര മേഖലകൾക്ക് പുറമേ നിരവധി പാരമ്പര്യ വൈദ്യൻമാരും പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഉണ്ട്. ഇവരുടെ സേവനവും കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിലും പ്രധാനകവലകളിലും ആവശ്യമായ മറ്റ് സ്ഥലങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി കൂപ്പത്തൊട്ടികൾ സ്ഥാപിക്കുകയും മാലിന്യങ്ങൾ യഥാസമയം നീക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

2) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

3) ജനസംഖ്യാനുപാതികമായി അർഹമായത്ര എണ്ണം മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4) കൊതുക് നിവാരണ പ്രവർത്തനം കാര്യക്ഷമമാക്കുക.

5) ദുർബല വിഭാഗങ്ങളിൽപ്പെട്ട മുഴുവൻ ജനവിഭാഗങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.

6) പുള്ളിമാത്ത് P.H. സെന്ററിൽ മാതൃശിശുസംരക്ഷണം മുന്തിയ രീതിയിൽ ആകുന്നതിന് കുട്ടികളുടെ ഡോക്ടർ, ഗർഭിണികൾക്കായുള്ള ഡോക്ടർ എന്നിവരുടെ സേവനം ഉണ്ടാവണം.

7) ആവശ്യാനുസരണം പഞ്ചായത്ത് വക സ്ഥലത്തുള്ള P.H. സെന്ററിൽ കെട്ടിടം നിർമ്മിച്ച് രോഗികളെ കിടത്തി ചികിത്സിപ്പിക്കണം.

8) കൊടുവഴന്നൂർ വില്ലേജിൽ P.H. സെന്റർ സ്ഥാപിക്കുക.

കൂടിവെള്ളം

പുള്ളിമാത്ത് പഞ്ചായത്തിൽ കൂടുവെള്ളത്തിനായി കിണറുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ജലലഭ്യതയിൽ ഏറെ പിന്നോക്കാവസ്ഥയിലല്ല നമ്മുടെ പഞ്ചായത്ത്. എന്നാൽ വേനൽ കാലങ്ങളിൽ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുടിനീർക്ഷാമം അനുഭവപ്പെടുന്നു

ണ്ട്. പഞ്ചായത്തിൽ 7789 കുടുംബങ്ങൾ ഉള്ളതിൽ ഏകദേശം 4000 ത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകൾ ഉണ്ടെങ്കിലും ഭൂരിപക്ഷം കിണറുകളിലേയും ജല സ്ത്രോതസ് വളരെ കുറവും വേനൽ കാലങ്ങളിൽ വറ്റി വരളുന്നതുമാണ്. പഞ്ചായത്തിൽ 50 പൊതുകിണറുകൾ ഉണ്ട്. അതിൽ 80%വും ഉപയോഗ യോഗ്യമല്ല.

പഞ്ചായത്തിൽ മൊട്ടലുവിള, മഞ്ഞപ്പാറ എന്നീ പട്ടികജാതി കോളനികളിലായി രണ്ട് വാട്ടർ സപ്ലേ സ്കീമും, പുളിമാത്ത് വാട്ടർ സപ്ലേ സ്കീമും ഉൾപ്പെടെ മൂന്ന് വാട്ടർ സപ്ലേ സ്കീമുകൾ നിലവിലുണ്ട്. ഇതിൽ മഞ്ഞപ്പാറ സെറ്റിൽമെന്റ് കോളനിയിലെ വാട്ടർ സപ്ലേ സ്കീം ആണ് പഞ്ചായത്തിൽ ആദ്യത്തേത്. ഈ പദ്ധതി 8.5 KM നീളത്തിൽ വ്യാപിച്ചു കിടക്കുന്നു. ഇതിന്റെ കീഴിൽ 21 ടാപ്പുകളുണ്ട്. ഇതിന്റെ പ്രയോജനം മഞ്ഞപ്പാറ സെറ്റിൽമെന്റ് കോളനി നിവാസികൾക്കും പരിസര വാസികൾക്കും ലഭ്യമാണ്.

മൊട്ടലുവിള പട്ടികജാതി കോളനിയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ സപ്ലേ സ്കീം 5.10 KM നീളത്തിൽ വ്യാപിച്ചു കിടക്കുന്നു. ഇതിന്റെ കീഴിൽ 23 ടാപ്പുകളുണ്ട്.

55.2 KM നീളത്തിൽ വ്യാപിച്ചുകിടക്കുന്ന പുളിമാത്ത് വാട്ടർ സപ്ലേ സ്കീം ഗവർണ്ണർ ബി. രാജയ്യയാണ് ഉദ്ഘാടനം ചെയ്തത്. ഇതിന്റെ പ്രയോജനം പുളിമാത്ത് കാരേറ്റ് പ്രദേശത്തുള്ളവർക്ക് ലഭിക്കുന്നു.

ഈ മൂന്ന് വാട്ടർ സപ്ലേ സ്കീമുകളും പഞ്ചായത്തിലുണ്ടെങ്കിലും വാട്ടർ അതോറിറ്റി അധികൃതരുടെ അലംഭാവം മൂലം, പൈപ്പു ലൈൻ ഉള്ള പ്രദേശങ്ങളിൽപോലും ആവശ്യാനുസരണം വെള്ളം ലഭിക്കുന്നില്ല.

വാട്ടർ അതോറിറ്റിയുടെ കീഴിൽ കാരേറ്റ് സ്ഥിതിചെയ്യുന്ന പമ്പ് ഹൗസ് കിണർ, ടാങ്ക് എന്നിവ സംരക്ഷിക്കാത്തത്മൂലം രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നു.

നിലവിലുള്ള ഈ മൂന്ന് വാട്ടർസപ്ലേ സ്കീമുകളും കാര്യക്ഷമമായി പരിപാലിക്കുകയും പൈപ്പ് ലൈൻ ഇല്ലാത്ത പ്രദേശങ്ങളിൽ കൂടി പൈപ്പ്ലൈൻ വ്യാപിപ്പിക്കുകയും ചെയ്താൻ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഒരുപരിധിവരെ പരിഹരിക്കാം.

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളുടേയും, പൈപ്പ് ലൈൻ നീളേണ്ടതായ പ്രദേശങ്ങളുടെയും പട്ടികകൾ ചുവടെ ചേർക്കുന്നു.

പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ

വാർഡ്	കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശം
1	കണ്ണൻമൂക്ക്, ശീമവിള നാല്സെന്റ് കോളനി, തോട്ടവാരം, വെള്ളിപ്പാറ.
2	ചെറുക്കാരം, ചേർന്നമംഗലം
3	വലിയവിള, ചമ്പ്രാംകാട്, വലിയകുന്ന്, പായ്ക്കാട് കോളനി, കാരിഞ്ചിയിൽ.
4	പന്നിക്കുഴിപച്ച, കടമുക്ക്, പാലകുന്ന്, വള്ളംവെട്ടിക്കോണം, കൂടിയേല Jn.
5	പുളിമാത്ത്, ആൽത്തറ, പുളിമാത്ത് ലക്ഷംവീട്, പമ്പക്കാട്, ചീങ്കണ്ണിവാരം പിള്ളവീട് വിളാകം, കോട്ടറക്കാവ്, തെന്നൂർ.
6	കുന്നുകുളങ്ങര ലക്ഷംവീട്, നാല്സെന്റ് കോളനി, പ്ലാവോട്, കരുവഞ്ചിയാട്, ഭൂതത്താൻകുന്ന്, വാഴപ്പള്ളിക്കോണം.
7	മണ്ണാർക്കോണം, ഈട്ടിക്കുന്ന്, ഒഴുകുപാറ, നെല്ലിക്കുന്ന്.
8	മഞ്ഞപ്പാറ, പൊരുന്തമൺ, വാലുപച്ച, മലച്ചിറ, കരിയാക്കുഴി, മാവുനിൽക്കുംപച്ച, ആശാരികവല.
9	പൂച്ചക്കുന്ന്, ആറാന്താനം, പേഴുകുന്ന്, കടലുകാണി, നെന്മാനം, നീലിമുക്ക്, കമുകിൽകുഴി.
10	കുറ്റിമൂട്, വാവുപ്പാറ, പുത്തൻകട, മലച്ചിറ, കല്ലുവാഴക്കുഴി, നെടുംമ്പാറ, കുടപ്പാറ, മീൻകോണം, കൊച്ചുവിള.
11	അരിവാരിക്കുഴി, കാട്ടുപുറം, ഊറാംകുഴി, പന്നടിക്കളം, കല്ലിടുക്ക്, മുണ്ടോണിക്കര.

വരിസംഖ്യാ പേര്,	ഒപ്പ് ലൈൻ അളവ്	മീറ്ററിൽ ആവശ്യമുള്ള ടാപ്പുകൾ
വാർഡ് - I		
തൊറ്റവാരം ട്രെയിനിംഗ്		
പെരുമാംകോണം	300	3
ശ്രീമവിള - വെള്ളിപ്പാറ	1000	10
ശ്രീമവിള- ഉദയകുളം - കണ്ണൻമുക്ക്	3000	20
പെരുമാംകോണം - എരുത്തിനാട്	500	5
തോട്ടവാരം വായന ശാലാജംഗ്ഷൻ - എരുത്തിനാട്	300	3
വാർഡ് II		
ചെറുക്കാരം - മൂന്നാറ്റുമുക്ക്	600	6
ചെറുക്കാറം - പുല്ലയിൽ	600	6
ചെറുക്കാരം - ഊരുകോണം	300	2
പായ്കമുക്ക്-കൊട്ടുവഴന്നൂർമേല	400	4
വാർഡ് III		
മൊട്ടലുവിള-വലിയവിള പുല്ലയിൽ	1500	10
കണ്ണാത്ത് - വലിയകുന്ന്	1000	10
മൊട്ടലുവിള-ചമ്പ്രാംകാട്	1000	10
പറയ്ക്കോട്-കാരിഞ്ചിയിൽ	1000	10
പുല്ലയിൽ - കൃഷ്ണൻകോവിൽറോഡ്	1000	10
വാർഡ് - IV		
പൊരുന്തമൺ-വള്ളംവെട്ടിക്കോണം	1850	12
കാവിൽക്കട-കൊഴുർക്കോണം	1000	10
വാർഡ് V		
പുളിമാത്ത് ക്ഷേത്രം, ആൽത്തറ, തെന്നൂർ	800m	5
ആൽത്തറ -കോട്ടറക്കാവ്	500	5
ലക്ഷംവീട്-പാറമുകൾ	500	5
കോയിക്കൽ-വഴവീട്	1000	10
ചെക്കാലവിളാകം-കാലാവീട്	300	5
പേടികുളം-ചീങ്കണ്ണിവാരം	2000	12
പമ്പക്കാട്-വയയ്ക്കക്കോണം	200	5
പേടികുളം-മാമൂട്	200	3
പുളിമാത്ത് ലക്ഷംവീട്-പുളിമാത്ത്	150	3
പുളിമാത്ത്-ചന്തേരക്കോണം	500	6
പുളിമാത്ത്-അലയക്കോണം	250	5
വാർഡ്-VI		
കാരേറ്റ്-മരോറ്റിവിള വാഴപ്പള്ളിക്കോണം ഏലവരെ	200M	3
പേടികുളം - കരുവഞ്ചിയാട്	1400 M	10
പള്ളിമുക്ക് - മൂട്ടാമൂല-പ്ലാവോട്ക്ഷേത്രം	1800	18
ചാലുവിള-പ്ലാവോട്	1400	14
മാടൻവിള-മംത്തുവിളറോഡ്	400	4
ഊരുകുളങ്ങരലക്ഷംവീട്, മൂതക്കുഴി	400	8
ഹരിജൻ കോളനി	200	8
വാർഡ് VII		
പുളിമാത്ത് ഊറ്റിക്കുന്ന് പ്രദേശം	200	5

കാരേറ്റ്കുന്നുംപുറത്തുനിന്നും മാമൂട്ടിവരെ	100	2
ഒഴുകുപാറകുന്ന്	500	10
വാർഡ് VIII		
പൊരുന്തമൺ LMLPS -വാലവമ്പ	2500	10
മലച്ചിറ-നീലിമുക്ക്	2000	5
പൊരുന്തമൺ-വള്ളം വെട്ടിക്കോണം വഴി കുതിരത്തടം	1500	4
മഞ്ഞപ്പാറ-കുതിരത്തടം	2000	5
മഞ്ഞപ്പാറ-മലപ്പുറം ക്ഷേത്രംവഴി കരിയാകുഴി	2500	4
പൊരുന്തമൺ-പയിറ്റങ്ങാക്കുഴി മലച്ചിറതടത്തിൽ	2500	4
നീലിമുക്ക്-പയറ്റിങ്ങാക്കുഴി	1000	6
വാർഡ്-IX		
ആറാന്താനം-താളിക്കുഴി	2000	15
വെൺമാനം-താളിക്കുഴി	600	3
ആറാംന്താനം-തെങ്ങുംകോണം	300	5
കമുകിൽകുഴി-പുളിമാത്ത്	1800	8
താളിക്കുഴി മഞ്ഞപ്പാറ പയറ്റിങ്ങാക്കുഴി	2000	12
കടല്കാണിറോഡ്	600	8
കമുകിൻകുഴി-പയറ്റിങ്ങാക്കുഴി	2000	12
കമുകിൻകുഴി-തെട്ടിയമൺ	3000	3
ആറാന്താനം-കുറ്റിമൂട്(കല്ലററോഡ്)	2500	15
താളിക്കുഴി-പച്ചരിമുക്ക്	800	5
വാർഡ് X		
കുറ്റിമൂട് പുത്തൻകട മീൻമൂട്ടി	2500	13
കുറ്റിമൂട്-വാവുപ്പന-കല്ലുവാഴക്കുഴി	2000	5
കുറ്റിമൂട് വികാസ്നഗർ-കൊച്ചുവിള	1500	2
കെ.കെ. ജംഗ്ഷൻ, മലച്ചിറ, നെടുംമ്പാറ, വാലുവച്ച	5000	6
കുറ്റിമൂട്-നെല്ലിടപ്പാറ, കാട്ടുംപുറം, വാലുപച്ച	5000	6
കാട്ടുംപുറം, മീൻകോണം, താഴെകൊല്ലുവിള	1500	3
മീൻകോണം കോളനി - കുടപ്പാറ	2000	3
മീൽകോണം - ഊറാംകുഴി	100	2
പുത്തൻകട കല്ലുവാഴക്കുഴി	1000	2
വാർഡ് XI		
പോറ്റിമുക്ക് - അരിവാരിക്കുഴി LPS	1030	10
പോറ്റിമുക്ക് - നെല്ലിടപ്പാറ കാട്ടുംപുറം	2000	10
അരിവാരിക്കുഴി LMLPS - നെല്ലിടപ്പാറ	330	5
അരിവാരിക്കുഴി LPS - റേഷൻകടറോഡ്	420	5
മുണ്ടോണിക്കര - ചന്തടിക്കുളം, കാട്ടുംപുറം	1915	7
ഈറ്റിമൂട്-പ്ലാങ്കീഴ്	1200	5
പത്തടിക്കുളം-പേരാപ്പ്	630	5
പത്തടിക്കുളം- ഊറാംകുഴി	100	3
കാട്ടുംപുറം - അരിവാരിക്കുഴി കോളനി	500-6	
കാട്ടുംപുറം- ഊരാംകുഴി കല്ലിടുക്ക്	700	5
മുണ്ടേണിക്കര - പേരാപ്പ് കോളനി	800	6
മുണ്ടോണിക്കര-പോറ്റിമുക്ക്	300	3

പഞ്ചായത്തിൽ ഡ്രൈനേജ് മി തുണ്ടു തുണ്ടായതിനാലും നി യും ജലം മാലിന്യം കലർന്നതാ
സൗകര്യം ഇല്ലാത്തതിനാലും ഭൂ ലവിലുള്ള പല കിണറുകളിലേ ണ്. കക്കുസും കിണറും തമ്മി

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581 ★

4100

ലുള്ള കുറഞ്ഞ അകലമായ 20 മീറ്റർ എന്ന മാനദണ്ഡം പല സ്ഥലത്തും പാലിച്ചുകാണുന്നില്ല. ഇതും കിണറുകളിൽ ജലം മലിനമാക്കുന്നതിനു കാരണമാകുന്നു. പഞ്ചായത്തിലെ പൊതുകിണറുകൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തവിധം മലിനമാക്കുന്ന പ്രവർത്തനം ചിലയിടങ്ങളിൽ കാണാം. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കുന്നതോടൊപ്പം ജനങ്ങളും ഇക്കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി 18 പൊതുകുഴൽകിണറുകൾ ഉണ്ട്. ഈ കിണറുകളിൽ ഇരുമ്പു പൈപ്പുകൾ ഉപയോഗിക്കുന്നതുമൂലം ജലത്തിൽ തുരുമ്പിന്റെ അംശംചേർന്ന് മലിനമാകുന്നുണ്ട്. അതിനാൽ PVC പൈപ്പ് ഉപയോഗിച്ച് കുഴൽകിണറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്. പമ്പിംഗ് സിസ്റ്റത്തിന്റെ തകരാറുമൂലവും ചിലയിടങ്ങളിൽ കുഴൽകിണറുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നു.

പഞ്ചായത്തിലെ പട്ടികജാതി പ്പട്ടികവർഗ്ഗ സങ്കേതങ്ങളായ മഞ്ഞപ്പാറ അമ്പിരിക്കുഴി, ഒഴുകുപാറ, പന്നിക്കുഴിപ്പച്ച, മലച്ചിറ, കാട്ടുപറും, കുമുകിൻകുഴി, കണ്ണൻമൂക്ക്, തോട്ടവാരാം, മണ്ണാർകോണം, വള്ളംവെട്ടിക്കോണം എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായുണ്ട്.

കിണറുകൾ, കുളങ്ങൾ, നീരുറവകൾ, അരുവികൾ, ചെറുജലാശയങ്ങൾ നദികൾ എന്നിവയിലെ ജലമാണ് പഞ്ചായത്തിലെ ജനങ്ങളിൽ അധികവും പൂർണ്ണമായോ, ഭാഗീകമായോ ആശ്രയിക്കുന്ന പരമ്പരാഗത സ്രോതസ്സുകൾ. നഗരവൽക്കരണവും അശാസ്ത്രീയവുമായ ഭൂവിനിയോഗരീതി, വനനശീകരണം, ജനസംഖ്യാവർദ്ധന ജല ഉപയോഗരീതിയിലെ മാറ്റം, നദികളിലെ മണൽ ഖനനം എന്നിവയെല്ലാം പഞ്ചായത്തിലെ പരമ്പരാഗത ജല സ്രോതസ്സുകളുടെ ജലശേഷി ഗണ്യമായി കുറക്കാൻ കാരണമായി. ജല സ്രോതസ്സുകളെ സംരക്ഷിക്കാനുള്ള നടപടികളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ:

1) കുടിവെള്ള ക്ഷാമമുള്ള വാർഡുകളിൽ കിണറുകളും കുളങ്ങളും നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

2) പഞ്ചായത്തിലെ മുഴുവൻ കിണറുകളും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ക്ലോറിനേറ്റ് ചെയ്യുക.

3) കേടുവന്ന വാട്ടർ ടാപ്പുകളും കുഴൽ കിണറുകളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുക.

4) പഞ്ചായത്തിലെ മുഴുവൻ പൊതുകിണറുകളും വലയിട്ട് മൂടി സംരക്ഷിക്കുക.

5) നീരുറവകളുള്ള പ്രദേശങ്ങളിൽ അതിന്റെ സംരക്ഷണം ഉറപ്പുവരുത്തുക.

6) ദുർബല ജനവിഭാഗങ്ങളിൽപ്പെട്ടവർക്ക് പുതുതായി കിണർ കുഴിക്കുന്നതിനും നിലവിലുള്ളവയുടെ കഴുത്ത് കെട്ടി സംരക്ഷിക്കുന്നതിനും വേണ്ടി ആവശ്യമായ ധനസഹായം നൽകുക.

7) കിണറുകളിലെ ജലശേഷി വർദ്ധിപ്പിക്കാനും അരുവികളിലെ നീരൊഴുക്ക് കാലം ദീർഘിപ്പിക്കുവാനും സഹായിക്കുന്ന തരത്തിൽ ഉള്ളമണ്ണ് – ജലസംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

ഭവനനിർമ്മാണം
സാമൂഹ്യക്ഷേമം
പൊതുവിതരണം



സ്വാതന്ത്ര്യത്തിന്റെ അമ്പതു വർഷങ്ങൾ പിന്നിട്ടിട്ടും സ്വന്തമായി ഒരല്പം ഭൂമിയും അതിലൊരു വീടുമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സ്വതന്ത്രഭാരതത്തിലെ ഭൂരിപക്ഷം സാധാരണ ജനങ്ങൾക്ക് ഇനിയും കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 87.68 (3.3%) ഹെക്ടർ ഭൂമി വിവിധതരം കെട്ടിടങ്ങൾ നിർമ്മിക്കാനായി ഉപയോഗിച്ചിരിക്കുന്നു. 27733 ജനസംഖ്യയുള്ള പഞ്ചായത്തിൽ വിവിധഇനങ്ങളിലായി 10829 കെട്ടിടങ്ങളുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള കെട്ടിടങ്ങളെ കൂടിലുകൾ, ഓലമേഞ്ഞവ, ഓട് മേഞ്ഞവ, ഭാഗികമായി കോൺക്രീറ്റ് ചെയ്തവ, ബഹുനിലകെട്ടിടങ്ങൾ എന്നിങ്ങനെ ആറായി വിഭജിച്ചിരിക്കുന്നു. അവയുടെ പൂർണ്ണവിവരം ചുവടെ ചേർക്കുന്നു.

കൂടിൽ	1195	11.03%
ഓല	3454	31.89%
ഓട്	3090	28.53%
ഭാഗികമായി കോൺക്രീറ്റ്	1600	14.77%
പൂർണ്ണമായി കോൺക്രീറ്റ്	1476	13.63%
ബഹുനില	14	0.13%

ഇടത്തരം കർഷകരും കർഷകതൊഴിലാളികളും അധിവസിക്കുന്ന പഞ്ചായത്തിൽ പട്ടികജാതി പട്ടികവിഭാഗം ജനങ്ങൾ ——%-ഉം മറ്റ് പിന്നോക്കവിഭാഗം .....% വുമാണ്.15 അംഗീകൃതകോളേജുകളിലും അംഗീകാരം ലഭിക്കാത്ത 18 കോളനികളിലുമായി 400 വീടുകളുള്ളതിൽ 1200 കുടുംബങ്ങൾ അധിവസിക്കുന്നു. ലക്ഷംവീട് കോളനികൾ നാലെണ്ണം ഉള്ളതിൽ 50 വീടുകളിലായി 100 കുടുംബങ്ങൾ പാർക്കുന്നു.

9258 കുടുംബങ്ങളുള്ള ഗ്രാമപഞ്ചായത്തിൽ 7789 കുടുംബങ്ങൾക്ക് മാത്രമേ പാർപ്പിട സൗകര്യമുള്ളൂ. 1469 കുടുംബങ്ങൾക്ക് അധികമായി സ്വന്തമായി ഭൂമിയും പാർപ്പിടങ്ങളും ഉണ്ടാക്കേണ്ട അവസ്ഥയാണ്, പാർപ്പിടപ്രശ്നത്തിൽ ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ഇതിൽ അധികവും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും കർഷകതൊഴിലാളികളും മറ്റ് ദുർബലവിഭാഗത്തിൽപ്പെട്ടവരുമാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളുടെ ശ്രമഫലമായി J.R.Y പട്ടികജാതി വികസനവകുപ്പ്, കൃഷിഭവൻ, ജില്ലാ ഉപാധിരഹിതഫണ്ട് തുടങ്ങിയ പദ്ധതികൾ വഴി ഏകദേശം 150 കുടുംബങ്ങൾക്ക് കഴിഞ്ഞ 5 വർഷകാലയളവിനുള്ളിൽ പാർപ്പിടസൗകര്യം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

ചുടുകട്ടനിർമ്മാണം വളരെ കൂടുതലുള്ള ഗ്രാമപഞ്ചായത്തിൽ ഗൾഫ്പണത്തിന്റെ സ്വാധീനം കൂടിയായപ്പോൾ സമ്പന്ന വിഭാഗത്തിൽ ഒരു വിഭാഗം ആഡംബര പൂർണ്ണമായ ജീവിതരീതിക്കും കെട്ടിടനിർമ്മാണത്തിനും ആരംഭം കുറിക്കുന്നു. നിർമ്മാണതൊഴിലാളികളുടെ സുലഭതയും ഈ പ്രവണതയ്ക്ക് വേഗത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

പരിഹാരമാർഗ്ഗം

1. ഗ്രാമപഞ്ചായത്തിലെ ഭൂരഹിതഭവനരഹിതർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം.

2. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

3. സന്നദ്ധസംഘടനകളുടെയും മനുഷ്യവിഭവ സമാഹരണത്തിലൂടെയും പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയും. കൂട്ടത്തിൽ ചെലവു കുറഞ്ഞ വീടുകൾ (നിർമ്മിതിയുടെ കെട്ടിടങ്ങൾ) നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം. ഇത്തരം പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ വൈദഗ്ധ്യം നേടിയ ആൾക്കാരുടെയും മറ്റു സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും സഹായസഹകരണത്തോടുകൂടിയ ബോധവൽക്കരണ പരിപാടികൾക്കും പ്രാമുഖ്യം കൊടുക്കണം.

ഇത്തരത്തിലുള്ള ആസൂത്രിതപ്രവർത്തനത്തിലൂടെ വരുന്ന 5 വർഷക്കാലം കൊണ്ട് ഗ്രാമപഞ്ചായത്തിലെ ഇന്നു നിലവിലുള്ള പാർപ്പിടപ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയും എന്നുള്ളതിൽ യാതൊരു സംശയവും ഇല്ല.

പ്രധാന കോളനികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

കോളനികൾ	1518
ലക്ഷംവീട് കോളനികൾ	– 4
പട്ടികജാതിപട്ടികവർഗ്ഗം	– %
മറ്റ് പിന്നോക്കജാതിക്കാർ	– %
മറ്റുള്ളവർ	– %

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തനരംഗത്ത് അതീവശ്രദ്ധ ചെലുത്തുകയും ദുർബലജനവിഭാഗങ്ങൾക്കും സമൂഹത്തിലെ പിന്നോക്കവിഭാഗക്കാർക്കും പട്ടികജാതിപട്ടികവിഭാഗക്കാർക്കുംവേണ്ടി പ്രത്യേകക്ഷേമാശ്വാസപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഈ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുവാനുമുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഒരു പഞ്ചായത്താണ് പുളിമാത്ത്. ഈ

രംഗത്തെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തിലെ ദുർബ്ബലവിഭാഗത്തിൽപെട്ട ധാരാളം ജനങ്ങൾക്ക് കർഷകതൊഴിലാളി, വിധവ, വാർദ്ധക്യ, വികലാംഗപെൻഷനുകളും, വിവാഹത്തിനും ചികിത്സയ്ക്കും വേണ്ടിയുള്ള ധനസഹായങ്ങളും നേടിയെടുക്കുന്നതിനും വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിനും വീട് വൈദ്യുതീകരിക്കുന്നതിനും പുതുക്കി പണിയുന്നതിനും ആവശ്യമുള്ള ധനസഹായങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ അർഹതപ്പെട്ട എല്ലാ പേർക്കും ഈ ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ വിവിധവ കുപ്പുകളുടെയും ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതായാണ്.

കഴിഞ്ഞ 2 വർഷത്തെ കണക്ക് അനുസരിച്ച് പഞ്ചായത്ത് ബ്ലോക്കിൽനിന്നും ലഭ്യമാക്കിയ ധനസഹായങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് വഴി ലഭ്യമാക്കിയ ഈ സഹായങ്ങൾക്ക് പുറമേ പഞ്ചായത്തിൽ JRY ഉപാധിരഹിതഫണ്ട്, ഹരിജനക്ഷേമവകുപ്പിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി നിരവധി പേർക്ക് കക്കൂസിനും വീടിനുമുള്ള ധനസഹായം വിതരണം ചെയ്യാനും കഴിഞ്ഞിട്ടുണ്ട്.

വിവിധസാമൂഹ്യക്ഷേമപദ്ധതിപ്രകാരം കർഷകതൊഴിലാളി, വികലാംഗവിധവ പെൻഷനുകൾ, തൊഴിലില്ലായ്മാവേതനം എന്നിവ ലഭിക്കുന്നവർ പഞ്ചായത്തിൽ ധാരാളമായി ഉണ്ട്. പെൻഷനും തൊഴിലില്ലായ്മാവേതനത്തിനും വേണ്ടി അർഹതപ്പെട്ടവരായി അപേക്ഷ സമർപ്പിച്ചിട്ടും ആനുകൂല്യം ലഭിക്കാത്തവരും അർഹതപ്പെട്ട അപേക്ഷ കൊടുക്കാത്തവരും നിരവധിയുണ്ട്. എ

IRDP ധനസഹായം ലഭിച്ച് കുടുംബങ്ങളുടെ എണ്ണം.

1. ലിസ്റ്റിൽ നിലവിലുള്ള ആകെ എണ്ണം –	3006
ലിസ്റ്റിൽ പട്ടികജാതിക്കാർ–	742
95-96 IRDP ധനസഹായം ലഭിച്ചവർ –	73
95-96 പട്ടികജാതിക്കാർ	38
96-97-ൽ ധനസഹായത്തിന് തെരഞ്ഞെടുത്തവർ	43
96-97 പട്ടികജാതിക്കാർ	23

വീടുകളിടെ വിവരം

95-96 അംഗികാരം ലഭിച്ചവ –	26
95-96 പട്ടികജാതിക്കാർ –	22
96-97-ൽ അംഗികാരത്തിനായി അയച്ചിട്ടുള്ളവർ–	24
96-97-ൽ പട്ടികജാതിക്കാർ –	14

CRSP കക്കൂസുകൾ ലഭ്യമാക്കിയ വിവരങ്ങൾ

95-96-ൽ നൽകിയത്–	21
95-96-ൽ പട്ടികജാതിക്കാർ –	4
96-97-ൽ ആർക്കും നൽകിയിട്ടില്ല.	

ദശലക്ഷം കിണർപദ്ധതി ലഭിച്ചവർ

95-96-ൽ സഹായം ലഭിച്ചവർ –	6
95-96-ൽ പട്ടികജാതിക്കാർ –	4
96-97-ൽ ആർക്കും ലഭിച്ചിട്ടില്ല	

DWCRA യൂണിറ്റുകൾ

95-96-ൽ രൂപീകരിച്ചത്–	1
96-97-ല സെലക്ട് ചെയ്തിട്ടുള്ളത് –	1

പട്ടികജാതി വികസനവകുപ്പിൽ നിന്നും സഹായം ലഭിച്ചവർ

95-96 -ൽ വിവാഹധനസഹായം ലഭിച്ചവർ–	1
95-96 ചികിത്സാധനസഹായം ലഭിച്ചവർ–	1

നാൽ അനർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമപദ്ധതിപ്രകാരമുള്ള പെൻഷൻവിതരണം പഞ്ചായത്തുകളെ ഏല്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും ഇതിന്റെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.

ബ്ലോക്ക്തലത്തിലുള്ള വിവിധസ്വയംതൊഴിൽപദ്ധതിയിൽ നിന്നും നിരവധി പേർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ബാങ്കുകളുടെ പ്രവർത്തനം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ട്രൈസംപദ്ധതിപ്രകാരം ചെറുകിടകുടിൽവ്യവസായങ്ങൾക്ക് സാങ്കേതികപരിശീലനം നൽകി നിരവധി പേർക്ക് വായ്പയും സബ്സിഡിയും വഴി നിശ്ചിതതൊഴിലുകളിൽ ഏർപ്പെടുന്നതിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇവരെ ശരിയായ രീതിയിൽ മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ലാത്തതിനാൽ പലരും മറ്റ് തൊഴിലിൽ ഏർപ്പെടുകയോ തൊഴിൽരഹിതരായി കഴിയുകയോ ചെയ്യുന്നു.

പഞ്ചായത്തിൽ 4 അങ്കണവാടികളും 10-ഓളം മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു. ഇതിൽ മീൻതാങ്ങിഅങ്കണവാടി പട്ടികജാതിവികസനവകുപ്പിന്റെ കീഴിലുള്ളതാണ്. അരിവാരികുഴിയിൽ പട്ടികജാതിക്കാർക്കുവേണ്ടി രജിസ്റ്റർചെയ്ത് പ്രവർത്തിച്ചിരുന്ന നവദൃത് മഹിളാസമാജത്തിന്റെ ആനുകൂല്യങ്ങൾ ഇന്ന് പട്ടികജാതിവിഭാഗത്തിൽപ്പെടാത്ത ചിലർ നേടിയെടുക്കുന്നുണ്ട്. സ്വാർത്ഥമോഹികളും നേതൃത്വഗുണമില്ലാത്തവരുമായ പഞ്ചായത്തിലെ പല മഹിളാസമാജങ്ങളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന്റെ ഫലമായി ഇവയുടെ പ്രവർത്തനങ്ങൾക്ക് പല പ്രശ്നങ്ങളും നേരിടുന്നു.

സാമൂഹ്യരംഗത്ത് നിലനില്ക്കുന്ന മദ്യം, മയക്കുമരുന്ന്, സ്ത്രീധനസമ്പ്രദായം എന്നീ സാമൂഹിക അനീതികൾക്ക് എതിരെ വൻതോതിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

അപകടത്തിൽ പ്പെട്ടവർക്ക് അടിയന്തിരഘട്ടങ്ങളിൽ രക്തം നൽകുന്ന പ്രവർത്തനവും നേത്രധാനവും പഞ്ചായത്തിലെ ചിലയുവജനസാംസ്കാരിക സംഘടനകൾ നടത്തിവരുന്നുണ്ട്.

ദുർബ്ബലവിഭാഗങ്ങളും പട്ടികജാതിവിഭാഗങ്ങളും കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമപദ്ധതികൾ ഇനിയും വർദ്ധിച്ച തോതിൽ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

(1) ജനസംഖ്യ അനുപാതത്തിൽ എല്ലാ വാർഡുകളിലും അങ്കണവാടികളും ഫീഡിംഗ് സെന്ററുകളും സ്ഥാപിക്കുക

(2) കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകമായ വിധത്തിൽ എല്ലാ വാർഡുകളിലും കളിസ്ഥലങ്ങൾ സ്ഥാപിക്കുക.

(3) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനും വീട് വൈദ്യുതീകരിക്കുന്നതിനും ധനസഹായം നൽകുക.

(4) വാർഡ് അടിസ്ഥാനത്തിൽ മഹിളാസമാജങ്ങളും അവയോടനുബന്ധിച്ച് തൊഴിൽ പരിശീലനകേന്ദ്രങ്ങളും സ്ഥാപിക്കുക.

(5) മദ്യം, മയക്കുമരുന്ന്, സ്ത്രീധനസമ്പ്രദായം എന്നിവയ്ക്കെതിരെ പഞ്ചായത്ത് മുൻകൈ എടുത്ത് ബോധവൽക്കരണം നടത്തണം.

(6) പഞ്ചായത്തിലെ നിർദ്ധനവിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പരിപാടികൾ നടപ്പിലാക്കുക.

(7) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരേയും P.S.C പോലുള്ള മത്സരപരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലനങ്ങൾ പഞ്ചായത്ത് മേഖലയിൽ സംഘടിപ്പിക്കുക.

(8) പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുക.

(9) പഞ്ചായത്തിലെ സ്ഥായിയായ നിർദ്ധനരോഗികൾക്ക് ചികിത്സാസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുക.

(10) അർഹതപ്പെട്ട എല്ലാപേരെയും ഉൾപ്പെടുത്തി IRDP ലിസ്റ്റ് പുനഃക്രമീകരിക്കുക.

(11) എല്ലാക്ഷേമപദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമമാക്കുക.

പൊതുവിതരണം


ഏതൊരു പ്രദേശത്തിന്റെയും പൊതുജീവിതനിലവാരത്തെ അവിടങ്ങളിലെ പൊതുവിതരണമേഖല കാര്യമായി സ്വാധീനിച്ചിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ വിവിധമേഖലകളിൽ വളരെ പണ്ടുമുതൽക്കേ പരിമിതികളോടെയുള്ള ഒരു പൊതുവിതരണശൃംഖല ഉണ്ടായിരുന്നു. പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ റേഷൻസംവിധാനത്തിനായി ന്യായവിലഷോപ്പുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പഞ്ചായത്തില 18

റേഷൻകടകളും കാരേറ്റ് കേന്ദ്രീകരിച്ച് സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ നിയന്ത്രണത്തിൽ ഉള്ള ഒരു മാവേലിസ്റ്റോറും പ്രവർത്തിച്ചുവരുന്നു. ഇന്ന് പൊതുവിതരണസമ്പ്രദായത്തിൻകീഴിൽ ഉദ്ദേശം ആറായിരത്തിലധികം ഉപഭോക്താക്കൾ ഉണ്ട്. ഇത് കൂടാതെ വളരെ കൂടുതൽ പേർ സമീപപ്രദേശങ്ങളിലുള്ള കല്ലറ, കിളിമാനൂർ എന്നിവിടങ്ങളിലുള്ള മാവേലിസ്റ്റോറുകളെ ആശ്രയിക്കുന്നുണ്ട്.

പഞ്ചായത്തിലെ മൊത്തം റേഷൻകടകളിലുമായി 2213'E' കാർഡുകളും 3874 NE കാഡുകളും 150-ഓളം മണ്ണെണ്ണ പെർമിറ്റുകളും ഉണ്ട്. പഞ്ചായത്തിൽ നിലവിലുള്ള റേഷൻകടകൾ പലതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. റേഷൻകടകൾവഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം പലപ്പോഴും വളരെ കുറവാണ്. അതുമൂലം റേഷൻഅരി പതിവായി വാങ്ങുന്ന ശീലം ജനങ്ങളിൽ കുറഞ്ഞുവരികയാണ്. ഇത് മൂലം ടൺകണക്കിന് അരി റേഷൻകടകളിൽ സ്റ്റോക്കാവുകയും ഈ കടകളുടെ നിലനില്പ്തന്നെ പലപ്പോഴും പ്രതിസന്ധിയിലേയ്ക്ക് നയിയ്ക്കുകയും ചെയ്യുന്നു. അതേസമയം ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങൾ പലപ്പോഴും ദുർലഭ്യം അനുഭവപ്പെടാറുണ്ട്. അത് പോലെ അളവുതൂക്ക സംവിധാനത്തെയുംപറ്റി വ്യാപകമായ ആക്ഷേപമുണ്ട്. പഞ്ചായത്തിലുള്ള മാവേലിസ്റ്റോറിൽ പലപ്പോഴും ആവശ്യസാധനങ്ങൾ സമയത്ത് ലഭ്യമാകുന്നില്ല.

ഇപ്രകാരം നിലവിലുള്ള പ്രശ്നങ്ങൾ ചിട്ടയായും സ്ഥായിയായും പരിഹരിച്ചെങ്കിൽ മാത്രമേ പൊതുവിതരണമേഖല നമ്മുടെ പഞ്ചായത്തിൽ ശക്തിപ്പെടുത്താൻ കഴിയൂ. കൂടാതെ പൊതുവിതരണകേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ്വരുത്തണം. റേഷൻകടകൾ പരിശോധിയ്യുന്നതിനും ആവശ്യമെങ്കിൽ നടപടികൾ എടുക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന് പൂർണ്ണഅധികാരം നൽകണം. മാവേലിസ്റ്റോറുകളിൽ സ്ഥിരമായി ആവശ്യസാധനങ്ങൾ എത്തുന്നുവെന്നും കാര്യക്ഷമമായി വിതരണം നടത്തുന്നുവെന്നും ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. കൊടുവഴനൂർ സഹകരണസംഘത്തിന്റെ കീഴിൽ പഞ്ചായത്തിലെ രണ്ട് വില്ലേജ് കേന്ദ്രങ്ങളിലും സഹകരണമാവേലിസ്റ്റോറുകൾ സ്ഥാപിയ്യണം. സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമാക്കുക. അതിലൂപരി മുഴുവൻ പൊതുവിതരണകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് യഥാസമയം ജനകീയ ഇടപെടൽ ഉണ്ടാകാൻ സംവിധാനമുണ്ടാകണം. മൊത്തവിതരണഡിപ്പോയിൽനിന്നു കിട്ടുന്ന റേഷൻസാധനങ്ങളുടെ അളവു കുറവ് പരിഹരിക്കുക.

വനിതാക്ഷേമം



പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 52.42% സ്ത്രീകളാണ്. പട്ടികജാതി പട്ടിവർഗ്ഗക്കാരിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് കാണുന്നു. ഓരോ ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1102 സ്ത്രീകൾ വരും. ഇത് സംസ്ഥാന ശരാശരിയെക്കാളും കൂടുതൽ ആണ്. ഗ്രാമപഞ്ചായത്തിൽ 7789 കുടുംബങ്ങൾ ഉള്ളതിൽ ഏകദേശം 2000 കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിൽ ഉള്ളവയാണ്. ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെന്ന് കണക്കുകൾ കാണിക്കുന്നു.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പട്ടിക-ൽ നിന്നും വ്യക്തമാകും. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 66.03% വരുമ്പോൾ സ്ത്രീകളുടേത് 33.96% മാത്രമാകുന്നു. സ്ത്രീ തൊഴിലാളികളിൽ ഏകദേശം 50% ത്തോളം സ്ഥിരമായി തൊഴിലുള്ളവരല്ല. വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീപുരുഷ അന്തരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലും കശുവണ്ടിവ്യവസായമേഖലയിലും

തൊഴിൽ പങ്കാളിത്തം

തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ
കർഷകർ	1439	571
കർഷകതൊഴിലാളികൾ	2171	916
മൃഗസംരക്ഷണം	162	88
പാറത്തൊഴിലാളികൾ	66	25
കശുവണ്ടിതൊഴിലാളികൾ	49	950
ഇഷ്ടികനിർമ്മാണതൊഴിലാളികൾ	990	196
ടാപ്പിംഗ് തൊഴിലാളികൾ	200	20
കുടിൽവ്യവസായം	80	45
കെട്ടിടനിർമ്മാണം	291	90
മറ്റു വ്യവസായങ്ങൾ	102	60
വ്യാപാരം	565	60
ഗതാഗതം – വാർത്താവിനിമയം	375	57
മറ്റുള്ളവ	789	408
ആകെ	6779	3486

അവലംബം–സെൻസസ്സ് – 1991

പുരുഷന്മാരെക്കാൾ സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം വളരെ കൂടുതലാണെന്നു കാണാം. കാർഷികമേഖല – മൃഗസംരക്ഷണം, എന്നിവയിലും സ്ത്രീകളുടെ പങ്കാളിത്തം കൂടിവരുന്നതായി കാണുന്നു.

ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കേ പഞ്ചായത്തു മേഖല സിദ്ധിച്ചിരുന്നതായ വിദ്യാഭ്യാസ പുരോഗതിയും സാമൂഹ്യ–രാഷ്ട്രീയ പുരോഗമന പ്രസ്ഥാനങ്ങളുടെ സ്വാധീനവും പുതിയ പഞ്ചായത്തുരാജ് നിയമസംവിധാനങ്ങളും വനിതകളെ പൊതുപ്രവർത്തനത്തിന്റെ നേതൃത്വപരമായ മേഖലകളിലേക്ക് കടന്നു വരാൻ സഹായിച്ചിട്ടുണ്ട്. ഇന്ന് രാഷ്ട്രീയ സാമൂഹ്യ–സാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന 50 വനിതകളുണ്ട്. കൂടാതെ സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി വനിതകൾ പൊതുപ്രവർത്തന രംഗത്ത് കടന്നുവന്നിട്ടുണ്ട്. വനിതകളുടേത് മാത്രമായിട്ടുള്ള 25 ഓളം തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ പട്ടികജാതിവകുപ്പിന്റെ കീഴിൽ ഗ്രാമപഞ്ചായത്തിലെ കടലുകാണി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന തയ്യൽപരിശീലന കേന്ദ്രത്തിൽ നിന്ന് വർഷത്തിൽ 60 ഓളം വനിതകൾ തയ്യൽ പരിശീലനം നേടുന്നു. ഗ്രാമപഞ്ചായത്തിൽ മൂന്ന് DWCRA യൂണിറ്റുകൾ ഉണ്ട്. നിലവിൽ പഞ്ചായത്തിൽ വനിതാ സഹകരണ സംഘങ്ങൾ ഇല്ല. തൊഴിൽ രഹിതരിൽ കൂടുതലും വനിതകളാണ്.

പ്രശ്നങ്ങൾ

1) വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന നിരവധി വനിതകളുള്ള പഞ്ചായത്ത് മേഖലയിൽ അവർക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ വളരെ കുറവാണ്.

2) WCRA അംഗൻവാടി, മഹിളാസമാജങ്ങൾ എന്നിവയുടെ പ്രവർത്തനത്തിൽ വനിതകളുടെ നേതൃത്വഗുണം കുറവാണ്.

3) ജനസംഖ്യാനുപാതികമായി വനിതകൾക്ക് പ്രാതിനിധ്യം നൽകുവാൻ ചില രാഷ്ട്രീയ പാർട്ടികൾ തയ്യാറാകുന്നില്ല.

4) സ്ത്രീധന സമ്പ്രദായം ഒരു സാമൂഹ്യ പ്രശ്നമായി ഇപ്പോഴും നിലനിൽക്കുന്നു.

നിർദ്ദേശങ്ങൾ

1) പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പുളിമാത്ത് കൊടുവഴന്നൂർ വില്ലേജുകൾ കേന്ദ്രമാക്കി ഓരോ വനിതാ സഹകരണസംഘങ്ങളും ഓരോ വനിതാ വ്യവസായ യൂണിറ്റുകളും സ്ഥാപിക്കണം.

2) നിലവിലുള്ള DWCRA, അംഗൻവാടി മഹിളാസമാജങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

3) എല്ലാവാർഡുകളിലും ഒന്നിലധികം DWCRA യൂണിറ്റുകളും, മഹിളാസമാജങ്ങളും, അംഗൻവാടികളും സ്ഥാപിക്കാൻ കഴിയണം.

4) മദ്യവിപത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം പഞ്ചായത്തിൽ നടപ്പിലാക്കണം.

5) സ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തണം.

6) തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കണം.

7) സ്ത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു വനിതാസെൽ രൂപീകരിക്കുക.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ 15 അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്. ഇതിൽ പന്തുവിള അംബേദ്കർ ഗ്രാമമായും, മീൻകോണം I.H.D.P കോളനിയായും ഗവ. അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മീൻകോണം IHDP, പന്നിക്കുഴിപച്ച, പന്തുവിളഅംബേദ്കർഗ്രാമം, കാട്ടിൻപുറം, മൊട്ടലുവിള, മലച്ചിറമഞ്ഞപ്പാറ, കമുകിൻകുഴി (IHDP), കണ്ണൻമുക്ക് തോട്ടവാരം അലയക്കോണം, ഒഴുകുപാറമണ്ണാർക്കോണം, അരിവാരിക്കുഴി, വള്ളംവെട്ടിക്കോണം എന്നിവയാണ്. സർക്കാർ കണക്കിൽപ്രകാരം 703 കുടുംബങ്ങൾ അംഗീകൃതപട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്നു. കോളനികളിൽ അലയക്കോണം മണ്ണാർകോണം, അരിവാരിക്കുഴി, വള്ളംവെട്ടിക്കോണം എന്നീ പ്രദേശങ്ങളിൽ ഇലക്ട്രിക്ലൈനില്ല. ബാക്കിയുള്ള കാടതികളിൽ വൈദ്യുതി എരുതിയിട്ടുണ്ടെങ്കിലും പൂർണ്ണമായി വൈദ്യുതികണക്ഷൻ നൽകിയിട്ടില്ല. ഏകദേശം 700 (എഴുനൂറ്) കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കണം. മീൻകോണം, പന്നിക്കുഴിപച്ച. കാട്ടിൻപുറം, മലച്ചിറ, കണ്ണൻമുക്ക്, ഒഴുകുപാറ, മണ്ണാർകോണം, അരിവാരികുഴി, വള്ളംവെട്ടികോണം എന്നീ ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. മലച്ചിറ, കമുകിൻകുഴി, അലയകോണം, ഒഴുകുപാറ, മണ്ണാർകോണം, വള്ളംവെട്ടികോണം എന്നീ കോളനികളിലേക്ക് ഗതാഗതസൗകര്യം ഇല്ല. അംഗീകരിച്ച പട്ടികജാതിസങ്കേതങ്ങളിൽത്തന്നെ ചെറ്റക്കുടിലിൽ കഴിയുന്നവരാണ് ഭൂരിഭാഗവും. അവർക്ക് സ്വന്തമായി വീടു നിർമ്മിക്കുന്നതിന് സാമ്പത്തികശേഷി ഇല്ല. അംഗീകരിച്ച പട്ടികജാതി സങ്കേതങ്ങളിൽപ്പെട്ട പകുതിയിൽ കൂടുതൽപേർക്ക് ഭവനനിർമ്മാണത്തിന് ഗ്രാന്റ് അനുവദിക്കേണ്ടതാണ്. ഒരുവീട്ടിൽത്തന്നെ പല കുടുംബങ്ങളായി താമസിക്കുന്ന ഒട്ടനവധി കുടുംബങ്ങളുണ്ട്. ഇവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

അംഗീകരിച്ച പട്ടികജാതി സങ്കേതങ്ങളിൽ ശൂചീകരണപ്രവർത്തനങ്ങൾ അപര്യാപ്തമാണ്. ആയതിന് സങ്കേതങ്ങളിലെ കക്കൂസുകൾ ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുനിർമ്മാണ ഗ്രാന്റ് അനിവാര്യമാണ്. എല്ലാ പട്ടികജാതി സങ്കേതങ്ങളിലും ആരോഗ്യപ്രവർത്തനങ്ങൾ നടത്തുന്നതിനായി മാതൃശിശുസംരക്ഷണകേന്ദ്രവും, അംഗനവാടികളും സ്ഥാപിക്കേണ്ടതാണ്. കൂടാതെ പട്ടികജാതി സങ്കേതങ്ങളായി ചമ്പ്രാംകാട്, പറക്കോട്, പുളിമാത്ത്പിള്ളവീട്ടിൽവിളാകം, പുളിമാത്ത് ലക്ഷംവീട് ഊത്തുകുളങ്ങരലക്ഷംവീട്, മുട്ടാമ്മൂല നാലുസെന്റ് കോളനി, കരുവള്ളിയാട്, കാരേറ്റ് ലക്ഷം വീട് വെൺമാനം, ഈച്ചരൻമുക്ക്, പേഴുംകുന്ന് ശാസ്താംകുന്ന്, പേരാപ്പ്, കൊല്ലുവിള ഈട്ടികുന്ന്, കോഴൂർക്കോണം കല്ലുവാഴക്കുഴി പട്ടികജാതികോളനി, പോടിക്കുളം ചാവരുക്കാവ്, ഏകജാതികോളനി എന്നീ പട്ടികജാതി സങ്കേതങ്ങൾ അംഗീകരിക്കപ്പെടേണ്ടതാണ്. മേൽപ്പറഞ്ഞ 18 കേന്ദ്രങ്ങളിലും പട്ടികജാതിയിൽപ്പെട്ട ഹിന്ദുകുറവ, ഹിന്ദുവണ്ണാൻ, ഹിന്ദുവേടൻ, ഹിന്ദുതണ്ടാൻ, ഹിന്ദുപുലയാ എന്നീ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്.

അംഗീകരിച്ച പട്ടികജാതിസങ്കേതങ്ങളിൽ തന്നെ മുഴുവൻ കുടുംബങ്ങളെയും സർക്കാർ അംഗീകരിച്ച് രേഖകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിലുള്ള പട്ടികജാതിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് നാം ഇനിയും അശ്രാന്തപരിശ്രമം നടത്തേണ്ടിയിരിക്കുന്നു. * നിലവിൽ വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും, തൊഴിൽപരമായും വളരെ പിന്നോക്കാവസ്ഥയിലാണ് പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാർ.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികൾ പ്രൈമറിവിദ്യാഭ്യാസത്തിനായി സാർവ്വത്രികമായി പോകുന്നുണ്ട്. ഉപരിപഠനത്തിനായി പട്ടികജാതിക്കാർ പഞ്ചായത്തിൽ വിരളമാണ്.

കാർഷികമേഖലയിലെ കൂലിപ്പണിയെ ആശ്രയിച്ചാണ് ഭൂരിഭാഗവും ജീവിക്കുന്നത്. സംഘടിതസാക്ഷരതാ പ്രവർത്തനങ്ങളുടെ ഫലമായി ഇവരുടെയിടയിലുള്ള നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് മെമ്പറന്മാർ, കാർഷികതൊഴിലാളി യൂണിയന്റെ ജില്ലാകമ്മറ്റിയംഗങ്ങൾ, സഹകരണബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർ തുടങ്ങി നിരവധി പേർ ബഹുജനസംഘടനാ പ്രവർത്തനങ്ങളുടെ നേതൃത്വത്തിൽ ഉണ്ട്.

കർഷകത്തൊഴിലാളി യൂണിയന്റെ സംഘടിതമായ പ്രവർത്തനം കൊണ്ട് സാമൂഹികനിലവാരം മെച്ചപ്പെടുത്തുവാനും, സാമ്പത്തിക ഉന്നമനവും, പാർപ്പിടശുചീകരണനേട്ടവും കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്.

ജാതിപരമായ ഉച്ചനീചത്വം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല.

ഈ വിഭാഗത്തിൽ ഉള്ളവരുടെ വിവാഹം, മരണം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയവയിൽ ജാതിമതഭേദമന്യേ എല്ലാജനങ്ങളും പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ പട്ടിണിയും ദാരിദ്യവും ഇല്ലാത്ത അവസ്ഥയാണ്. ഇഷ്ടികച്ചൂളയും കാർഷികമേഖലയിലുള്ള തൊഴിലവസരവും ഉള്ളതുകൊണ്ടാണ് പട്ടിണിയും ദാരിദ്യവും ഇല്ലാത്തത്.

പട്ടികജാതിക്കാർക്കിടയിൽ ചെറിയ ശതമാനത്തിന് അന്ധവിശ്വാസം നിലവിലുണ്ട്. പട്ടികജാതിക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ പുരോഗമനപ്രസ്ഥാനങ്ങളിലൂടെ സജീവമായ പ്രവർത്തനം മൂലം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനും, ഇടത്തട്ടുകാരുടെ കടന്നാക്രമണത്തിൽനിന്നും ദുർബലജനവിഭാഗങ്ങളെ സംരക്ഷിക്കുവാൻ പുളിമാത്ത് ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

(1) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ 15 അംഗീകൃതകോളനികളും, അംഗീകരിക്കാത്ത യോഗ്യതയുള്ള 18 ഓളം കോളനികളും, 10 നു താഴെ താമസിക്കുന്ന കുടുംബങ്ങൾ ഉള്ള പ്രദേശങ്ങളുൾപ്പെടെ ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാർക്കും ഭൂമിയും, വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകണം.

(2) സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലുമുള്ള പട്ടികജാതിക്കാർക്ക് ഭവനം നിർമ്മിക്കുവാൻ സാമ്പത്തികസഹായം മുഴുവൻ ഗ്രാന്റായി നൽകണം.

(3) മുഴുവൻ പട്ടികജാതി കുടുംബങ്ങളിലെയും അഞ്ചുവയസ്സിനു താഴെയുള്ള പ്രായമുള്ള കുട്ടികൾക്ക് പ്രീ-പ്രൈമറിവിദ്യാഭ്യാസം നൽകണം.

(4) 5 വയസ്സിനു മുകളിൽ 15 വയസ്സിനു മുഴുവൻ ബാലികാബാലന്മാർക്കും പ്രൈമറി അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭ്യമാകണം.

(5) ഉന്നതവിദ്യാഭ്യാസവും, സാങ്കേതികവിദ്യാഭ്യാസവും നേടുന്നതിനു വേണ്ട പ്രോത്സാഹനം നൽകുക.

(6) ഉന്നതവിദ്യാഭ്യാസവും, സാങ്കേതികവിദ്യാഭ്യാസവും നേടിയവർക്ക് തൊഴിൽസാധ്യത ഉറപ്പുവരുത്തുക.

(7) 2500 ഹരിജൻകുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 250 പേർക്ക് ഭൂമിയും വീടും. 300 കുടുംബങ്ങൾക്ക് വീടും 500 ഓളം വീട് അറ്റകുറ്റപ്പണി നടത്താനും, 1000 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനും വേണ്ടുന്ന തുക ഗ്രാന്റായി നൽകണം. ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹത്തിനും രോഗഗ്രസ്തരായവർക്ക് ചികിത്സാസൗകര്യത്തിനും ധനസഹായം നൽകേണ്ടതാണ്.

(8) തൊഴിൽപരമായ ഉന്നമനത്തിനായി കറവമാട്, ആട്, കോഴിവളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുകയും, കൈത്തൊഴിലുകളായ നെയ്ത്ത്, തയ്യൽ എന്നീ തൊഴിലുകൾ പരിശീലിപ്പിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ട ധനസഹായം നൽകുകയും വേണം.

(9) കോളനികളിൽ കേന്ദ്രമാക്കി കലാ-സാംസ്കാരികരംഗത്ത് കോളനിനിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടി കലാ സാംസ്കാരികേന്ദ്രങ്ങൾ സ്ഥാപിക്കണം.

(10) ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരുടെ സർവ്വതോമുഖമായ ഉന്നമനത്തിനുവേണ്ടി ഗ്രാമപഞ്ചായത്തിനെ മൂന്നു മേഖലകളായി തിരിച്ച് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് ഉത്തമരായ സഹകാരികളെ കണ്ടെത്തി ചുമതല ഏൽപ്പിക്കണം.


(11) എല്ലാ പട്ടികജാതി കുടുംബങ്ങളിലും പച്ചക്കറികൃഷി നടത്തുന്നതിനുമുള്ള സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകണം.

(12) 10 സെന്റിനുമേൽ ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് കൃഷി അഭിവൃദ്ധിപ്പെടുന്നതിന് വേണ്ടുന്ന മാർഗ്ഗനിർദ്ദേശവും, ധനസഹായവും നൽകണം.

(13) പട്ടികജാതിക്കാരുടെ പരമ്പരാഗതത്തൊഴിൽ നിലനിർത്തുന്നതിനു വേണ്ട പ്രോത്സാഹനം നൽകുക.

ഏകവർഗ്ഗക്കാരായ 7 കുടുംബങ്ങൾ ഗ്രാമസഹായത്തിൽ താമസിക്കുന്നു. അവർക്ക് അർഹതപ്പെട്ട യാതൊരു സഹായവും നാളിതുവരെ ലഭിച്ചിട്ടില്ല.

വനം, വിനോദസഞ്ചാരം



പ്രകൃതിയുടെ സംതുലിതാവസ്ഥയെ ക്രമീകരിക്കുന്നതിൽ വനങ്ങൾക്ക് നിർണ്ണായക പങ്കാണുള്ളത്. കഴിഞ്ഞ 50 വർഷങ്ങൾക്ക് മുമ്പുള്ള പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ നിർണ്ണായക പങ്കിൽ, പുളിമാത്ത് വില്ലേജിന്റെ കിഴക്കൻ പ്രദേശത്ത് നിലനിന്നിരുന്ന 950 ഏക്കർ വനപ്രദേശത്തിന് നല്ലൊരു പങ്കാണുണ്ടായിരുന്നത്.

കാർഷികമേഖലയുടെ വികസനത്തിനും ഒരു വിഭാഗം ജനങ്ങളുടെ പുനരധിവാസത്തിനുംവേണ്ടി വനപ്രദേശത്തെ വെട്ടിവെളിപ്പിച്ചതിന്റെ ഫലമായി പുളിമാത്ത് പഞ്ചായത്തിലെ വനം നിശ്ശേഷം നാമാവശേഷമായി. ഇന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുവകയിലും പഞ്ചായത്ത് റവന്യൂവകയിലും ഉള്ള ഭൂമിയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി അക്കേഷ്യാമരങ്ങളും മാഞ്ചിയവും നട്ടുപിടിപ്പിച്ചിരിക്കുകയാണ്.

വനനശീകരണത്തിന്റെ ഫലമായി ഭൂഗർഭജലശ്രോതസ്സിന്റെ തകർച്ചയും, മണ്ണൊലിപ്പും, വെള്ളപ്പൊക്കവും പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നമാണ്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പലതരം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് മോട്ടിവേറ്റർമാർ മുഖാന്തിരവും സന്നദ്ധസംഘടനകളുടെ സഹകരണത്തോടുംകൂടി പഞ്ചായത്തിൽ വിതരണം നടത്തിയിട്ടുണ്ട്. വിതരണം ചെയ്ത വൃക്ഷത്തൈകളെ സംബന്ധിച്ചവിവരം ചുവടെ പട്ടികയിൽ പ്പെടുത്തിയിട്ടുണ്ട്.

1) സ്കൂളുകളുടെയും ലഭ്യമാക്കാൻ കഴിയുന്ന മറ്റ് പരമാവധി തരിശുഭൂമികളിലും നടപ്പാതകളുടെയും റോഡുകളുടെയും വശങ്ങളിലും ഫലവൃക്ഷങ്ങൾവച്ചു പിടിപ്പിക്കുക.
2. നിലവിലുള്ള കാവുകളെ സംരക്ഷിക്കുന്നതോടൊപ്പം ആരാധനാലയങ്ങളുടെ പരിസരപ്രദേശങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും നിൽക്കുന്ന മരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുക.
3. നീർമറി പ്രദേശങ്ങളിലും ചതുപ്പു പ്രദേശങ്ങളുടെ വശങ്ങളിലും നില്ക്കുന്ന ഫലവൃക്ഷങ്ങളെയും മറ്റുമരങ്ങളെയും നിയമം മൂലം സംരക്ഷിക്കുക.
4. വനവൽക്കരണ പദ്ധതിയെ പുഷ്ടിപ്പെടുത്താൻ ഉതകുന്ന വിധത്തിൽ മതാഴിലില്ലാത്ത യുവതീയുവാക്കളെ സംഘടിപ്പിച്ച് പുളിമാത്ത് വില്ലേജിലും കൊടുവഴന്നൂർ വില്ലേജിലും സഹകരണ പ്രസ്ഥാനങ്ങൾ രജിസ്റ്റർ ചെയ്ത് ഫലവൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി ഊർജ്ജിതപ്പെടുത്തുക.
5. ഒരാൾക്ക് ഒരു മരമെങ്കിലും എന്നൊരു പുതിയ പദ്ധതിക്കുവേണ്ടി പഞ്ചായത്ത് സാമൂഹ്യ വനവൽക്കരണവകുപ്പുമായി ബന്ധപ്പെട്ട് പദ്ധതിക്ക് രൂപം നൽകുക.
6. വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഇന്ന് നിലവിലുള്ള നിയമങ്ങൾ കൂടുതൽ കർക്ക

വിതരണം നടത്തിയ വൃക്ഷത്തൈകളെ സംബന്ധിച്ച വിവരങ്ങൾ

1990-'91

പദ്ധതിയുടെ പേര്	തൈകളുടെ ഇനം								
	അൽബീസിയ	സുബാബുൾ	ജാമ്പ	ബദാം	ഗുൾമോഹർ	പേര	ഞാവൽ	മഹാഗണി	ആകെ
ഡി സി ഹി എൻ	600	80	380	325	125	600	1925	765	4800

1991-'92

ഡബ്ല്യു. ബി.	പരുമരം	കണിക്കൊന്ന	കാറ്റാടി	ഇന്ത്യൻ	അഗസ്തി	അൽബീസിയ	ഇലഞ്ഞി	ബദാം	വെള്ളീട്ടി	സപ്പോട്ട	ഗുൾമോഹർ	പേര	ആകെ
	2500	350	1450	650	450	2450	400	100	850	450	350	650	10650

1992-'93

ഡബ്ല്യു. ബി.	അൽബീസിയ	ഇലവ്	അഗസ്തി	കണിക്കൊന്ന	മഹാഗണി	ബദാം	ജക്രാന്ത	ഗുൾമോഹർ	പൊങ്കം	പേര	ആകെ
	1360	700	1315	570	810	130	500	660	2130	1825	10000

ശമാക്കുകയും നിയമങ്ങൾ ലംഘിക്കുന്നവർക്ക് പരമാവധി ശിക്ഷനൽകുകയും ചെയ്യുക.

7. വനം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം സാധാരണ ജനങ്ങളിൽവരെ എത്തുന്നരീതിയിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തുകയും സ്കൂളുകളിൽ ഇതിനായി പ്രത്യേകം ക്ലബുകൾ രൂപീകരിക്കയും വേണം.
8. സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും കീഴിൽ നടപ്പാക്കുന്ന ദേവാരണ്യം പദ്ധതി നമ്മുടെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലും നടപ്പിലാക്കണം.
9. പഞ്ചായത്ത് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കുക.

വിനോദസഞ്ചാരം

ലോകത്തിന്റെ സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്നതും നാടിന്റെ സാമ്പത്തികാഭിവൃദ്ധിയെ ഗണ്യമായി സ്വാധീനിയ്ക്കുന്നതുമായ മേഖലയാണ് വിനോദസഞ്ചാരം. പ്രകൃതിരമണീയമായ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ നിന്ന് 34 കിലോമീറ്റർ വടക്ക്മാറി സ്ഥിതി ചെയ്യുന്ന പുളിമാത്ത പഞ്ചായത്ത് മേഖലയ്ക്കു വിനോദസഞ്ചാരത്തിന് ഒട്ടേറെ സാദ്ധ്യതകളുണ്ട്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടനയും പ്രകൃതിയുടെ അനുഗ്രഹീത മുതൽക്കൂട്ടുകളും ടൂറിസം ഭൂപടത്തിൽ സവിശേഷമായ ഒരുസ്ഥാനം നമുക്ക് നേടിത്തരുന്നു.

ഭൂപ്രകൃതിയുടെ സവിശേഷതമൂലം ഉയർന്നു നിൽക്കുന്ന താളിക്കുഴിയിലെ കടലുകാണി പാറ പ്രദേശം നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഭാഗമാണ്. സമുദ്രനിരപ്പിൽനിന്ന് ഉദ്ദേശം 2500 അടി ഉയർച്ചയുള്ള വിശാലമായ കടലുകാണിപാറയും അതിനോട് അനുബന്ധിച്ചുള്ള തണൽവൃക്ഷങ്ങളും സഞ്ചാരികൾക്ക് കൗതുകം ജനിപ്പിക്കുന്നു. തെളിഞ്ഞ അന്തരീക്ഷമുള്ള ദിവസങ്ങളിൽ ഈ പാറയിൽ നിന്നാൽ കടൽകാണാൻ കഴിയും. അതുപോലെ വളരെ വിശാലമായ ഒരു ഭൂമേഖലയും കാണാൻ കഴിയും. നാട്ടുകാരുടെ ശ്രമഫലമായി പാറയുടെ മുകളിലെത്താൻ കൽപ്പാതകൾ നിർമ്മിച്ചിട്ടുണ്ട്. പാറയുടെ മുകളിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന പടവൃക്ഷം ഒരു പക്ഷി സങ്കേതം കൂടിയാണ്.

സ്റ്റേറ്റ് ഹൈവേയിൽ പൊരുത്തമണിൽ നിന്ന് രണ്ട് കിലോമീറ്റർ കിഴക്കോട്ട് സന്ദർശിച്ചാലും കാരേറ്റ് കല്ലറ റോഡിൽ താളിക്കുഴിയിൽ നിന്ന് ഒന്നര കിലോമീറ്റർ സഞ്ചരിച്ചാലും കടലുകാണി വിനോദകേന്ദ്രത്തിൽ എത്താം. പക്ഷേ ഈ മേഖലയുമായി ബന്ധപ്പെട്ടു ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ട്. പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനം കടലുകാണി ടൂറിസ്റ്റ് കേന്ദ്രത്തിൽ എത്തുന്നതിനുള്ള റോഡുകളുടെ ശോചനീയാവസ്ഥയാണ്. അതുപോലെ ടി പ്രദേശത്ത് ടൂറിസമായി ബന്ധപ്പെട്ട ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ നിലവിലില്ല. ഇതിനകം വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിന് വിനോദസഞ്ചാര വകുപ്പു ശ്രദ്ധിച്ചില്ല. മാത്രവുമല്ല ഈ സ്ഥലത്ത് എത്തപ്പെടാൻ ആവശ്യമായ ബസ്സർവ്വീസ് സംവിധാനവുമില്ല.

അല്പം ശ്രദ്ധയും കുറെയധികം വിഭവസമാഹരണവും കണ്ടെത്തിയാൽ കടലുകാണി പ്രദേശം വിദേശസഞ്ചാരികളെ ആകർഷിക്കുകയും അതുവഴി പഞ്ചായത്തിൽ സാമ്പത്തിക ലാഭം ഉണ്ടാക്കാവാനും കഴിയും. മാത്രവുമല്ല കടലുകാണി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്രവികസനത്തിനായി ഒരു പ്രത്യേകവികസന സമിതിക്ക് രൂപം കൊടുക്കുകയും വിനോദസഞ്ചാരവകുപ്പുമായി ബന്ധപ്പടുത്തി വികസനപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്താൽ ടൂറിസം മേഖലയെ നമ്മുടെ പഞ്ചായത്ത് മേഖലയിൽ ശക്തിപ്പെടുത്താൻ കഴിയും.

സഹകരണമേഖല



പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ കൊടുവഴന്നൂർ സർവ്വീസ് സഹകരണബാങ്ക് മൊട്ടലുവിള ക്ഷീരസഹകരണസംഘം, നെല്ലിടപ്പാറ ക്ഷീരസഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നു.

പൊരുന്തമൺ, പുളിമാത്ത് ക്ഷീരസഹകരണസംഘം എന്നിവ ചില സാങ്കേതിക കാരണങ്ങളാൽ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കർഷകരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും വായ്പ, വളം, കീടനാശിനി എന്നിവ വിതരണം ചെയ്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കണം എന്ന ഉദ്ദേശം വച്ചുകൊണ്ട് പരമ്പരാഗത കർഷകരും പുരോഗമന ചിന്താഗതിക്കാരായ പൊതുപ്രവർത്തകരും സംയുക്തമായി കൊടുവഴന്നൂർ കേന്ദ്രമാക്കി കൊടുവഴന്നൂർ കാർഷിക സഹകരണ സംഘം എന്ന സ്ഥാപനം ഉണ്ടാക്കി. ഇതിന്റെ പ്രവർത്തനമേഖല പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ പതിനൊന്ന് വാർഡുകളിലാണ്. ഇതിനിപ്പോൾ മഞ്ഞപ്പാറ കേന്ദ്രമാക്കി ഒരു വളംഡിപ്പോ പ്രവർത്തിക്കുന്നു. കൊടുവഴന്നൂർ വില്ലേജിൽ സ്ഥിതിചെയ്യുന്നതുകൊണ്ട് പുളിമാത്ത് വില്ലേജിലെ എല്ലാ കർഷകർക്കും ഇതിന്റെ പ്രയോജനം കിട്ടാൻ ബുദ്ധിമുട്ടുണ്ട്. കാരേറ്റ് കേന്ദ്രമാക്കി ഒരു ബ്രാഞ്ച് ആരംഭിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

കൊടുവഴന്നൂർ വില്ലേജിൽ മൊട്ടലുവിള ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നു. കൊടുവഴന്നൂർ വില്ലേജിലെ 1,2,3 വാർഡുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. പുളിമാത്ത് വില്ലേജ് കേന്ദ്രമാക്കി നെല്ലിടപ്പാറ ക്ഷീരസഹകരണസംഘം പ്രവർത്തിക്കുന്നു. ഇവ രണ്ടും സാമാന്യം ഭേദപ്പെട്ട നിലയിൽ നടന്നുപോകുന്ന സ്ഥാപനങ്ങളും കന്നുകാലി കർഷകർക്കു ആശ്വാസം പകരുന്നവയുമാണ്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായ പൊരുന്തമൺ, പുളിമാത്ത് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പാൽലഭ്യതയുടെ കുറവുകൊണ്ടും ചില സാങ്കേതിക കാരണങ്ങളാലും ഇന്ന് പ്രവർത്തന ക്ഷമമല്ല. ഇതിന്റെ പുനരുദ്ധാരണം അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

കൊടുവഴന്നൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ 6282 മെമ്പർമാരും ഇവരിൽ 2262 സ്ത്രീകളും 3420 പുരുഷന്മാരും ഉൾപ്പെടുന്നു. 1800 പട്ടികജാതിക്കാരും അതിൽ 688 സ്ത്രീളും 1112 പുരുഷന്മാരും ഉൾക്കൊള്ളുന്നു. കഴിഞ്ഞ 5 വർഷം 44,11,180 രൂപ 1515 പേർക്ക് വായ്പ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

വർഷം	തുക
1991-92	2,11,200
92-93	28,105
93-94	649485
94-95	13,57,365
95-96	21,65,625

ഈ ഗ്രാമപഞ്ചായത്തിലെ കർഷകർക്കുള്ള ഹ്രസ്വകാല, മദ്ധ്യകാല വായ്കളാണ് ഈ ബാങ്ക് മുഖാന്തിരം വിതരണം ചെയ്യുന്നത്.

നമ്മുടെ പഞ്ചായത്തിൽ നിന്നും 5000 ത്തോളം മെമ്പർമാർ കിളിമാനൂർ സഹകരണ ഭൂവികസന ബാങ്കിൽ അംഗങ്ങളാണ്. കാർഷിക വ്യാവസായിക മേഖലകളിലേക്കുള്ള ദീർഘകാല വായ്പകൾ ഈ പ്രദേശത്തെ ഗുണഭോക്താക്കൾ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് അനല്പമായ സഹായം നൽകിയിട്ടുണ്ട് എന്നുള്ളത് അവിസ്മരണീയമാണ്. പ്രസ്തുത ബാങ്ക് നടപ്പാക്കുന്ന വായ്പ സ്കീം അന്യത്ര രേഖപ്പെടുത്തിയിട്ടുണ്ട്. കാർഷിക, വ്യാവസായിക മേഖലയിലെ പുരോഗതിക്ക് പ്രസ്തുത ബാങ്കിന്റെ സേവനം വലിയ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിഭവ സമാഹരണത്തിൽ കൊടുവഴന്നൂർ സർവ്വീസ് സഹകരണ ബാങ്കും കിളിമാനൂർ കാർഷികവികസന ബാങ്കും നമ്മുടെ ഗ്രാമപഞ്ചായത്തിന് ആശ്രയിക്കാവുന്ന ധനകാര്യ സ്രോതസ്സുകളാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുക ഏക ഷെഡ്യൂൾഡ് ബാങ്ക് സൗത്ത് ഇൻഡ്യൻബാങ്കാണ്. പ്രസ്തുത ബാങ്ക് കാർഷിക-വ്യാവസായിക വായ്പാവിതരണത്തിൽ തൃപ്തികരമായ പ്രവർത്തനമല്ല നടത്തുന്നത് എന്നാണ് പൊതുവെയുള്ള അഭിപ്രായം. ഇതിന്റെ പ്രവർത്തനം കൂടി നല്ല രീതിയിൽ സംഘടിപ്പിച്ചാൽ ഒരു പ്രധാന വിഭവസമാഹരണ അത്താണിയായി തീരും.

നമ്മുടെ ഗ്രാപഞ്ചായത്തിൽ പുല്ലയിൽ, കൊടുവഴന്നൂർ, എരുത്തിനാട് എന്നീ ഏലാകളിൽ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പുല്ലയിൽ ഗ്രൂപ്പ് ഫാമിംഗ് ആദ്യകാലത്ത് വമ്പിച്ച വിജയമായിരുന്നു. മറ്റുഗ്രൂപ്പ് ഫാമിംഗ് ഏലാകൾ ആനുകൂല്യം സമ്പാദിക്കാൻ വേണ്ടിമാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. കർഷകരുടെ നിസ്സഹകരണവും ബന്ധപ്പെട്ട കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരുടെ അർപ്പണമനോഭാവകുറവും ഇതിന്റെ

വിജയം അകലെയാക്കി. "തൻ മണ്ണ് പൊൻ മണ്ണ്" എന്ന ഗ്രാമീണ കർഷകന്റെ പ്രമാണം തിരുത്തി കുറിക്കാൻ വേണ്ട ബോധനപരിപാടികളും അക്ഷരാർത്ഥത്തിൽ ഗ്രൂപ്പ്ഫാമിങ്ങിന്റെ സവിശേഷതയും കർഷകരെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. കൃഷിഭവന്റെയും അതിലെ ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടെങ്കിൽ നമ്മുടെ എല്ലാ ഏലകളിലും ഗ്രൂപ്പ് ഫാമിംഗ് വിജയകരമാക്കാനും തത്വാരാ നെൽകൃഷി ലാഭകരമാക്കാനും കഴിയുമെന്നാണ് പ്രതീക്ഷ. മീന്താങ്ങിയിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് ഒരു ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നു. മഞ്ഞപ്പാറ സെറ്റിൽമെന്റ് കോളനിയിൽ ഒരു ഹരിജൻ സഹകരണസംഘവും പ്രവർത്തിക്കുന്നു. ഈ രണ്ടു ഹരിജൻ സഹകരണസംഘങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല എന്നാണ് ആ മേഖലയിലെ ആളുകളുടെ അഭിപ്രായം. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വനിതാസഹകരണസംഘം, പട്ടികജാതി സഹകരണസംഘം, ഉപഭോക്തൃ സഹകരണസംഘം, കൈത്തറി നെയ്ത് സഹകരണസംഘം, തെങ്ങുകയറ്റ് തൊഴിലാളി സഹകരണസംഘം. മോട്ടോർ തൊഴിലാളി സഹകരണസംഘം, റബ്ബർ കർഷക സഹകരണസംഘം, പച്ചക്കറി സഹകരണസംഘം എന്നിവ ആരംഭിച്ചാൽ "സഹകരണം എല്ലാവരുടെയും നന്മയ്ക്കുള്ള യഥാർത്ഥ സഹകരണം" മാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കമുകിൽകുഴി കേന്ദ്രമാക്കി കൂട്ടുകൃഷി സഹകരണസംഘം നിലവിലുണ്ടായിരുന്നത് പ്രവർത്തിക്കുന്നുണ്ട്.

കിളിമാന്നൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും നൽകുന്ന വായ്പകൾ

1. ചെറുകിട ജലസേചനം

1. കിണർകുഴിയ്ക്കുവാൻ
2. കിണർ ആഴം വർദ്ധിപ്പിയ്ക്കുവാൻ
3. കുഴൽ കിണർ നിർമ്മിക്കുവാൻ
4. പമ്പു ഹൗസ് നിർമ്മിയ്ക്കുവാൻ
5. പൈപ്പു ലൈൻ, പമ്പു സെറ്റ് ഇന സ്ഥാപിയ്ക്കുവാൻ

2. മണ്ണ് സംരക്ഷണം

1. ഭൂമി നിരപ്പാക്കുവാൻ
2. തട്ടുകളായി തിരിച്ച് കല്ലടുക്കുവാൻ
3. കശാല നിർമ്മിയ്ക്കുവാൻ
4. കമ്പി വേലികെട്ടുവാൻ
5. കന്നുകാലി തൊഴുത്ത്, കളപ്പുര, പുകപ്പുര ഇവ നിർമ്മിയ്ക്കുവാൻ

3. ദീർഘകാലകാർഷിക വിളകൾക്ക്

1. തെങ്ങുകൃഷി
2. റബർകൃഷി
3. പൈനാപ്പിൾ കൃഷി
4. കുരുമുളക് കൃഷി
5. കശുമാവ് കൃഷി
6. വെറ്റില കൃഷി
7. കൂൺകൃഷി
8. ഓർക്കിഡ് കൃഷി
9. കുറ്റിമുല്ല കൃഷി
10. റബർ നഴ്സറി
11. തേനീച വളർത്തൽ
12. പട്ടുനൂൽപ്പുഴു വളർത്തൽ

4. മൃഗസംരക്ഷണം

1. ഇറച്ചിക്കോഴിമുട്ടക്കോഴി വളർത്തൽ
2. പന്നി വളർത്തൽ
3. താറാവ് വളർത്തൽ
4. മുയൽ വളർത്തൽ
5. ആട്/പശു വളർത്തൽ
6. മൽസ്യകൃഷി

5. കാർഷിക യന്ത്രവൽക്കരണം

1. ട്രാക്ടർ
2. പവർ ട്രില്ലർ
3. കൊയ്ത്ത് യന്ത്രം
4. മെതിയന്ത്രം
5. കൊപ്രാ ഉണക്ക് യന്ത്രം
6. ചകിരിയന്ത്രം

തുടങ്ങിയ കാർഷിക മേഖലയിൽ ആവശ്യമായ എല്ലാ യന്ത്രവൽക്കരണത്തിനും വായ്പ ലഭ്യമാണ്.

6. ചെറുകിട വ്യവസായം

ഗ്രാമീണ മേഖലയിൽ തൊഴിലവസരം പ്രദാനം ചെയ്യുന്ന ഏതു ചെറുകിട വ്യവസായ സംരംഭത്തിനും 50,000/- രൂപ വരെ വായ്പ ലഭിയ്ക്കുന്നു. കൂടാതെ 15 ലക്ഷം രൂപ വരെ മുടക്കു മുതൽ ആവശ്യമായ ഇടത്തരം വ്യവസായങ്ങൾക്കും, ഹോട്ടൽ കാർഷികേതര ഉല്പന്നങ്ങളുടെ വിപണന കേന്ദ്രം. (Marketing out let for rural non - farm produce) എന്നിവയ്ക്കും വായ്പ ലഭ്യമാണ്.

7. ചരക്കു ഗതാഗതം

കാർഷിക ഉല്പന്നങ്ങളുടെ വിതരണത്തിനും മറ്റുമായി 16 സ്ക്വയർ മീറ്റർ കപ്പാസിറ്റിയുള്ള ലോറികൾ, മിനി ലോറികൾ, പെട്ടി ആട്ടോ എന്നിവയ്ക്കു വിലയുടെ 85% വരെ വായ്പ ലഭിക്കുന്നു.

8. ഭവനനിർമ്മാണം

ദേശീയ ഭവന നിർമ്മാണബാങ്കിന്റെ സഹായത്തോടെ വീടു വാങ്ങുന്നതിനും, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതിയ വീട് നിർമ്മിയ്ക്കുന്നതിനും വായ്പ ലഭ്യമാണ്. (ഈ വായ്പയ്ക്കുള്ള അപേക്ഷ ഫണ്ട് ലഭ്യത അനുസരിച്ച് മാത്രം സ്വീകരിയ്ക്കുന്നതാണ്). പുതിയ വീട് നിർമ്മിയ്ക്കുവാൻ പരമാവധി 3 ലക്ഷം രൂപയും വീടുകൾ പുതുക്കി പണിയാൻ പരമാവധി 60,000 രൂപയും ലഭിയ്ക്കുന്നതാണ്.

9. കാർഷിക ബാങ്കുകൾ ആതുര സേവന രംഗത്തും

പുതുതായി ആശുപത്രികെട്ടിടം നിർമ്മിയ്ക്കുന്നതിനും, നിലവിലുള്ള ആശുപത്രികളിൽ ആവശ്യമായ യന്ത്രവൽക്കരണത്തിനും 10 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

വായ്പകളുടെ സവിശേഷതകൾ

1. വായ്പവ്യക്തികളെ ഉദ്ദേശിച്ചുള്ളതാണ്.

2. വായ്പഭൂമിയുടെ ഈടിൻമേൽ നൽകുന്നു.

3. കുറഞ്ഞപലിശനിരക്ക് വായ്പയുടെ പരിധി അനുസരിച്ച് 12% മുതൽ 17% വരെ.

4. കാർഷിക മേഖലയിൽ സർക്കാർ നൽകുന്ന എല്ലാ സബ്സിഡികൾക്കും അർഹത.

5. ട്രാക്ടർ, പവർ ട്രില്ലർ എന്നിവയ്ക്കു പ്രത്യേക സബ്സിഡി.


6. റബർ കൃഷിയ്ക്കു റബർ ബോർഡിൽ നിന്നുള്ള സബ്സിഡിയ്ക്കു പുറമേ പലിശ സബ്സിഡിയും.

7. കൂടിയ കാലാവധി.

8. വായ്പ കേന്ദ്രബാങ്കിന്റെയും നബാർഡിന്റേയും സഹകരണ ഡിപ്പാർട്ട്മെന്റിന്റേയും നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നൽകുന്നു.

വായ്പ ആവശ്യമുള്ള കൃഷിക്കാരും കച്ചവടക്കാരും ബാങ്കിന്റെ കിളിമാനൂർ, വർക്കല, ആറ്റിങ്ങൾ ഓഫിസുകളുമായി ബന്ധപ്പെടേണ്ടതാണ്.

വിവരശേഖരണം



പുളിമാത്ത് പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ജനസംഖ്യാ വർദ്ധനവിന്റെ ഫലമായി കൃഷിഭൂമികൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിൽകണ്ടുവരുന്നു. പഞ്ചായത്തിൽ വിവിധ മേഖലകളിലുണ്ടായ പുരോഗതിയും മാറ്റവും കണക്കിലെടുത്തുവേണം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിഭവസമാഹരണം നടത്തേണ്ടത്.

കാർഷികമേഖലയിൽ ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും കാർഷികേതര മേഖലയിൽ നിന്നുള്ള വിഭവങ്ങൾ ഉപയോഗിച്ചും വിദഗ്ധരും അവിദഗ്ധരുമായ മനുഷ്യശക്തി വികസനപ്രവർത്തനങ്ങളിലേക്ക് തിരിച്ചു വിട്ടുകൊണ്ടും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തണം.

കെട്ടിടനികുതി, തൊഴിൽനികുതി വിനോദനികുതി, പ്രദർശനനികുതി, സർചാർജ്, ചന്തവരവ്, ലൈസൻസ്ഫീസ്, വസ്തുകൈമാറ്റനികുതി, സർക്കാർഗ്രാൻഡുകൾ എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങൾ. ഇവയെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇപ്പോൾ പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്ന വികസന

വരവ് സംബന്ധിച്ച വിവരങ്ങൾ 95-96

ഇനം	ധനാഭ്യർത്ഥന		പിരിച്ചത്		ബാക്കി	
	Rs	Ps	Rs	Ps	Rs	Ps
കെട്ടിടനികുതി	139805	10	97448	40	42356	70
തൊഴിൽനികുതി	91920	00	68110	00	23810	00
വിനോദനികുതി	16972	00	16972	00		
പ്രദർശനികുതി	2487	50	2487	00		
ചന്തവരവ്	12330	00	12330	00		
ലൈസൻസ്ഫീസ്	921	00	921	00		
വസ്തുകൈമാറ്റനികുതി	711723	00	711723	00		
സർക്കാർഗ്രാൻഡുകൾ	1000000	90	1000000	90		
മറ്റുള്ളവ	133444	60	133444	60		
അകെ	2109603	60	2043436	90	66166	70

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഭരണനിർവഹണചെലവ്	–	50 2315.25
ബാധ്യതകൾ	–	1134949.00
ബാക്കി	–	406172.65

പ്രവർത്തനങ്ങൾക്കുള്ള തുക കഴിച്ചാൽ പഞ്ചായത്ത് കടബാധ്യതയിലാണ്. അതിനാൽ ഉള്ള നികുതികൾ കൃത്യമായി പിരിച്ചെടുക്കാനും പുതിയ മേഖലകളിൽ നികുതികൾ ഏർപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കാനും മറ്റുവരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനും ശ്രമം നടത്തണം.

നിർദ്ദേശങ്ങൾ

1. നികുതി പിരിച്ചെടുക്കുന്നതിൽ നിലവിലുള്ള അപാകതകൾ പരിഹരിക്കുന്ന

2. പഞ്ചായത്ത് മേഖലയിലെ കശുവണ്ടി ഫാക്ടറികൾ, സ്വകാര്യ ആശുപത്രികൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽനിന്നും ഒരു നിശ്ചിത ശതമാനം നികുതി ഈടാക്കുക.

3. ടാക്സി ബസ്സ്റ്റാൻഡ് നിർമ്മിച്ച് വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തുക.

4. പഞ്ചായത്തിന്റെ പ്രധാന കവലകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിച്ച് ലേലം ചെയ്തുകൊടുത്ത് വരുമാനം കണ്ടെത്തുക.

5. പഞ്ചായത്തിൽ സാധ്യമായ പ്രദേശങ്ങളിൽ ഷോപ്പിങ് ക്ലോപ്ലക്സുകളും കല്യാണമണ്ഡപങ്ങളും നിർമ്മിച്ച് അവ വാടകയ്ക്ക് നൽകി വരുമാനം കണ്ടെത്തുക.

6. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതരത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾ സ്ഥാപിക്കുക.

7. പഞ്ചായത്തിലെ ഭൂമിയുടെ ഇടപാടുകൾക്ക് നിശ്ചയിച്ച യഥാർത്ഥവിലയുടെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

9. പഞ്ചായത്തിലെ ഗൾഫ് മലയാളികളുടെ മൂലധനം ഇവിടെത്തന്നെ മുടക്കാനും അതു വികസനരംഗത്ത് പ്രയോജനപ്പെടുത്താനും ശ്രമിക്കണം.

10. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക.

11. പഞ്ചായത്തുമേഖലയിൽ നിർമ്മിക്കുന്ന 2 ലക്ഷത്തിനു മുകളിൽ 5 ലക്ഷം വരെയുള്ള കെട്ടിടങ്ങൾക്ക്11/2 ശതമാനവും 5 ലക്ഷത്തിനു മുകളിൽ പത്തു ലക്ഷം വരെയുള്ളവയ്ക്ക് ഒരു ശതമാനവും 10 ലക്ഷത്തിനു മുകളിൽ 2 ശതമാനവും കെട്ടിടനിർമ്മാണനികുതി ഏർപ്പെടുത്തുക.

12. വാമനപുരം നദിയിലെ മണൽ ലേലത്തുകയിൽ പഞ്ചായത്തിനർഹതപ്പെട്ട വിഹിതം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

13. ദേശീയവാട്ടർഷെഡ്പദ്ധതിയിൽ പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഉൾപ്പെടുത്തുക.

14. കേന്ദ്രസാമൂഹ്യക്ഷേമവകുപ്പിന്റെയും കേന്ദ്രഗ്രാമവികസനവകുപ്പിന്റെയും സഹായധനം പഞ്ചായത്തിൽ ലഭ്യമാക്കുക.

15. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുകയും വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യുക.

16. D.P.E.P പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ മുഴുവൻ സ്കൂളുകൾക്കും ലഭ്യമാക്കുക.

17. പദ്ധതിവിഹിതങ്ങളിൽ പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതിപ്രകാരമുള്ള അർഹമായ വിഹിതം ലഭ്യമാക്കുക.

18. കൃഷി, ഭവനനിർമ്മാണം, ജലസേചനം, ശുചീകരണം, സാനിറ്റേഷൻ എന്നിവയ്ക്ക് ലോകബാങ്കിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം.

19. യൂറോപ്യൻസാമ്പത്തിക സമൂഹത്തി (EEC)-ൽ നിന്ന് വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം ലഭ്യമാക്കുക.

20. നബാർഡിന്റെ വായ്പാ സൗകര്യം ലഭ്യമാക്കുക.

21. റൂറൽഡവലപ്പ്മെന്റ് ബോർഡിൽനിന്നും വായ്പ എടുത്ത് വികസനപ്രവർത്തനങ്ങൾ നടത്തുക.

22. ഹഡ്കോയുടെ വായ്പയും ഗ്രാന്റും ലഭ്യമാക്കുക.

23. സർക്കാർഗ്രാന്റുകളായ വില്ലേജ്, മെയിന്റനൻസ്, വസ്തു കൈമാറ്റനികുതി, അഗ്രികൾച്ചർ, വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ എന്നിവയുടെ അർഹമായ വിഹിതം ലഭ്യമാക്കുക.

24. ദേശീയനാളികേര വികസനബോർഡിൽനിന്ന് സഹായം ലഭ്യമാക്കുക.

25. 2 ഏക്കറിൽ കൂടുതൽ റബർകൃഷിയുള്ള റബർകർഷകരിൽനിന്നും ലാൻഡ്സെസ് ഈടാക്കുക

26. വളർത്തുനായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുക.

27. പഞ്ചായത്ത് മാർക്കറ്റുകൾ വിപുലീകരിച്ച് വരുമാനം വർദ്ധിപ്പിക്കുക.

28. വികാസ്വാളന്റിയർ വാഹിനിപരിപാടി നടപ്പിലാക്കുക.

ഉപസംഹാരം

ഒൻപതാം പദ്ധതി തികച്ചും ജനകീയ പദ്ധതിയാക്കിമാറ്റാൻ കേരളമക്കൾ സർവ്വവും മറന്ന് കർമ്മപഥങ്ങളിൽ വർദ്ധിച്ച ആവേശത്താൽ വ്യാപൃതരായിരിക്കുന്ന ഈ വേളയിൽ, നമ്മുടെ ചരിത്രപരമായ കടമ നിർവ്വഹിക്കാൻ പുളിമാത്ത് പഞ്ചായത്ത് അത്യുത്സാഹത്തോടെ തുടക്കംകുറിക്കുകയും, വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ഒരു പഞ്ചായത്ത് വികസന റിപ്പോർട്ടിന് രൂപം കൊടുത്തിരിക്കുകയുമാണ്.

നമ്മുടെ രാജ്യത്ത് ഇതിനകം പല പദ്ധതികൾ നടപ്പാക്കിയെങ്കിലും പ്രസ്തുത പദ്ധതികളിലെ വികസനസമീപനങ്ങൾ തികച്ചും അശാസ്ത്രീയമായിരുന്നു. പദ്ധതിയുടെ നടത്തിപ്പിലോ, നിർവഹണഘട്ടങ്ങളിലോ, ജനപങ്കാളിത്തം ഉറപ്പുവരുത്താതെയുള്ള പരമ്പരാഗതരീതി വിവിധ വികസന തുറകളിൽ ഉത്പാദനമാന്ദ്യവും പ്രശ്നങ്ങളും സൃഷ്ടിച്ചു. അതുപോലെ അഴിമതിയും സ്വജനപക്ഷപാതവും കൂടെപ്പിറപ്പുകളായി.

ഈ സാഹചര്യത്തിലാണ് കേരളസർക്കാർ ഒൻപതാം പദ്ധതിയെ ജനകീയ പദ്ധതിയായി നിശ്ചയിച്ചത്. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. ഇതിന്റെ ഭാഗമായി പുളിമാത്ത് പഞ്ചായത്തിലും പഞ്ചായത്തുതല ആസൂത്രണസമിതി രൂപീകരിക്കുകയും ചിട്ടയായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ഒരു കൂട്ടം സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിക്കുകയും ചെയ്തു. ഇപ്രകാരം രൂപപ്പെട്ട കർമ്മസമിതി ബഹുജന പങ്കാളിത്തത്തോടെ അതിവിപുലമായ പ്രവർത്തനങ്ങൾ ആണ് ഒരുക്കിയിരിക്കുന്നത്. അരനൂറ്റാണ്ടിനുമുമ്പ് മുതൽക്കേയുള്ള പഞ്ചായത്തിന്റെ ചരിത്രം, ഭൗമസവിശേഷതകൾ, വിവിധ വികസനമേഖലകൾ, ഇവയെപ്പറ്റി സാധ്യമായ മുഴുവൻ മാർഗങ്ങളും ഉപയോഗിച്ച് ഒരു വികസന മാർഗരേഖയ്ക്ക് രൂപം നൽകുകയുണ്ടായി. ഈ രൂപരേഖ ചിട്ടപ്പെടുത്താൻ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട സർക്കാർ – അർദ്ധസർക്കാർ ഉദ്യോഗസ്ഥന്മാർ വിവിധ സഹകരണസംഘപ്രവർത്തകർ, രാഷ്ട്രീയ– സാമൂഹ്യസാംസ്കാരികമേഖലകളിലെ ബന്ധപ്പെട്ടവർ, നമ്മുടെ നാട്ടിലെ പഴമക്കാർ, വിവിധ മേഖലകളിലെ ബഹുജനങ്ങൾ വിവിധ കാലഘട്ടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അല്ലാത്തതുമായ ഗവർമെന്റ് – ഗവർമെന്റിതരരേഖകൾ ഇവയെല്ലാം നമുക്ക് സഹായകമായിട്ടുണ്ട്. ഇവരുടെയെല്ലാം വിലപ്പെട്ട പ്രവർത്തനങ്ങളും, മാർഗരേഖകളും ഞങ്ങൾ നന്ദിയോടെ, അതിലേറെ വിനയത്തോടെ സ്മരിക്കുന്നു. വരും വർഷങ്ങളിൽ പുരോഗതി ആസൂത്രിതമായി നേടിയെടുക്കാൻ ഉപകരിക്കത്തക്കവിധത്തിലുള്ള മാർഗനിർദ്ദേശങ്ങളും, അതിനാവശ്യമായ വിഭവങ്ങളുടെ സമാഹരണസാദ്ധ്യതകളും നിർദ്ദേശിച്ചിട്ടുള്ള ഈ രേഖ ചരിത്രത്തിന്റെ വിലപ്പെട്ട ഭാഗമായിത്തീരുമെന്നതിൽ തർക്കമില്ല.

വിനയത്തോടെ,

ജനകീയാസൂത്രണസമിതി
പുളിമാത്ത് പഞ്ചായത്ത്.


എല്ലാ നല്ലവരായ
നാട്ടുകാർക്കും
പുളിമാത്ത് ഗ്രാമപഞ്ചായത്ത്
സമ്പൂർണ്ണ വികസന
സമിതിയുടെ
സുസ്വാഗതാശംസകൾ